# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2020 ജൂലൈ 16 | ദീപം 53 | നാളം 11 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.com





# പിടിമുറുക്കി കൊവിഡ് ഞെരിഞ്ഞമർന്ന് ഇന്ത്യ

**പണ്ടൊക്കെ പ്രവാസി നാട്ടിൽ വരുന്നു എന്നു കേട്ടാൽ കൈയിൽ പൂച്ചെണ്ടും പൂമാലയുമായി സ്വീകരിക്കാൻ കാത്തുനിൽക്കുമായിരുന്നു സ്വന്തക്കാരും സുഹൃത്തുക്കളും. ഇന്നു പ്രവാസി എന്നു കേൾക്കുമ്പോൾ കൈയിൽ കല്ലുമായാണ് ജനം നിൽക്കുന്നത്. സ്വന്തം വീട്ടിലേക്കു വരുമ്പോൾപോലും വാതിലുകൾ കൊട്ടിയടയ്ക്കപ്പെടുന്നു. കൊറോണ വരുത്തിവച്ച സാമൂഹികമാറ്റം ചെറുതല്ല. ഉറ്റവരാൽ മുറിവേൽക്കപ്പെട്ടതിന്റെ വിങ്ങലും ഉള്ളിൽ പേറിയായിരിക്കും പല പ്രവാസിയുടെയും ഇനിയുള്ള ജീവിതം.**



■ **ഇഗ്നേഷ്യസ് കലയന്താനി**

ഇന്ത്യയിൽ കൊവിഡ് വ്യാപനം രൂക്ഷമാവുകയാണ്. രോഗബാധിതരുടെ എണ്ണം കുതിച്ചുയരുന്നതിനൊപ്പം മരണവും ഏറുകയാണ്. രോഗികളുടെ എണ്ണം എട്ടുലക്ഷം പിന്നിട്ടിരിക്കുന്നു. തമിഴ്നാട്ടിലും മഹാരാഷ്ട്രയിലും ഡൽഹിയിലും കൊറോണ പിടിമുറുക്കിക്കഴിഞ്ഞു. ഏതു നിമിഷവും ഒരു അതിവേഗരോഗവ്യാപനമുണ്ടായേക്കാമെന്ന ഭീതിയിലാണ് രാജ്യം ഇന്ന്.

കേരളത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. ഉറവിടം അറിയാത്ത സമ്പർക്കരോഗികളുടെ എണ്ണം പെരുകിയതോടെ ജനങ്ങളിൽ ആശങ്ക വർദ്ധിച്ചു. തിരുവനന്തപുരത്ത് സമൂഹവ്യാപനമുണ്ടായി എന്ന സംശയത്തെത്തുടർന്ന് നഗരത്തിൽ ട്രിപ്പിൾ ലോക്ഡൗൺ പ്രഖ്യാപിച്ചിരിക്കയാണ്. എറണാകുളം ജില്ലയിൽ സമ്പർക്കത്തിലൂടെയുള്ള കൊവിഡ് കേസുകൾ വർദ്ധിച്ചതോടെ സമൂഹവ്യാപനത്തിന്റെ വക്കിലെത്തി എന്ന നിഗമനത്തിലാണ് ആരോഗ്യവകുപ്പ്.

ആരോഗ്യപ്രവർത്തകരുടെയും പോലീസിന്റെയും അശ്രാന്തപരിശ്രമത്തിലൂടെ ലോക്ഡൗൺ കാലത്ത് ഒരു പരിധിവരെ നമ്മൾ പിടിച്ചുകെട്ടിയ കൊറോണ പിന്നീടു തിരിച്ചുവന്നത് പ്രവാസികളോടൊപ്പം വിദേശത്തുനിന്നാണ്. കൊവിഡ് ഭീതിയിൽ വിമാനസർവീസ് നിർത്തിവച്ചതിനാൽ നാട്ടിലേക്കു വരാൻ മാർഗ്ഗമില്ലാതെ ആയിരക്കണക്കിനു പ്രവാസികൾ രണ്ടു മാസത്തോളം വിദേശരാജ്യങ്ങളിൽ കുടുങ്ങിപ്പോയി. ഇതിനിടയിൽ പതിനായിരങ്ങൾ അവിടെ കൊവിഡിന്റെ പിടിയിലായി. നല്ല ചികിത്സയോ പരിചരണമോ ലഭിക്കാതെ നൂറുകണക്കിനു മലയാളികൾക്കു ജീവൻ വെടിയേണ്ടിയും വന്നു. നാട്ടിലുള്ള ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ ഭൗതികദേഹം അവസാനമായി ഒന്നു കാണാനുള്ള അവസരം പോലും നിഷേധിക്കപ്പെട്ട് പലർക്കും വിദേശമണ്ണിൽ അലിഞ്ഞുചേരേണ്ടിവന്നു.

ഈ സാഹചര്യത്തിലാണ് പ്രവാസികൾ ജന്മനാട്ടിലേക്കു മടങ്ങാൻ തിരക്കു കൂട്ടിയത്. സമ്മർദ്ദം ശക്തമായപ്പോൾ സർക്കാർ ചാർട്ടേർഡ് വിമാനങ്ങളിൽ അവരെ നാട്ടിലേക്കു കൊണ്ടുവന്ന് ഇവിടെ ക്വാറന്റൈനിലാക്കി. ക്വാറന്റൈൻ ലംഘിച്ചു ചിലരൊക്കെ ഒളിച്ചും പാത്തും നാട്ടിലിറങ്ങി കറങ്ങിയതോടെ കാര്യങ്ങൾ വഷളായി.

▶12



# തുടങ്ങിയൊടുങ്ങുന്ന വിദ്യാഭ്യാസപരിഷ്കാരങ്ങൾ

**ശാസ്ത്രസാങ്കേതിക വെപ്രാളത്തിൽപ്പെട്ടുപോയ നമ്മുടെ വിദ്യാഭ്യാസധുരന്ധരന്മാർ കലയും സാഹിത്യവുമൊക്കെ അന്യംനിന്നുപോകാതിരിക്കാനുംകൂടി ശ്രദ്ധിച്ചിരുന്നെങ്കിൽ എന്നാശിച്ചുപോകുന്നു. പൊളിറ്റിക്സ് രാഷ്ട്രീയപാർട്ടികൾക്ക് തീറെഴുതിക്കൊടുക്കുന്നത് ആശാസ്യമായി തോന്നുന്നില്ല. അതുപോലെ, ചരിത്രം വർഗീയശക്തികൾക്കും രാഷ്ട്രീയപാർട്ടികൾക്കും പൊതുസ്വത്തായി വിട്ടുകൊടുക്കുന്നതും ശരിയാണെന്നു തോന്നുന്നില്ല. ഇവയെല്ലാം സംയോജിപ്പിച്ചുകൊണ്ടും സമന്വയിപ്പിച്ചുകൊണ്ടും ആദർശശുദ്ധിയും ധാർമികചിന്തയും നീതിബോധവും സത്യസന്ധതയും ആത്മാർത്ഥതയും അർപ്പണബുദ്ധിയുമൊക്കെയുള്ള തലമുറയ്ക്കു രൂപം നൽകുന്ന വിദ്യാഭ്യാസപദ്ധതിയാണു നമ്മൾ വിഭാവനം ചെയ്യേണ്ടത്.**



■ **ഡോ. തോമസ് മൂലയിൽ**

സ്വതന്ത്രഭാരതം അഭിമുഖീകരിച്ച പ്രധാന പ്രശ്നങ്ങളിലൊന്ന് 1835-ൽ മെക്കാളെ പ്രഭു തുടങ്ങിവച്ച ബ്രിട്ടീഷ് വിദ്യാഭ്യാസസമ്പ്രദായത്തെ മറികടക്കുക എന്നതായിരുന്നു. 1948-ലെ രാധാകൃഷ്ണ കമ്മീഷൻ, 1952-53 ലെ മുതലിയാർ കമ്മീഷൻ, 1964-66 ലെ കോത്താരി കമ്മീഷൻ എന്നിവയെല്ലാം വളരെ വിലപ്പെട്ട നിർദ്ദേശങ്ങളാണു മുമ്പോട്ടുവച്ചത്. വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് അതു വഴിതെളിക്കുകയും ചെയ്തു. തുടർന്നും, കേന്ദ്ര-സംസ്ഥാനസർക്കാരുകൾ പല കമ്മീഷനുകളും കൗൺസിലുകളും രൂപീകരിച്ചിട്ടുണ്ട്. പല നല്ല നിർദ്ദേശങ്ങളും വരികയും ചിലതെല്ലാം നടപ്പിലാക്കുകയും മറ്റു ചിലതെല്ലാം അമ്പേ പരാജയപ്പെടുകയും ചെയ്തിട്ടുണ്ട്. ഏതായാലും, മാറിമാറിവരുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ കൗൺസിലുകളും കമ്മീഷനുകളും സ്ഥാനത്തും അസ്ഥാനത്തും, വീണ്ടും വീണ്ടും നിയോഗിച്ചുകൊണ്ടിരിക്കുന്നു.

ഇത്തരത്തിലുള്ള ഒരു സമിതിയുടെ രൂപീകരണം സംബന്ധിച്ചുള്ള പത്രവാർത്ത ജൂൺ 12-ാം തീയതി ഉണ്ടായിരുന്നു. വാർത്ത ഇങ്ങനെ: "സംസ്ഥാനത്തെ സർവകലാശാലകളിലെ പരീക്ഷാനടത്തിപ്പിൽ അടിമുടി മാറ്റം വരുത്തി പൊതുനയം രൂപവത്കരിക്കാൻ ഉന്നതവിദ്യാഭ്യാസകൗൺസിൽ തീരുമാനിച്ചു. വിദ്യാർത്ഥികളുടെ പഠനഭാരവും പരീക്ഷാഭാരവും കുറയ്ക്കുകയാണു ലക്ഷ്യം.


▶09

# അവസാനംവരെ സ്നേഹിക്കുക



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

5




**ക**ർദ്ദിനാൾ സറായുടെ സാമാന്യം ദീർഘമായ ലേഖനത്തിനു നല്കിയിരിക്കുന്ന ശീർഷകം 'അവസാനംവരെ സ്നേഹിക്കുക' എന്നാണ് (യോഹന്നാൻ 13,1). ആർസിലെ വികാരി ജോൺ മരിയ വിയാനി പറഞ്ഞു: "പൗരോഹിത്യം ഈശോയുടെ ഹൃദയത്തിലെ സ്നേഹമാണ്." തർക്കങ്ങൾക്കോ ആശയസംഘട്ടത്തിനോ ഒന്നും വിഷയമാക്കേണ്ട കാര്യമല്ലിത്. നൈയാമിക കാര്യമായോ അജപാലനസൗകര്യമായോ മാത്രം കാണേണ്ട ഒന്നല്ല പൗരോഹിത്യമെന്ന ദിവ്യരഹസ്യം. ഭയത്തോടും വിറയലോടുംകൂടി പരിശുദ്ധ റൂഹായെ വിളിച്ചപേക്ഷിച്ചുകൊണ്ട് പഠനവിഷയമാക്കേണ്ട കാര്യമാണ് വൈദികബ്രഹ്മചര്യമെന്ന് കർദ്ദിനാൾ സറാ ആമുഖമായി പ്രസ്താവിക്കുന്നു.

ആമസോൺ സിനഡ് അവസാനിച്ച് ഒരു മാസം കഴിയുമ്പോഴാണ് (2019 നവംബർ 25) കർദ്ദിനാൾ സറാ ഈ പഠനം എഴുതി പൂർത്തിയാക്കുന്നത്. ആമസോണിലെ സഭയിൽ വിവാഹിതരായ ഡീക്കന്മാർക്ക് തിരുപ്പട്ടം നൽകണമെന്ന നിർദ്ദേശം വോട്ടിനിട്ടപ്പോൾ 128 പേർ അനുകൂലിക്കുകയും 41 പേർ എതിർക്കുകയും ചെയ്തു. സ്ത്രീകൾക്കു ഡീക്കൻപട്ടം നല്കുന്നതിനെപ്പറ്റിയുള്ള നിർദ്ദേശത്തിന് 137 പേർ അനുകൂലമായും 30 പേർ പ്രതികൂലമായും വോട്ടു രേഖപ്പെടുത്തി.

വിവാഹിതർക്ക് തിരുപ്പട്ടം നല്കുവാനുള്ള സാധ്യത അനുവദിച്ചാൽ അത് അജപാലനപരമായ മഹാദുരന്തവും സഭാവിജ്ഞാനീയപരമായ വലിയ ആശയക്കുഴപ്പവും പൗരോഹിത്യത്തെ മനസ്സിലാക്കുന്നതിൽ അപകടകരമായ അവ്യക്തതയും സൃഷ്ടിക്കുമെന്ന് കർദ്ദിനാൾ സറാ നിസ്സംശയം പ്രസ്താവിക്കുന്നു.

കർത്താവിനുവേണ്ടിയും മനുഷ്യരക്ഷയ്ക്കായും തന്നെത്തന്നെ നല്കാനുള്ള ആഗ്രഹത്തിന്റെ പ്രകാശനമാണ് ബ്രഹ്മചര്യം. ദൈവത്തിന് തന്നെത്തന്നെ മുഴുവനായും നല്കിയാലേ തന്റെ സഹോദരങ്ങൾക്കായി തന്നെത്തന്നെ പൂർണ്ണമായും സമർപ്പിക്കുവാൻ ഒരു വൈദികനു സാധിക്കൂ.

ഈ ബോധ്യത്തിന് അടിസ്ഥാനം കർദ്ദിനാളിന്റെതന്നെ ജീവിതാനുഭവങ്ങളാണ്. ആഫ്രിക്കാ ഭൂഖണ്ഡത്തിന്റെ പടിഞ്ഞാറേഭാഗത്ത് കടൽത്തീരത്തായുള്ള പല ചെറിയ രാജ്യങ്ങളിലൊന്നായ ഗിനേ റിപ്പബ്ലിക്കിലാണ് 1945 ൽ കാർഡിനൽ റോബർട്ട് സറാ ജനിച്ചത്. വനാന്തരങ്ങളിലുള്ള അവരുടെ ഗ്രാമങ്ങളിൽ കത്തോലിക്കാവിശ്വാസമെത്തിച്ച ഫ്രഞ്ചു മിഷനറിവൈദികരെ അദ്ദേഹം പ്രത്യേകം സ്മരിക്കുന്നുണ്ട്. അവർ ബ്രഹ്മചര്യം സ്വീകരിച്ച വൈദികരല്ലായിരുന്നെങ്കിൽ ഒരിക്കലും അവിടെ എത്തുകയോ അവിടെത്തന്നെ ജീവിച്ചു മരിക്കുകയോ ചെയ്യുമായിരുന്നില്ല. കർദ്ദിനാൾ സറായ്ക്ക് രണ്ടു വയസ്സുള്ളപ്പോഴാണ് അദ്ദേഹത്തിന്റെ പിതാവ് ക്രിസ്തുമതം സ്വീകരിക്കുന്നത്. അങ്ങനെ ഒരു ശൈശവസഭയിൽ നാട്ടുകാരനായ ഒരു വിവാഹിതനെ പുരോഹിതനാക്കിയിട്ട് നിർത്തി. അങ്ങനെ ഒരു ഗ്രാമത്തിൽ സഭയെ മണവാട്ടിയായി സ്വീകരിച്ച, കർത്താവിന്റെ സ്ഥാനം വഹിക്കുന്ന ഒരു പുരോഹിതനെത്തുമ്പോൾ ഉണ്ടാകുന്ന ആനന്ദത്തിന്റെ വിസ്ഫോടനം അനുഭവിച്ചറിഞ്ഞവർക്ക് വൈദികബ്രഹ്മചര്യം ഭാരമായി അനുഭവപ്പെടുകയില്ല. എത്ര വലിയ ഉത്സവമാണതെന്ന് കർദ്ദിനാൾ വിവരിക്കുന്നുണ്ട്.

ജപ്പാനിൽനിന്നുള്ള ഹൃദയസ്പർശിയായ ഒരു സംഭവം കർദ്ദിനാൾ വിവരിക്കുന്നുണ്ട്. 1549 ൽ വി. ഫ്രാൻസീസ് സേവ്യർ ആരംഭിച്ച സഭയിൽ താമസിയാതെതന്നെ ക്രൂരമായ ഒരു മതപീഡനം പൊട്ടിപ്പുറപ്പെട്ടു. രണ്ടു നൂറ്റാണ്ടുകാലം ജപ്പാനിൽ വൈദികരില്ലായിരുന്നു. പക്ഷേ, വിശ്വാസക്കൈമാറ്റവും മാമ്മോദീസായും നിലയ്ക്കുവാൻ ഇടവന്നില്ല. തലമുറതലമുറയായി അവർ പഠിച്ചുവച്ച ഒരു കാര്യമുണ്ട്. എന്നെങ്കിലും വൈദികൻ അവരുടെയിടയിൽ എത്തിയാൽ മൂന്ന് അടയാളങ്ങൾകൊണ്ട് തിരിച്ചറിയാമെന്ന്. ഒന്ന്, അവർ ബ്രഹ്മചാരികളായിരിക്കും. രണ്ട്, അവരുടെ പക്കൽ മാതാവിന്റെ തിരുസ്വരൂപം ഉണ്ടാകും. മൂന്ന്, അവർ റോമിലെ പാപ്പായെ അനുസരിക്കുന്നവരാകും.



മിഷനറിമാർ പിൻവലിഞ്ഞിരുന്നെങ്കിലത്തെ സ്ഥിതി അചിന്ത്യമെന്നാണ് കർദ്ദിനാൾ ഈ ലേഖനത്തിൽ പറയുന്നത്. ആ മിഷനറിമാരുടെ വീരോചിതജീവിതമാണ് തന്റെ ദൈവവിളിക്കുള്ള പ്രചോദനമെന്നും അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്.

ആമസോണിലെ തദ്ദേശവാസികൾക്ക് ബ്രഹ്മചര്യം മനസ്സിലാകില്ലെന്ന വാദത്തിനു മറുപടിയാണ് മേല്പറഞ്ഞ അനുഭവസാക്ഷ്യം.

കർദ്ദിനാൾ സറായുടെ അനുഭവത്തിൽനിന്നുരുത്തിരിയുന്ന മറ്റൊരു സാക്ഷ്യംകൂടി ഇവിടെ പ്രതിപാദിക്കട്ടെ. 1974ൽ യുവവൈദികനായ റോബർട്ട് സറാ തന്റെ നാട്ടിലെ ഗ്രാമങ്ങളിലൂടെ സഞ്ചരിച്ചു. ഗിനേയിലെ സ്വേച്ഛാധിപതിയായ സെകുതുരേ (Se'kou Toure') 1967ൽ വിദേശമിഷനറിമാരെ എല്ലാം പുറത്താക്കിയിരുന്നതുകൊണ്ട് പത്തുകൊല്ലംവരെ ഒരു വൈദികനെത്താത്ത ഗ്രാമങ്ങളുണ്ടായിരുന്നു. എന്നിട്ടും അവർ അനുദിനം പ്രാർത്ഥിച്ചും ജപമാലയർപ്പിച്ചും വിശ്വാസം നിലനിർത്തി.

പൗരോഹിത്യബ്രഹ്മചര്യത്തിൽ ജീവിക്കുവാൻ വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും ആവശ്യകത ഊന്നിപ്പറഞ്ഞശേഷം പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പായോട് കർദ്ദിനാൾ സറാ അപേക്ഷിക്കുകയാണ്, "താഴ്മയോടെ ഞാൻ കേണപേക്ഷിക്കുന്നു. ഫ്രാൻസീസ് പാപ്പായേ, പൗരോഹിത്യബ്രഹ്മചര്യം എന്ന സഭാനിയമത്തിനു യാതൊരു മാറ്റവും പ്രാദേശികമായിപ്പോലും വരുത്താതിരിക്കുവാൻ ഖണ്ഡിതമായ തീരുമാനം അങ്ങ് എടുക്കണമേ." 2019 ജനുവരി മാസം പനാമയിൽനിന്നു തിരിച്ചുവരുമ്പോൾ വി. പൗലോസ് ആറാമന്റെ വാക്കുകൾ ഫ്രാൻസീസ് പാപ്പാ ഉദ്ധരിച്ച കാര്യവും ഓർമ്മിപ്പിച്ചു 'ഈ നിയമം മാറ്റുന്നതിലും മരണം വരിക്കാനാണ് ഞാനിഷ്ടപ്പെടുന്നത്' എന്നായിരുന്നു വി. പൗലോസ് ആറാമന്റെ വാക്കുകൾ. □

# പ്രകൃതിസൗഹൃദ ജീവിതസംസ്കാരം

## ഹരിതപാഠം 27



മാർ ജേക്കബ് മുരിക്കൻ

**മ**നുഷ്യജീവിതം പ്രകൃതിയുമായി അഭേദ്യമായി ചേർന്നിരിക്കുന്നതാണ്. പ്രകൃതിയിൽനിന്ന് അകലുന്തോറും മനുഷ്യജീവിതം രോഗഗ്രസ്തമാകുകയും പ്രകൃതിയുടെ സന്തുലിതാവസ്ഥ തകിടംമറിയുകയും ചെയ്യുന്നു. അതിന്റെ പരിണതഫലമായി പ്രകൃതിയെ മനുഷ്യൻ നശിപ്പിക്കുന്നു. ഈ കാലഘട്ടത്തിൽ നാം നേരിടുന്ന കൊറോണവൈറസ് രോഗവ്യാപനം പ്രകൃതിയിൽനിന്നുള്ള മനുഷ്യന്റെ അകൽച്ചയുടെ ഒരു അനന്തരഫലമാണ്. അതുകൊണ്ട് പ്രകൃതിസൗഹൃദജീവിതശൈലി പ്രായോഗികമാക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണ്. കേരള സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്ന ഹരിതകേരള മിഷൻ ഈ ദിശയിൽ സവിശേഷപ്രാധാന്യമർഹിക്കുന്നു. ഈവിധമുള്ള പദ്ധതികളുടെ വിജയം എല്ലാവരുടെയും കൂട്ടായ സഹകരണത്തിലാണു നിലകൊള്ളുന്നത്. മാലിന്യസംസ്കരണം പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. മാലിന്യത്തിന്റെ അളവു കുറയ്ക്കുക, മാലിന്യം ഉറവിടത്തിൽ തരംതിരിക്കുക, പുനഃചംക്രമണം സാധ്യമായ വസ്തുക്കൾ മാത്രം ഉപയോഗിക്കുക, പുനരുപയോഗം സാധ്യമായ വസ്തുക്കൾ പരമാവധി ഉപയോഗിക്കുക, സാധാരണജീവിതത്തിൽ സ്ഥിരംകാഴ്ചയായ ഡിസ്പോസിബിൾ സാധനങ്ങൾക്കുപകരം കഴുകിയുപയോഗിക്കാവുന്ന പ്രകൃതിദത്ത വസ്തുക്കൾ പ്രചരിപ്പിക്കുക - ഈ ദിശയിൽ സ്റ്റീൽ, ചില്ല്, സെറാമിക് പാത്രങ്ങൾ, മൺപാത്രങ്ങൾ തുണിസഞ്ചികൾ, എന്നിവ പുനരുദ്ധരിക്കുക.

ജൈവ-അജൈവമാലിന്യങ്ങൾ തരംതിരിച്ച് പുനഃചംക്രമണവും പുനരുപയോഗവും എല്ലാം സാധ്യമാക്കുന്ന ജീവിതക്രമത്തിലേക്കു കാര്യമായി നാം പ്രവേശിക്കണം. എല്ലാം വലിച്ചെറിയുക എന്നത് ഇനി മുന്നോട്ടു സാധ്യമല്ല. ജൈവമാലിന്യം വളമോ ബയോഗ്യാസോ ആക്കി മാറ്റണം. അജൈവ വസ്തുക്കൾ പുനഃചംക്രമണത്തിനായി തയാറാക്കി സൂക്ഷിക്കുന്ന സംസ്കാരവും വളർത്തിയെടുക്കണം. ഒറ്റത്തവണ ഉപയോഗിച്ചു വലിച്ചെറിയുന്ന വസ്തുക്കളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് എല്ലാവരും പരിശ്രമിക്കണം.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾവഴിയും പാഴ്വസ്തുക്കൾ കൈകാര്യം ചെയ്യുന്ന വ്യാപാരികൾ, കമ്പനികൾ എന്നിവവഴിയും പുനഃചംക്രമണം സാധ്യമാക്കണം. ഇ-മാലിന്യങ്ങളും പ്രത്യേകം സംഭരിച്ച് യഥാസമയം അതു നിശ്ചയിക്കപ്പെടുന്ന സംരംഭങ്ങൾക്കു കൈമാറണം. പ്ലാസ്റ്റിക് പായകൾ, ചവിട്ടികൾ, വിരിപ്പുകൾ എന്നിവയ്ക്കുപകരം ഈറ്റ, മുള, കയർ എന്നിവയിൽ നിർമ്മിതമായ വസ്തുക്കൾ ഉപയോഗിക്കണം. ഇന്നു വ്യാപകമായി ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ബാനറുകൾ, ഫ്ളക്സുകൾ എന്നിവയ്ക്കുപകരം തുണിയും ഓലകളുംപോലുള്ള പ്രകൃതിദത്തരീതികൾ അവലംബിക്കണം. പ്ലാസ്റ്റിക് പൂക്കൾ ഉപയോഗിച്ചുള്ള അലങ്കാരങ്ങൾ ഒഴിവാക്കി പ്രകൃതിദത്ത പൂക്കളും ഇലകളും ഉപയോഗിക്കുന്നതു പ്രോത്സാഹിപ്പിക്കണം. മറ്റു സ്ഥലങ്ങളിൽനിന്നു വൻതുക മുടക്കി പൂക്കൾ കൊണ്ടുവന്ന് ഉപയോഗിക്കുന്നതിനുപകരം നാട്ടിലുള്ളവതന്നെ ഉപയോഗപ്പെടുത്തുക.



□

# ദലൈലാമ @ 85




പ്രഫ. റോണി കെ. ബേബി

**ബു**ദ്ധമതവിശ്വാസികളുടെ ആത്മീയാചാര്യനും ചൈനയുടെ അധിനിവേശരാഷ്ട്രീയത്തിന്റെ ജീവിക്കുന്ന ഉദാഹരണവുമായ ടിബറ്റൻ ആത്മീയ നേതാവായ ദലൈലാമയ്ക്ക് 85 വയസ്സ് പിന്നിടുകയാണ്. ലോകത്ത് എല്ലായിടത്തുമുള്ള ടിബറ്റൻ ബുദ്ധവംശജർക്ക് ആത്മീയമായ നേതൃത്വം നൽകുന്ന വ്യക്തിയെയാണ് ദലൈലാമ എന്നു വിളിക്കുന്നത്. ഇപ്പോൾ നിലവിലുള്ളത് പതിന്നാലാമത്തെ ദലൈലാമയായ ടെൻസിൻ ഗ്യാറ്റ്സോ ആണ്. ഇദ്ദേഹത്തിന്റെ മുഴുവൻ പേര് ജെറ്റ്സൻ ജാംഫെൽ ങവാങ് ലൊബ്സാങ് യെഷി ടെൻസിൻ ഗ്യാറ്റ്സോ എന്നാണ്. ടിബറ്റൻ ബുദ്ധവിശ്വാസം ദലൈലാമയുടെ ആത്മാവ് മരണശേഷം മറ്റൊരു കുട്ടിയിലൂടെ പുനർജനിക്കുമെന്നാണ്. 1935ൽ ജനിച്ച ഇപ്പോഴത്തെ ദലൈലാമയെ അദ്ദേഹത്തിന്റെ രണ്ടാമത്തെ വയസിലാണ് പുനരവതാരമായി കണ്ടെത്തിയത്. ടിബറ്റൻ വംശജരുടെ പാരമ്പര്യവിശ്വാസപ്രകാരം രാജ്യം മുഴുവൻ നടത്തിയ തിരച്ചിലിനൊടുവിൽ ഗ്യാറ്റ്സിൻ പതിമ്മൂന്നാം ദലൈലാമയുടെ പുനർജന്മമാണെന്ന് തിരിച്ചറിയുകയും 1940 ഫെബ്രുവരി 22-ന് ബാലനെ പുതിയ ലാമയായി വാഴിക്കുകയും ചെയ്തു.

കമ്യൂണിസ്റ്റ്രാജ്യമായതിനു തൊട്ടുപിന്നാലെ 1949 ൽ ചൈന ടിബറ്റ് കീഴടക്കിയതിനെത്തുടർന്ന് ഇരുപത്തിനാലാം വയസ്സിൽ 1959 ൽ ടെൻസിൻ ഗ്യാറ്റ്സോ സ്വന്തം രാജ്യത്തുനിന്നു പലായനം ചെയ്യുകയും ഇന്നും അഭയാർത്ഥിയായി ഇന്ത്യയിൽ കഴിയുകയും ചെയ്യുകയാണ്. 1962 ൽ ചൈന ഇന്ത്യയെ ആക്രമിച്ചതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഇന്ത്യ ദലൈലാമയ്ക്ക് അഭയം നൽകിയ നടപടി ആണെന്ന് പരക്കെ വിശ്വസിക്കപ്പെടുന്നു. ഇന്ന് ദലൈലാമയുടെ നേതൃത്വത്തിലുള്ള ടിബറ്റൻ പ്രവാസി സർക്കാർ പ്രവർത്തിക്കുന്നത് ഇന്ത്യയിലെ ധർമ്മശാല എന്ന സ്ഥലത്താണ്. ദലൈലാമയ്ക്കൊപ്പം ഒന്നരലക്ഷം ടിബറ്റൻ ബുദ്ധമതവിശ്വാസികളും ഇന്ന് ഇന്ത്യയിലുണ്ട്. വിഘടനവാദിയെന്നാണ് ചൈന ദലൈലാമയെ വിശേഷിപ്പിക്കുന്നത്. ചൈനയെ വിഭജിക്കാനുള്ള ആശയങ്ങളാണ് എക്കാലവും അദ്ദേഹം നടപ്പിലാക്കുന്നതെന്ന് ചൈന ആരോപിക്കുന്നു. ഇന്ത്യാ - ചൈന സംഘർഷത്തിന്റെയും ഏറ്റുമുട്ടലിന്റെയും പ്രധാന വിഷയങ്ങളിലൊന്ന് ഇന്ത്യ ദലൈലാമയോടു കാണിക്കുന്ന അനുകൂലസമീപനമാണ്. 2016-ൽ രാഷ്ട്രപതിയായിരുന്ന പ്രണബ് മുഖർജി ദലൈലാമയെ രാഷ്ട്രപതി ഭവനിലേക്കു ക്ഷണിച്ച് ആദരിച്ചിരുന്നു. ഇതിനെതിരേ അന്നു ചൈന വലിയ പ്രതിഷേധമാണുയർത്തിയത്.

ഇപ്പോൾ ലഡാക്കിൽ ഇന്ത്യാ - ചൈന അതിർത്തിത്തർക്കം തുടരുന്നതിനിടെ ടിബറ്റൻ ആത്മീയ നേതാവായ ദലൈലാമയ്ക്ക് ഭാരതരത്ന നൽകണമെന്ന ആവശ്യം പല കോണുകളിലുംനിന്ന് ഉയരുന്നുണ്ട്. ചൈനയുടെ ടിബറ്റൻ അധിനിവേശത്തിന്റെ പ്രതീകമായ ദലൈലാമയ്ക്ക് ഇന്ത്യയുടെ പരമോന്നത സിവിലിയൻ പുരസ്കാരമായ ഭാരതരത്ന നൽകുകവഴി അതിർത്തിത്തർക്കത്തിൽ ചൈനയ്ക്ക് കൃത്യമായ സന്ദേശം നൽകാൻ കഴിയുമെന്നാണ് ഇതിനെ പിന്തുണയ്ക്കുന്നവർ പറയുന്നത്. മുൻ വിദേശകാര്യ സെക്രട്ടറിയായ നിരുപമ റാവുവും ദലൈലാമയ്ക്ക് ഭാരതരത്ന നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ചരിത്രകാരനായ രാമചന്ദ്ര ഗുഹ, മുൻ ബംഗാൾ ഗവർണർ ഗോപാൽ കൃഷ്ണ ഗാന്ധി, ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ തുടങ്ങിയവരും ഇതേ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. 20 ഇന്ത്യൻ സൈനികരുടെ ജീവത്യാഗത്തോളം എത്തിയ ലഡാക്കിലെ സംഘർഷസമാനമായ സാഹചര്യം ഇല്ലാതാക്കാൻ സൈനിക - നയതന്ത്ര ചർച്ചകളിലൂടെ ഇരുരാജ്യങ്ങളും ശ്രമിക്കുന്നതിനാൽ ചൈനയെ പ്രകോപിപ്പിക്കുന്ന ഒരു തീരുമാനം ഉടൻ വേണ്ടെന്ന അഭിപ്രായവും പൊതുവേയുണ്ട്.

ദലൈലാമയുടെ പിൻഗാമിയെക്കുറിച്ചും ചൈനയുമായി രൂക്ഷമായ തർക്കം നിലവിലുണ്ട്. മരണശേഷം തന്റെ പിൻഗാമി ഇന്ത്യയിൽനിന്നാവാമെന്നുള്ള ദലൈലാമയുടെ അഭിപ്രായത്തെ ചൈന അംഗീകരിച്ചിട്ടില്ല. ദലൈലാമയുടെ പിൻഗാമിയെ തീരുമാനിക്കാൻ തങ്ങൾക്ക് അധികാരമുണ്ടെന്നു ചൈന നേരത്തേ പറഞ്ഞിരുന്നു. “ഭാവിയിൽ രണ്ട് ദലൈലാമാര് ഉണ്ടാവുകയാണെങ്കിൽ ഒരാൾ ഇവിടെ നിന്നും മറ്റൊന്ന് ചൈന തിരഞ്ഞെടുത്തതും. ചൈനയുടെ പ്രതിനിധിയെ ആരും വിശ്വസിക്കുകയില്ല. ചൈനയ്ക്ക് അതൊരു അധിക പ്രശ്നമാവും. അങ്ങനെ സംഭവിക്കാൻ സാധ്യതയുണ്ട്.” ദലൈലാമ പറയുന്നു.



ദലൈലാമയുടെ ആത്മകഥയായ ’മൈ ലാൻഡ് ആൻഡ് മൈ പീപ്പിൾ’ മലയാളം ഉൾപ്പടെ അനേകം ഭാഷകളിലേക്കു തർജ്ജമ ചെയ്തിട്ടുണ്ട്. ഈ പുസ്തകത്തിൽ ടിബറ്റിനെക്കുറിച്ചും ചൈനയുമായുള്ള ബന്ധത്തെക്കുറിച്ചും ദലൈലാമ രേഖപ്പെടുത്തിയിട്ടുള്ളത് ഇങ്ങനെയാണ്: “ചരിത്രപരമായി ടിബറ്റ് ചൈനയുടെ ഭാഗമായിരുന്നില്ല. എങ്കിലും ചരിത്രം പിടിച്ചു തർക്കിക്കാനൊന്നും ഞാനില്ല. ഇന്നു ഞാൻ ആവശ്യപ്പെടുന്നത് ടിബറ്റിന്റെ സ്വാതന്ത്ര്യമല്ല. സൈന്യവും വിദേശകാര്യവും ബെയ്ജിങ് തന്നെ കൈകാര്യം ചെയ്തുകൊള്ളട്ടെ. ടിബറ്റുകാർക്ക് ശുദ്ധമായ സ്വയംഭരണം വേണം. അതാണ് മൗലികം.” ആറു പതിറ്റാണ്ടായി ഇന്ത്യ - ചൈന ബന്ധത്തിലെ തർക്കവിഷയമായ തിബറ്റും ദലൈലാമയും ഇനിയും അങ്ങനെതന്നെ തുടരാനാണ് എല്ലാ സാധ്യതകളും.

1989-ൽ ദലൈലാമയ്ക്ക് സമാധാനത്തിനുള്ള നോബേൽ സമ്മാനം നൽകുകവഴി അദ്ദേഹത്തിന്റെ ചൈനാവിരുദ്ധ -അധിനിവേശവിരുദ്ധ നിലപാടുകളെ ലോകം അംഗീകരിക്കുകയാണ് ചെയ്തത്. അദ്ദേഹത്തിന്റെ ആത്മീയവശത്തേക്കാൾ ഏറെ പ്രസക്തിയുള്ളതും ഭാവിയിൽ പ്രസക്തമാകുന്നതും ഇതുതന്നെയാണ്.

■

# സുവിശേഷപ്രഘോഷകൻ മലാവിയുടെ പുതിയ പ്രസിഡന്റ്




ലിലോംഗ്വേ: ആഫ്രിക്കൻ രാജ്യമായ മലാവിയിലെ ഏറ്റവും വലിയ ക്രിസ്ത്യൻ വിഭാഗങ്ങളിലൊന്നായ ‘മലാവി അസംബ്ലീസ് ഓഫ് ഗോഡ്’ന്റെ മുൻ അധ്യക്ഷൻ ലസാറസ് ചക്വേര, മലാവിയുടെ പുതിയ പ്രസിഡന്റായി സത്യപ്രതിജ്ഞ ചെയ്തു. നിലവിലെ പ്രസിഡന്റ് പീറ്റർ മുതാരിക്കയെ പരാജയപ്പെടുത്തിയാണ് അദ്ദേഹം അധികാരത്തിലേറിയിരിക്കുന്നത്. ആകെ പോൾ ചെയ്ത 65% വോട്ടിൽ 58% വോട്ടോടെയായിരുന്നു ചക്വേരയുടെ വിജയം. ദൈവസേവനത്തിൽ കർത്തവ്യനിരതനായിരുന്ന താൻ ജനങ്ങളെ സേവിക്കുവാനുള്ള ഈ വിളിയും സ്വീകരിക്കുന്നുവെന്ന് അദ്ദേഹം പ്രതികരിച്ചു.

സുപ്രസിദ്ധ സുവിശേഷകൻ ബില്ലി ഗ്രഹാമിനൊപ്പം നിരവധി വർഷങ്ങൾ സുവിശേഷവേല ചെയ്ത ചക്വേരയെ ബില്ലി ഗ്രഹാമിന്റെ മകൻ ഫ്രാങ്ക്ലിൻ ഗ്രാം ട്വീറ്ററിലൂടെ അനുമോദിച്ചു. അടിയുറച്ച ക്രൈസ്തവവിശ്വാസിയായ പുതിയ പ്രസിഡന്റ് അമേരിക്കയിൽനിന്നു ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. 1996 മുതൽ 2013 വരെ അസംബ്ലീസ് ഓഫ് ഗോഡ് സ്കൂൾ ഓഫ് തിയോളജിയുടെ ചെയർമാനായി അദ്ദേഹം സേവനം ചെയ്തിരുന്നു.

കഴിഞ്ഞ വർഷം മേയ് മാസത്തിൽ നടന്ന വിവാദ തിരഞ്ഞെടുപ്പുഫലത്തെച്ചൊല്ലിയുള്ള തർക്കം തെരുവു പ്രതിഷേധമായി വളർന്നിരുന്നു. തുടർന്നു തിരഞ്ഞടുപ്പുഫലം കോടതി റദ്ദാക്കുകയായിരുന്നു. 13 മാസങ്ങൾ നീണ്ട തെരുവു പ്രതിഷേധങ്ങൾക്കൊടുവിലാണ് പുതിയ തിരെഞ്ഞടുപ്പ് നടന്നത്.

# പുതിയ മതബോധന ഡയറക്ടറിയുമായി വത്തിക്കാൻ

കൂട്ടായ്മയുടെ സംസ്കാരവും സുവിശേഷവും കാലികമായി കൂട്ടിയിണക്കി പുതിയ മതബോധന ഡയറക്ടറി വത്തിക്കാൻ പ്രകാശനം ചെയ്തു. നവസുവിശേഷവത്കരണത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിലാണ് ജൂൺ 25-ാം തീയതി വ്യാഴാഴ്ച വത്തിക്കാൻ പ്രസ് ഓഫീസിൽ നടത്തിയ വാർത്താസമ്മേളനത്തിൽവച്ച് ഡയറക്ടറി പ്രകാശനം ചെയ്തത്.




നവസുവിശേഷവത്കരണത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്രസിഡന്റ് ആർച്ചുബിഷപ് റൈനോ ഫിസിക്കേല പ്രകാശനച്ചടങ്ങിൽ അധ്യക്ഷനായിരുന്നു. 1971 ലും 1997 ലും സഭ പ്രസിദ്ധീകരിച്ചിട്ടുള്ള പൊതുവായ മതബോധനഡയറക്ടറികളുടെ നവീകരിച്ചതും കാലികവുമായ പ്രസിദ്ധീകരണമാണിത്.

ഇംഗ്ലീഷ്, ഇറ്റാലിയൻ, സ്പാനിഷ് ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന മതബോധന ഡയറക്ടറി മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആകെ 300 പേജുകളും 12 അധ്യായങ്ങളുമുണ്ട്. വിശ്വാസം നവമായ രീതിയിൽ കാലികമായി പ്രഘോഷിക്കേണ്ടത് ഇന്നിന്റെ അനിവാര്യതയാണെന്ന വിഷയത്തിലേക്കാണ് പുതിയ ഡയറക്ടറി അനുവാചകരെ നയിക്കുന്നതെന്ന് ആർച്ചുബിഷപ് ഫിസിക്കേല വിശദീകരിച്ചു.

# കത്തുന്ന മുൾപ്പടർപ്പിന്റെ സ്മരണയിൽ






സഞ്ചാരം

ഫാ. ഫിലിപ്പ് ഞരളക്കാട്ട്

ക്രിസ്തുവർഷം മൂന്നാംനൂറ്റാണ്ടിന്റെ മധ്യത്തിൽ ഡേഷിയസ് ചക്രവർത്തി ക്രിസ്ത്യാനികൾക്കെതിരേ മതമർദ്ദനമാരംഭിച്ചു. ഈ കാലഘട്ടത്തിൽ പാലസ്തീനായിലും ഈജിപ്തിലും ഭക്തജീവിതം നയിച്ചിരുന്ന അനാക്രേറ്റുകൾ (സന്ന്യാസികൾ) സീനാമലയിലും സമീപപ്രദേശങ്ങളിലുമെത്തി താമസം തുടങ്ങി. ദൈവം മോശയോടു മുഖാമുഖം സംസാരിച്ച സീനാമലയും സമീപപ്രദേശവും അവരുടെ സന്ന്യാസജീവിതത്തിന് ഏറ്റവും അനുയോജ്യമായ സ്ഥലമായി അവർക്കു തോന്നിയിരിക്കണം. സീനാമലയുടെ താഴെയായി മോശയ്ക്കു കത്തുന്ന മുൾപ്പടർപ്പിൽ ദൈവം പ്രത്യക്ഷപ്പെട്ട സ്ഥലത്ത് അവർ ഒരു ദൈവാലയം നിർമ്മിച്ചു. പരിശുദ്ധ കന്യാമറിയത്തിന് അവർ ആ ദൈവാലയം പ്രതിഷ്ഠിച്ചു. കത്തിയിട്ടും എരിഞ്ഞടങ്ങാത്ത മുൾപ്പടർപ്പിനെ സഭാപിതാക്കന്മാർ കന്യാത്വത്തിന്റെ പ്രതീകമായി കണക്കാക്കിയിരുന്നു. അതുകൊണ്ടാണ് പരി. കന്യാമറിയത്തിന് അവർ ആ ദൈവാലയം പ്രതിഷ്ഠിച്ചത്.

'എതേറിയ' എന്ന തീർത്ഥാടക ക്രിസ്തുവർഷം നാലാം നൂറ്റാണ്ടിൽ ഇവിടെ എത്തിയപ്പോൾ ഏകാന്തസന്ന്യാസികളുടെ അനേകം ഹെർമിറ്റേജുകൾ കണ്ടതായും അവിടെ താമസിച്ചിരുന്ന സന്ന്യാസികൾ ഞായറാഴ്ചദിവസം കത്തുന്ന മുൾപ്പടർപ്പിന്റെ ദൈവാലയത്തിൽ ഒന്നിച്ചുകൂടി വിശുദ്ധകുർബാന അർപ്പിച്ചിരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ദൈവാലയം സംരക്ഷിക്കാനായി ഒരു ഗോപുരവും അവർ നിർമ്മിച്ചു. നാലാം നൂറ്റാണ്ടിൽ സാരസന്മാരുടെ ആക്രമണത്തിന് സീനാ ഇരയായി. എ.ഡി. 304 ലും 400 ലും സാരസന്മാരുടെ ആക്രമണത്തിൽ നിരപരാധികളായ നിരവധി സന്ന്യാസികൾ രക്തസാക്ഷികളായി. എല്ലാ വർഷവും ജനുവരി 14 ന് സീനായിലെ 40 രക്തസാക്ഷികളുടെ തിരുനാൾ സഭ ആചരിക്കുന്നു. റോമാചക്രവർത്തിയായിരുന്ന ജസ്റ്റീനിയൻ സീനായിലുള്ള സന്ന്യാസിനികളുടെ സുരക്ഷയെ മുൻനിർത്തി ചുറ്റും ഉയർന്ന സംരക്ഷണഭിത്തി കെട്ടിയ ഒരു ആശ്രമവും ഒരു ബസ്ലിക്കായും നിർമ്മിച്ചു. ആശ്രമത്തിന്റെ സംരക്ഷണത്തിനായി ചക്രവർത്തി റുമേ


കത്തുന്ന മുൾപ്പടർപ്പിന്റെ ചെടി

നിയായിൽനിന്നും ഈജിപ്തിൽനിന്നുമായി 200 കുടുംബങ്ങളെ കൊണ്ടുവന്ന് ആശ്രമപരിസരത്തു താമസിപ്പിച്ചു. കഴിഞ്ഞ 15 നൂറ്റാണ്ടുകളായി ഈ കുടുംബങ്ങൾ ആശ്രമത്തിന്റെ നിലങ്ങളിൽ കൃഷിയും ആശ്രമത്തോടു ബന്ധ


മോശയുടെ കിണർ

പ്പെട്ട സംരക്ഷണച്ചുമതലയും നോക്കിക്കഴിയുന്നു. ഇസ്ലാമിക അധിനിവേശകാലത്ത് അവരെല്ലാം ഇസ്ലാംമതം സ്വീകരിച്ചു. ആശ്രമപരിസരത്തുതന്നെ അവർക്കായി ഒരു മോസ്കും നിർമ്മിച്ചിട്ടുണ്ട്. ജബൻ മൂസാ- മോശയുടെ കൊടുമുടിയിലും ഒരു മോസ്ക് ഉണ്ടാക്കിയിട്ടുണ്ട്. ആശ്രമത്തിലേക്കുള്ള പ്രവേശനകവാടത്തിനു മുകളിലായി ജസ്റ്റീനിയൻ ചക്രവർത്തിയുടെയും അദ്ദേഹത്തിന്റെ പത്നിയായ തിയഡോറായുടെയും സ്മരണയ്ക്കായി നിർമ്മിക്കപ്പെട്ടത് എന്നെഴുതിയ ഒരു ഫലകവും സ്ഥാപിച്ചിട്ടുണ്ട്.

ആദ്യകാലത്ത് എല്ലാ റീത്തുകളിലുംപെട്ട സന്ന്യാസികൾ ഒരുമിച്ചുതാമസിക്കുകയും തങ്ങളുടെ ആരാധനക്രമങ്ങൾ പാലിക്കുകയും ചെയ്തിരുന്നു. ഗ്രീക്കുസഭ റോമിന്റെ കീഴിൽനിന്നു വേർപിരിഞ്ഞതോടെ ഈ മൊണാസ്ട്രി ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ കീഴിലുള്ള ഒരു ആശ്രമമായി മാറി. ചില ഇസ്ലാമിക് ആക്രമണങ്ങൾക്കും ആശ്രമം വിധേയമായിട്ടുണ്ട്. അതിന്റെ ഫലമായി ധാരാളം സന്ന്യാസികൾ മറ്റു സുരക്ഷിതസ്ഥലങ്ങളിലേക്കു മാറിപ്പോകുകയുണ്ടായി. 1516 ൽ തുർക്കികളും മാമുലൂക്കുകളും തമ്മിലുണ്ടായ യുദ്ധത്തിനിടെ ആശ്രമത്തിലെ സന്ന്യാസിമാരെ പുറത്താക്കി ആശ്രമം പിടിച്ചെടുത്തു. കുറെക്കാലത്തേക്ക് ആശ്രമത്തിൽ ആരുമില്ലാത്ത സ്ഥിതിയുണ്ടായി. ക്രമേണ സന്ന്യാസികൾ എത്തുകയും ആശ്രമജീവിതം നയിച്ചുതുടങ്ങുകയും ചെയ്തു. ഇപ്പോൾ ഏകദേശം ഇരുപതു സന്ന്യാസിനികളാണ് ആശ്രമത്തിലുള്ളത്. പ്രദേശവാസികളുമായും സന്ദർശകരുമായും ആതിഥ്യമര്യാദയോടെ ഇടപെട്ട് അവർ ഭക്തജീവിതം നയിച്ചുപോരുന്നു.


സെന്റ് കാതറൈൻ മൊണാസ്ട്രിയുടെ ഉൾഭാഗം

സെന്റ് കാതറൈൻ മൊണാസ്ട്രിയുടെ ഉള്ളിലേക്കു കടക്കുവാൻ മുൻവശത്തുള്ള കൻമതിലിൽ ഇടുങ്ങിയ ഒരു വാതിലുണ്ട്. അതിലൂടെ കടന്നാൽ ഒരു ഇടനാഴിയാണ്. ഇതുവഴി മുമ്പോട്ടുപോയി രണ്ടു വാതിലുകളിൽക്കൂടി കടന്നാലേ അകത്തെത്തിച്ചേരാൻ സാധിക്കുകയുള്ളൂ. മതിലിനു കുറെ മുകളിലായി ഒരു കിളിവാതിൽ പുറത്തേക്കു തള്ളിനില്ക്കുന്നുണ്ട്. ആദ്യകാലത്ത് തീർത്ഥാടകരെയും മറ്റും അകത്തേക്കു പ്രവേശിപ്പിക്കാനായി ഒരു തൊട്ടി താഴേക്ക് ഇറക്കിവിടുകയും അതിൽക്കയറിയിരുന്ന് മുകളിലേക്ക് ഒരു കപ്പിയുടെ സഹായത്തോടെ ഉയർത്തിയെടുക്കുകയുമായിരുന്നു പതിവ്. ഇപ്പോൾ ആ കവാടം ഉപയോഗിക്കുന്നില്ല. ആശ്രമത്തിന്റെ ചുറ്റുമതിലിനുള്ളിൽ പ്രവേശിച്ചാൽ നിരവധി ചെറിയ അറകളോടുകൂടിയ കെട്ടിടസമുച്ചയം കാണാം. ഈ അറകളിലാണ് ആശ്രമവാസികൾ ഏകാന്തജീവിതം നയിക്കുന്നത്. ആശ്രമത്തിനുള്ളിലെ സംവിധാനങ്ങളൊന്നും നടന്നുകാണാൻ സാധാരണമായി അനുവദിക്കാറില്ല. ഉള്ളിൽക്കടന്ന ഞങ്ങൾ ആദ്യമായി കണ്ടത് ആശ്രമപരിസരത്തുള്ള 'കത്തുന്ന മുൾപ്പടർപ്പി'ന്റെ ചെടിയാണ്. ജെത്രോയുടെ ആടുകളെ മേയിച്ചുകൊണ്ട് ഈ സ്ഥലത്തെത്തിയ മോശയ്ക്ക് ദൈവം പ്രത്യക്ഷപ്പെട്ടത് ഒരു കത്തുന്ന മുൾപ്പടർപ്പിലാണ്. മുൾപ്പടർപ്പു കത്തുന്നുണ്ടെങ്കിലും എരിഞ്ഞടങ്ങുന്നില്ല എന്ന് മോശ കണ്ടു. ആ മുൾപ്പടർപ്പിൽനിന്ന് ദൈവം മോശയോടു സംസാരിച്ചു. ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ഇസ്രായേൽജനതയെ മോചിപ്പിച്ച് കാനാൻദേശത്തേക്ക് അവരെ നയിക്കുവാനുള്ള ദൗത്യമാണ് ദൈവം മോശയെ ഏല്പിച്ചത്.

ദൈവം പ്രത്യക്ഷപ്പെട്ട സ്ഥാനത്ത് ഇപ്പോഴും ഒരു മുൾച്ചെടി കാണാനുണ്ട്. ആശ്രമത്തിലെ പള്ളിയുടെ പരിസരത്തുനിന്ന് ഒരു മതിലിനു മുകളിലൂടെ പുറത്തേക്കു പടർന്നു നില്ക്കുകയാണ് ആ ചെടി. അടുത്തുചെന്ന് ഞങ്ങൾ ആ മുൾച്ചെടി നിരീക്ഷിച്ചു. അടിഭാഗത്തുള്ള കമ്പുകളും ഇലകളും തീർത്ഥാടകർ മുറിച്ചെടുത്തു കൊണ്ടുപോയിരിക്കുന്നു. നല്ല ഉയരമുള്ളവർക്ക് ഒന്നു സ്പർശിക്കാൻ പറ്റും. അടുത്ത കാലത്തായി തീർത്ഥാടകരെ ചെടിയുടെ അടുത്തേക്കു പോകാൻ അനുവദിക്കാറില്ല എന്നാണറിയുന്നത്.

ആശ്രമകവാടത്തിനടുത്തുതന്നെ ഒരു കിണറുണ്ട്. ഈ കിണർ അറിയപ്പെടുന്നത് മോശയുടെ കിണർ എന്നാണ്. ബൈബിളിലെ പുറപ്പാടിന്റെ പുസ്തകത്തിൽ ഈജിപ്തിലെ ഫറവോയുടെ കൊട്ടാരത്തിൽ വളർന്ന മോശ അവിടെനിന്ന് മരുഭൂമിയിലേക്ക് ഓടിരക്ഷപ്പെടേണ്ടിവന്ന സാഹചര്യം വിവരിക്കുന്നുണ്ട്. മരുഭൂമിയിലെത്തിയ മോശ ഈ കിണറിനു സമീപമാണു വിശ്രമിച്ചത്. ഇവിടെവച്ചാണ് മിദിയാനിലെ പുരോഹിതനായിരുന്ന ജത്രോയുടെ (റഗുവേലിന്റെ) ഏഴു പെൺമക്കളുമായി സംസാരിച്ചതും അവരുടെ ആടുകൾക്കു വെള്ളം കോരിക്കൊടുത്ത് അവരെ സഹായിച്ചതും. ഇതറിഞ്ഞ ജത്രോ ഭക്ഷണം നൽകി സൽക്കരിക്കുകയും ചെയ്തു. റഗുവേൽ തന്റെ പുത്രി സിപ്പോറയെ മോശയ്ക്കു ഭാര്യയായി നൽകി. സീനാമലയുടെ താഴ്‌വാരത്ത് ജത്രോയുടെ ആടുമാടുകളെ മേയിച്ചു കഴിഞ്ഞുകൂടവേയാണ് ദൈവത്തിന്റെ പ്രത്യേക വിളി മോശയ്ക്കു ലഭിച്ചത്. കത്തുന്ന മുൾപ്പടർപ്പിൽ നിന്നു ദൈവം മോശയോടു സംസാരിച്ചു: "ഇതാ ഇസ്രായേൽ മക്കളുടെ നിലവിളി എന്റെയടുത്ത് എത്തിയിരിക്കുന്നു... നീ എന്റെ ജനമായ ഇസ്രായേൽ മക്കളെ ഈജിപ്തിൽനിന്നു പുറത്തുകൊണ്ടുവരണം.'' തേനും പാലുമൊഴുകുന്ന കാനാൻദേശത്തേക്ക് അവരെ നയിക്കാനുള്ള ദൗത്യം ദൈവം മോശയെ ഏല്പിച്ചു. ഇവിടെയുള്ള കിണറും പരിസരവുമെല്ലാം ഈ ദൈവികഇടപെടലിന് സാക്ഷ്യം വഹിച്ച സ്ഥലമാണ്. മോശയുടെ കിണർ എന്നറിയപ്പെടുന്ന കിണർ ആശ്രമപരിസരത്ത് ഇപ്പോഴും കാണാവുന്നതാണ്. മുകൾഭാഗം മൂടിയിരിക്കുന്നതുകൊണ്ട് കിണറിന്റെ ഉൾഭാഗം കാണാൻ സാധിക്കുകയില്ല. ഫ്രഞ്ച് ചക്രവർത്തിയായിരുന്ന നെപ്പോളിയൻ സമ്മാനിച്ച ഒരു ഹാൻഡ് പമ്പ് കിണറിനു സമീപം ഇപ്പോഴും കാണാം.

*(തുടരും)*

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

എന്റെ ദൂതൻ നിങ്ങളുടെ കൂടെയുണ്ട്. അവൻ നിങ്ങളുടെ ജീവൻ കാത്തുസൂക്ഷിക്കുന്നു.

ബാറൂക്ക് 6:7

**എഡിറ്റോറിയൽ**

# കൊവിഡ് വ്യാപനം ജാഗ്രതയിൽ ഇളവുകളില്ല

**കൊ**വിഡ് രോഗബാധിതരുടെ എണ്ണത്തിൽ വൻ കുതിച്ചുകയറ്റമാണ് ഇക്കഴിഞ്ഞ ദിവസങ്ങളായി രാജ്യത്തും സംസ്ഥാനത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ കൊവിഡ് ബാധിതരുടെ എണ്ണം 7.42 ലക്ഷം കടന്നിരിക്കുന്നു. ഇതിൽ 4.57 ലക്ഷം പേർ രോഗവിമുക്തരായി. ജൂലൈ 8-ലെ റിപ്പോർട്ടുപ്രകാരം, 20,643 പേരാണ് ഇതുവരെ രോഗം ബാധിച്ചു മരിച്ചത്. രാജ്യത്തെ മഹാനഗരങ്ങളായ ഡൽഹിയും കൊൽക്കൊത്തയും മുംബൈയും ചെന്നൈയുമെല്ലാം മഹാമാരിയുടെ പിടിയിലമർന്നിട്ട് നാളുകളേറെയായി. കൊവിഡ് ബാധിതരുടെ എണ്ണത്തിന്റെ കാര്യത്തിൽ ഇന്ത്യ മൂന്നാം സ്ഥാനത്തെത്തി നില്ക്കുന്നുവെന്ന ഞെട്ടിക്കുന്ന വാർത്തയാണ് ഏറ്റവുമൊടുവിൽ നാം കേൾക്കുന്നത്.

സംസ്ഥാനത്തും ആശങ്കയുണർത്തുംവിധം പോസിറ്റീവു കേസുകൾ അനുദിനം കൂടിവരികയാണ്. കേരളത്തിലെ വലിയ നഗരങ്ങളായ തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും രോഗവ്യാപനത്തിന്റെ തോത് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. നിർബന്ധിത അടച്ചിടൽ ഭീഷണി നേരിടുകയാണ് പ്രസ്തുതനഗരങ്ങളും സമാനമായ മറ്റു നഗരപ്രദേശങ്ങളും. പരിശോധനയിൽ പോസിറ്റീവുകേസുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ കൊച്ചി നഗരം സംസ്ഥാനശരാശരിയെക്കാൾ മുകളിലാണെന്ന് മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നു. തിരുവനന്തപുരത്തെ സ്ഥിതി കൊച്ചിയിലും കോഴിക്കോട്ടും മറ്റും ആവർത്തിക്കാൻ പാടില്ല. അശ്രദ്ധയും അലംഭാവവും കാണിച്ചാൽ ഏതു നിമിഷവും സൂപ്പർ സ്പ്രെഡും സമൂഹവ്യാപനവും ഉണ്ടാകുമെന്നും മുഖ്യമന്ത്രി മുന്നറിയിപ്പു നൽകിയിരിക്കുന്നു.

വിദേശത്തുനിന്നും അന്യസംസ്ഥാനങ്ങളിൽനിന്നുമെത്തുന്നവരുടെ എണ്ണം വർദ്ധിക്കുന്നതിനനുസൃതമായി കൊവിഡ് ബാധിതരുടെ എണ്ണത്തിലും കുതിച്ചുകയറ്റമുണ്ടാകുമെന്നു നേരത്തേ പ്രതീക്ഷിച്ചതാണ്. എന്നാൽ, സമ്പർക്കത്തിലൂടെയുള്ള രോഗപ്പകർച്ചയിൽ വർദ്ധനയുണ്ടാകുന്നതു ശുഭസൂചനയല്ല. ഉറവിടമറിയാത്ത രോഗബാധിതരുടെ എണ്ണം നൂറു കവിഞ്ഞതും ആശങ്കയുണർത്തുന്ന കാര്യമാണ്.

സമ്പർക്കത്തിലൂടെയുള്ള രോഗബാധ പൂർണമായും തടയുന്നതിനുള്ള പ്രതിരോധനടപടികളും മുൻകരുതലുകളും ശക്തിപ്പെടുത്തുന്ന കാര്യത്തിൽ എല്ലാവരും അതിജാഗ്രത പുലർത്തണം. അജ്ഞാതവും അവ്യക്തവുമായ രീതിയിൽ രോഗസംക്രമണമുണ്ടാകുന്ന സാഹചര്യത്തിൽ, സാമൂഹികാകലം പാലിക്കുന്നതിലും മുഖാവരണം ധരിക്കുന്നതിലും മറ്റും അലംഭാവമുണ്ടാകാൻ പാടില്ല. സമ്പർക്കത്തിന് ഒട്ടും സാധ്യതയില്ലാത്തവിധം രോഗബാധിതർ റൂം ക്വാറന്റൈനിൽ അടങ്ങിയൊതുങ്ങി കഴിഞ്ഞേ തീരൂ. അന്യരുടെ സുരക്ഷയ്ക്കും സ്വസ്ഥതയ്ക്കും താൻ ഒരു ഭീഷണിയാകരുതെന്ന് ഓരോ കൊവിഡ്രോഗിയും മനസ്സുറപ്പിച്ചാൽ, അതു സമൂഹത്തിനു പകരുന്ന സാന്ത്വനം വലുതായിരിക്കും. മുഖാവരണം താടിക്കു മോടിപിടിപ്പിക്കാനുള്ള വസ്തുവല്ലെന്നും, സംസാരശ്രവണസമയങ്ങളിൽ നിർബന്ധമായും ഉപയോഗിക്കേണ്ടതാണെന്നുമുള്ള ബോധ്യം എല്ലാവർക്കുമുണ്ടാകണം. വ്യക്തിശുചിത്വം പാലിക്കാനുള്ള ചിട്ടക്രമങ്ങൾക്ക് നമ്മുടെ കുടുംബങ്ങളിൽ ഇനിയെങ്കിലും തുടക്കമിടാം. കുടുംബത്തിലും സ്കൂളിലും ശുചിത്വപാഠങ്ങൾ നമ്മുടെ കുട്ടികൾക്കു പഠിക്കാനും അഭ്യസിക്കാനുമായില്ലെങ്കിൽ, പിന്നെങ്ങനെയാണ് സംസ്കാരസമ്പന്നരായി സമൂഹത്തിൽ അവർക്കു പെരുമാറാനാവുന്നത്? സർവ്വോപരി, സാമൂഹികാകലം പാലിക്കാനും കൂടിച്ചേരലുകൾ ഒഴിവാക്കാനുമുള്ള കൊവിഡ് പെരുമാറ്റച്ചട്ടം പാലിക്കാനാകുന്നില്ലെങ്കിൽ രാജ്യം സമ്പൂർണ്ണലോക്ഡൗണിലേക്കു വീണ്ടുമെത്തുന്ന സാഹചര്യം വിദൂരമല്ല എന്നോർമ്മിക്കുന്നതും നന്ന്. ■

# പാലായിൽ പൗരസ്ത്യ സുറിയാനി പഠനകേന്ദ്രത്തിനു തുടക്കമായി



*പാലാ രൂപതയുടെ പൗരസ്ത്യ സുറിയാനി പഠനകേന്ദ്രത്തിന്റെ ഉദ്ഘാടനം ബിഷപ്സ് ഹൗസിൽ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ആദ്യസെഷൻ നയിച്ച് ഉദ്ഘാടനം ചെയ്യുന്നു.*

പാലാ: മാർത്തോമ്മാശ്ലീഹായുടെ പൈതൃകം നൂറ്റാണ്ടുകളായി കാത്തുസൂക്ഷിക്കുന്ന നസ്രാണികളുടെ സമ്പന്നഭൂമിയായ പാലാരൂപതയിൽ അതിപുരാതന ക്രൈസ്തവപാരമ്പര്യം സംരക്ഷിക്കാനായി പൗരസ്ത്യ സുറിയാനിഭാഷാപഠനകേന്ദ്രത്തിന് ആരംഭംകുറിച്ചു. 'ബേസ് ഹേകംസാ ദ്സുറ് യായാ മദ്ന്ഹായാ' എന്ന സുറിയാനിപേരിൽ അറിയപ്പെടുന്ന House of Wisdom of the East Syriac Studies എന്ന സുറിയാനി പഠനപ്രോഗ്രാമിന്റെ ഉദ്ഘാടനം പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു.

സുറിയാനിഭാഷയുടെയും യഹൂദപാരമ്പര്യങ്ങളുടെയും പ്രാധാന്യം, ഭാരതത്തിന്റെ സർവ്വതോമുഖമായ വികസനത്തിനു നേതൃത്വം നൽകിയ മാർത്തോമ്മാക്രിസ്ത്യാനികൾ ഉൾപ്പെടുന്ന വിവിധ സുറിയാനി സഭകളുടെ ചരിത്രം, ഭാഷാപഠനം, പുരാതന സുറിയാനി സാഹിത്യകൃതികൾ, സുറിയാനി സഭാപിതാക്കന്മാരുടെയും പണ്ഡിതരുടെയും സംഭാവനകൾ, ഭാരതത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെയിടയിലും ഭാരതത്തിലും പൗരസ്ത്യ സുറിയാനിഭാഷയുടെ വിവിധ തരത്തിലുള്ള ഉപയോഗം എന്നിങ്ങനെയുള്ള വിഷയങ്ങൾ ഉൾക്കൊള്ളുന്ന പഠനപരമ്പരയുടെ ഓൺലൈൻ പ്രക്ഷേപണവും ഇതോടുകൂടി ആരംഭിച്ചു.

ചരിത്രത്തിൽ എക്കാലത്തും കേരളത്തിൽ സാമൂഹിക സാമുദായികമേഖലകളിൽ നിർണായകപങ്കു വഹിച്ച നസ്രാണി സമുദായനേതൃത്വത്തിലും പണ്ഡിതനിരയിലും പാലാ രൂപത ഉൾപ്പെടുന്ന പ്രദേശത്തുനിന്നുള്ളവരുടെ മുഖ്യമായ സാന്നിധ്യം അഭിമാനാർഹമായ ഒന്നാണെന്ന് ബിഷപ് അനുസ്മരിച്ചു. ലോകത്തിലെതന്നെ പുരാതനപൈതൃകങ്ങളിൽ പ്രാമുഖ്യമുള്ള ഈ ഭാഷയും ആത്മീയതയും നഷ്ടപ്പെടാതെ കാത്തുസൂക്ഷിച്ച് ഭാരതത്തിന്റെ മതേതരസ്വഭാവത്തെ നിലനിർത്താൻ സുറിയാനിസഭകളിലെ എല്ലാ ക്രൈസ്തവവിശ്വാസികൾക്കും മറ്റു മതസ്ഥർക്കും സാധിക്കട്ടേയെന്ന് അദ്ദേഹം ആശംസിച്ചു.

രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ സന്നിഹിതനായിരുന്നു. യോഗത്തിൽ പഠനപ്രോഗ്രാമിന്റെ കോർഡിനേറ്ററായി ഫാ. ജോൺ കണ്ണന്താനത്തെയും ചെയർമാനായി ഫാ. മാത്യു കുറ്റിയാനിക്കലിനെയും സെക്രട്ടറിയായി ഫാ. സിറിൽ തയ്യിലിനെയും ബിഷപ് ജോസഫ് കല്ലറങ്ങാട്ട് നിയമിച്ചു. ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ, ഫാ. ജോസഫ് കുറ്റിയാങ്കൽ, ഫാ. ജോസഫ് പള്ളയ്ക്കൽ, ഫാ. തോമസ് ഓലായത്തിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

പാലാ രൂപത ഒഫീഷ്യൽ എന്ന യൂട്യൂബ് ചാനലുകളിലും രൂപതയുടെ ഫെയ്സ്ബുക്ക് പേജിലും ക്ലാസുകൾ ലഭ്യമാണെന്ന് സെക്രട്ടറി അറിയിച്ചു.

# കെസിബിസിയുടെ കൊവിഡ് അതിജീവനപ്രവർത്തന കർമപദ്ധതി പ്രകാശനം ചെയ്തു

കൊച്ചി: കേരള കത്തോലിക്കാസഭയുടെ ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ മൂന്നു വർഷത്തേക്കുള്ള കൊവിഡ് അതിജീവനപ്രവർത്തനകർമപദ്ധതി പ്രകാശനം ചെയ്തു. കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷൻ ചെയർമാൻ മാർ ജോസ് പുളിക്കൽ പ്രകാശനകർമം നിർവഹിച്ചു. കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ പദ്ധതി വിശദീകരിച്ചു.

കേരളത്തിലെ 32 കത്തോലിക്കാരൂപതകളിലെ സാമൂഹികസേവനവിഭാഗങ്ങളുടെ അഭിപ്രായങ്ങളും അനുഭവങ്ങളും സ്വരൂപിച്ച് വിദഗ്ധരുടെ സഹായത്തോടെ ചർച്ച ചെയ്താണ് മാർഗരേഖയ്ക്കു രൂപം നൽകിയത്. ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷൻ ജോയിന്റ് സെക്രട്ടറിമാരായ ഫാ. മൈ



ക്കിൾ വെട്ടിക്കാട്ട്, ഫാ. തോമസ് തറയിൽ, കേരള സോഷ്യൽ സർവീസ് ഫോറം മുൻ ഡയറക്ടർമാരായ ഫാ. ജോർജ് വെട്ടിക്കാട്ടിൽ, ഡോ. റൊമാൻസ് ആന്റണി, പരിസ്ഥിതിവിദഗ്ധൻ ഡോ. വി.ആർ ഹരിദാസ്, ഡോ. റെജീന മേരി, ഡോ. ജോളി ജയിംസ്, ഡോ. കെ.ജി. റേ, എം.ജെ. ജോസ്, സിസ്റ്റർ ജെസീന എസ്ആർഎ, പി.ജെ. വർക്കി എന്നിവരടങ്ങിയ വിദഗ്ധസമിതിയാണ് മാർഗരേഖയ്ക്ക് അന്തിമരൂപം നൽകിയത്.

# കണ്ണീരുപ്പുമായി അംഗൻവാടികൾ



റോസമ്മ ലൂയിസ്

**അം**ഗൻവാടി ഒരു വിദ്യാഭ്യാസസ്ഥാപനമല്ല; മറിച്ച്, കുട്ടികളെ ഔപചാരികവിദ്യാഭ്യാസത്തിനായി ഒരുക്കുന്ന ഒരു പരിശീലന കേന്ദ്രമാണ്. അമ്മയുടെ അടുത്തുനിന്നു മാറി അംഗൻവാടിയിൽ വരുന്ന കുട്ടിക്ക് ടീച്ചർ അഥവാ വർക്കർ അമ്മയാവുകയാണ്. ഒരു അംഗൻവാടിയുടെ കീഴിൽ കുറഞ്ഞത് 200 വീടുകൾ (1000 പോപ്പുലേഷൻ) ഉൾപ്പെടുന്നു.

ണവിദ്യാഭ്യാസം കൊടുക്കണം. അവർക്ക് അനുവദിച്ചിരിക്കുന്ന റ്റി.എച്ച്.ആർ.എസ്.-ഭക്ഷണം കൃത്യസമയത്തു കൊടുക്കണം. വിവിധ പ്രായക്കാർക്ക് പല വിഷയങ്ങളെക്കുറിച്ചും ബോധവത്കരണക്ലാസുകൾ നടത്തണം. രാവിലെ 9.30 മുതൽ പ്രീസ്കൂൾ നടത്തണം. തീം അനുസരിച്ച് ഓരോ പീരിയഡിലും ഓരോരോ പ്രവർത്തനങ്ങൾ ചെയ്യിക്കണം. 10.30 നും 12.30 നും 3 മണിക്കും കുഞ്ഞുങ്ങൾക്കു ഭക്ഷണം തയ്യാറാക്കിക്കൊടുക്കണം. രജിസ്റ്ററുകൾ എഴുതുന്നത് ഉച്ചയൂണിനുശേഷം കുട്ടികളെ ഉറക്കിക്കിടത്തിയിട്ടാണ്.

കെട്ടിടത്തിന്റെ കാര്യമാണ് അതിലും പരിതാപകരം. ചുരു



ആറുമാസം മുതൽ മൂന്നുവയസ്സുവരെയുള്ള കുട്ടികൾ, മൂന്നു മുതൽ ആറുവയസ്സുവരെയുള്ള കുട്ടികൾ, കൗമാരപ്രായക്കാർ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ തുടങ്ങി വിവിധ വിഭാഗങ്ങളായി സർവ്വേ നടത്തിയാണു ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. ഓരോ അംഗൻവാടിയും സംയോജിത ശിശുവികസന സേവനപദ്ധതി(ICDS)യുടെ ഭാഗമായി കേന്ദ്ര വനിതാ ശിശുവികസനമന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്നു.

അംഗൻവാടികളുടെ പ്രവർത്തനങ്ങളിൽ ഏറ്റവും ദുഷ്കരമായവയാണ് സർവ്വേകൾ. മഴയും വെയിലും വകവയ്ക്കാതെ കുന്നും മലയും കയറിയിറങ്ങി ഓരോ വീട്ടിലും എത്തി വിവരങ്ങൾ ശേഖരിക്കണം. കയറുന്ന വീടുകളിൽ കിടപ്പുരോഗികൾ കാണും. ഭിന്നശേഷിക്കാർ കാണും. പരിഗണനാർഹരായ മറ്റു വിഭാഗങ്ങൾ കാണും. അവർക്കു സർക്കാരിൽനിന്നു ലഭിക്കുന്ന സാമ്പത്തിക സഹായത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കണം. കൂടാതെ, ഗുണഭോക്താക്കളെ അംഗൻവാടിയിലേക്കു കൊണ്ടുവരണം. മൂന്നുവയസ്സിൽ താഴെയുള്ള കുട്ടികൾക്കു സമയാസമയങ്ങളിൽ പോഷകാഹാരം എത്തിച്ചു കൊടുക്കണം. ഓരോ കുഞ്ഞിന്റെയും തൂക്കം രേഖപ്പെടുത്തണം. അമ്മമാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി അവരുടെ ആരോഗ്യനിലയെക്കുറിച്ചു ചർച്ച ചെയ്യണം. അവർക്കുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കണം. ഗർഭിണികൾക്ക് ആരോഗ്യപോഷ

ക്കം ചില അംഗൻവാടികൾക്കു മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. ബാക്കിയൊക്കെ വാടകക്കെട്ടിടങ്ങളിലാണു പ്രവർത്തിക്കുന്നത്. ഐ.സി.ഡി.എസ്. ഓഫീസിൽനിന്ന് അനുവദിച്ചിരിക്കുന്ന വാടകത്തുക വെറും 750 രൂപമാത്രം. എന്നാൽ, 2000, 2500, 3000 രൂപ വരെ വാടക കൊടുത്താണ് മിക്ക അംഗൻവാടികളും പ്രവർത്തിക്കുന്നത്. തുച്ഛമായ ഓണറേറിയത്തിൽനിന്നാണ് ജീവനക്കാർ ഈ വാടക കൊടുക്കുന്നത്. പലയിടങ്ങളിലും ഗ്രാമപഞ്ചായത്തുകൾ കെട്ടിടം പണിയുന്നതിന് സ്ഥലം കണ്ടെത്താൻ ശ്രമിക്കുന്നുമില്ല. ഗ്രാമസഭകൾക്കു നേതൃത്വം കൊടുക്കുക, ആരോഗ്യപ്രവർത്തനങ്ങൾ, പൾസ് പോളിയോ, വിരഗുളികവിതരണം, ഇമ്മ്യൂണൈസേഷൻ പരിപാടി തുടങ്ങി എന്തിന്, ഇലക്ഷൻ കമ്മീഷന്റെ ബി.എൽ.ഒ. ഡ്യൂട്ടി പോലും അംഗൻവാടി വർക്കർമാരാണു ചെയ്യുന്നത്.

പ്രളയം വന്നാലും പ്രകൃതിദുരന്തങ്ങൾ വന്നാലും അംഗൻവാടിക്കാർക്ക് ഇളവുകളില്ല. ഈ കൊറോണക്കാലത്തുപോലും സ്ഥിതി വ്യത്യസ്തമല്ല. കോവിഡ് സമയത്ത് ഏറ്റവും ബുദ്ധിമുട്ടിച്ചത് ഓൾഡ് ഏജ് സർവ്വേ ആയിരുന്നു. ഇതൊക്കെ ഏതാനും കാര്യങ്ങൾ മാത്രം. എന്നിട്ടും അംഗൻവാടി വർക്കർമാർക്കു ജോലിയൊന്നുമില്ല, വിവരമില്ല എന്നൊക്കെ പറയുന്നവർ കഥയറിയാതെ ആട്ടം കാണുന്നവരാണ്. ■

---

കഥയും കാര്യവും
സത്യൻ താന്നിപ്പുഴ

# വായിൽ വന്നത് കോതയ്ക്കു പാട്ട്



റോസി ഹൈസ്കൂൾ വിദ്യാർത്ഥിനിയാണ്. നല്ലപോലെ പഠിക്കുന്ന കുട്ടിയുമാണ്. കൊല്ലാവസാന പരീക്ഷ അടുത്തപ്പോൾ അവൾ പറഞ്ഞു: ''എനിക്ക് എന്തോ ഒരു ഭയം. എന്റെ മനസ്സിന് ഒരു സ്വസ്ഥതയുമില്ല. പരീക്ഷ നല്ലപോലെ എഴുതാൻ കഴിയുമോ എന്നു പേടി.''

റോസിയുടെ അങ്കലാപ്പ് കേട്ടപ്പോൾ അവളുടെ അപ്പൻ പറഞ്ഞു: "മോള് എന്തിന് വ്യാകുലപ്പെടണം? മോള് നല്ലപോലെ പഠിക്കുന്ന കുട്ടിയല്ലേ? എന്റെ മോൾ മിടുക്കിയാണ്. നല്ല മാർക്കു വാങ്ങി മോള് പാസ്സാകും. മനസ്സ് ചിന്തകളുടെ സംഭരണിയാണ്. മനസ്സ് ഏകാഗ്രമാക്കാൻ ധ്യാനത്തിനു കഴിയും. മോള് രാവിലെ എഴുന്നേറ്റു പ്രാർത്ഥിക്കുക. ധ്യാനിക്കുക. മനസ്സ് ശാന്തമാകും. മടികൂടാതെ പഠിക്കുക. ഫലം ഈശ്വരൻ തരും. ഞാൻ നല്ല മാർക്കുവാങ്ങി വിജയിക്കും എന്ന ആത്മവിശ്വാസം വേണം. വിശ്വാസത്തിന്റെ ഊർജ്ജം നമ്മളെ കർമ്മനിരതരാക്കും."

അപ്പന്റെ സംസാരം കേട്ടപ്പോൾ റോസിക്ക് ആത്മധൈര്യം കൈവന്നു. അവൾ രാവിലെയും സന്ധ്യയ്ക്കും യേശുനാഥന്റെ രൂപത്തിനുമുൻപിൽനിന്ന് പ്രാർത്ഥന ചൊല്ലും:

"പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയായിരിക്കട്ടെ.

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! അങ്ങയുടെ നാമം വാഴ്ത്തപ്പെടട്ടെ.

"അങ്ങയുടെ രാജ്യം വരേണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലും ആകണമേ."

പ്രാർത്ഥനയ്ക്കുശേഷം പഠിക്കാൻ തുടങ്ങി. മനസ്സിന്റെ ചഞ്ചലിപ്പു മാറി ശാന്തമായി. കൊല്ലാവസാനപ്പരീക്ഷയ്ക്ക് എല്ലാ വിഷയത്തിനും നല്ല മാർക്കു വാങ്ങി പാസ്സായി.

അർഹിക്കുന്ന പ്രശംസ കുട്ടികൾക്കു നൽകണം. സ്നേഹവും പ്രോത്സാഹനവും കൊടുക്കുമ്പോൾ അവർ സന്തോഷിക്കും. അവരുടെ സന്തോഷം കാണുമ്പോൾ നമുക്കും സന്തോഷം ലഭിക്കും.

വാക്കുകൾ വളരെ സൂക്ഷിച്ചുപയോഗിക്കണം. നമ്മുടെ വാക്കുകൾ മറ്റുള്ളവരെ വേദനിപ്പിക്കരുത്. പ്രോത്സാഹിപ്പിക്കുന്ന വാക്കുകളായിരിക്കണം. 'എന്റെ മോൾ മിടുക്കിയാണ്. നല്ല മാർക്ക് വാങ്ങി മോള് പാസ്സാകും' എന്ന അപ്പന്റെ വാക്കാണ് റോസിക്ക് ആത്മധൈര്യം കൊടുത്ത് മനസ്സ് ശാന്തമാക്കി പഠിക്കാൻ ഊർജ്ജം നൽകിയത്. വായിൽവന്നത് കോതയ്ക്കു പാട്ട് എന്ന രീതിയിൽ സംസാരിക്കരുത്. ■

---

## ഔഷധഗുണങ്ങൾ നിറഞ്ഞ
# ചിറ്റമൃത്




ഒട്ടനവധി ഔഷധഗുണങ്ങളുടെ ഉറവിടമാണ് അമൃത്. രണ്ടുതരം അമൃതുണ്ട്. ചിറ്റമൃത്, കാട്ടമൃത് എന്നിവ. ചിറ്റമൃതാണ് ഔഷധയോഗങ്ങളിൽ കൂടുതലായി ഉപയോഗിക്കുന്നത്.

രക്തശുദ്ധി ഉണ്ടാക്കുന്നതാണ് അമൃത്. തണ്ടാണ് ഔഷധയോഗ്യമായ ഭാഗം. ദഹനശക്തി വർദ്ധിപ്പിക്കുന്നതാണ് ഇവ. ചർമ്മരോഗം, പനി, പ്രമേഹം, വൃക്കരോഗം, ശരീരത്തിലെ ചുട്ടുനീറ്റൽ തുടങ്ങി ഒട്ടനവധി രോഗങ്ങൾക്കു പ്രതിവിധികൂടിയാണിവ.

'അമൃത്' എന്ന വാക്കിന്റെ അർത്ഥം 'മരണം ഇല്ലാതാക്കുന്നത്' എന്നാണ്. ചിരകാലം ജീവിക്കുകയും മറ്റു ജീവികളെ രോഗമുക്തമാക്കി മരണത്തിൽനിന്നു രക്ഷിക്കുകയും ചെയ്യുന്നതുകൊണ്ട് അമൃത് എന്ന പേര് ഈ സസ്യത്തിന് അന്വർത്ഥമാണ്.

അമൃതാരിഷ്ടം, അമൃതാഭിചൂർണ്ണം ഇവ അമൃത് ചേർത്തുണ്ടാക്കുന്ന പ്രധാന ഔഷധങ്ങളാണ്.

'മെനിസ് പെർമേസി' എന്ന കുടുംബത്തിൽപ്പെടുന്ന ചിറ്റമൃതിന്റെ ശാസ്ത്രനാമം 'ടൈനോസ് പോറകോർഡിഫോളിയ' എന്നാണ്. മഞ്ഞപ്പിത്തം, വാതം, ത്വഗ്രോഗങ്ങൾ ഇവയ്ക്ക് പ്രതിവിധിയായി അമൃതു വള്ളിയിലെ ഔഷധവീര്യമുള്ള നീര് തേൻചേർത്ത് വൈദ്യനിർദ്ദേശപ്രകാരം ഉപയോഗിക്കാറുണ്ട്. ചിറ്റമൃത് തിരിച്ചറിഞ്ഞ് അവയിൽനിന്നു വള്ളി ശേഖരിച്ച് നടാവുന്നതാണ്. ഒട്ടനവധി ഗുണങ്ങൾ നിറഞ്ഞ ചിറ്റമൃതിനെ നമുക്കു മറക്കാതിരിക്കാം.

---

കവിത
തെരേസ പീറ്റർ

# മധുരം തിരുമധുരം

സ്നേഹഭാവന പൂവിരിക്കുമീ
മോദസംഗമവേളയിൽ
പ്രിയരാം ഗുരുശ്രേഷ്ഠരേ, നമു-
ക്കൊത്തു പാടിടാം മംഗളം

കർമ്മസൗഖ്യങ്ങൾ മാനസങ്ങളിൽ
മധുവുതിർക്കുമീ വേദിയിൽ
പോയ കാലത്തിൻ നടനശോഭയിൽ
കുതുകരാണു നാമേവരും

അക്ഷയസമ്പത്തക്ഷരം നല്കി
ആയിരങ്ങൾതൻ കുമ്പിളിൽ
ആത്മവെട്ടത്തിൻ ധന്യനാളുകൾ
ആസ്വദിച്ചു കൃതാർത്ഥരായ്

ജ്ഞാനഭാവന പങ്കുവച്ചൊരാ
നന്മപൂണ്ടുള്ള കാലമേ,
മാമകമനക്കോവിലിൽ നിങ്ങൾ
മിന്നിനിൽക്കും പൂക്കാലമായ്

സുകൃതചിന്തയിൽ - ഉൾപ്രസാദത്തിൽ
കർമ്മഗൗരവമൊത്തു നാം
അരുമശിഷ്യർക്കു വെട്ടമായതിൽ
കൃതാർത്ഥരായിന്നു മേവിടാം.

നീണ്ടകാലങ്ങൾ ജ്ഞാനക്ഷേത്രത്തിൽ
ഗുരുമാതാക്കളായ്ത്തീർന്നവർ
എണ്ണമറ്റതാം ശിഷ്യസമ്പത്താൽ
ധനികർ നാമിന്നു നിശ്ചയം

ജീവിതവഴിത്താരയിൽ കാലം
മെല്ലെ നമ്മെത്തളർത്തവേ
സാന്ത്വനമേകി കൂടെയെത്തിടും
പ്രിയരേ, സ്നേഹവന്ദനം

പോയകാലത്തിൻ പൊൻസ്മൃതികളിൽ
പുണ്യസൗഹൃദത്തേൻ മഴ-
യേറ്റു നാമിന്നു ഹർഷപുളകിതർ
ദൈവതാതനും കീർത്തനം.

# അധികാരത്തിനുവേണ്ടി മാത്രമോ രാഷ്ട്രീയം?

**വർത്തമാനം**





ഡോ. കുര്യാസ് കുമ്പളക്കുഴി

**അ**ത്യപൂർവ്വമായ ഒരു സാംക്രമികരോഗബാധയുടെ ഭീഷണിയിൽ ലോകമാകെ വിറകൊണ്ടു നില്ക്കുന്ന ഘട്ടത്തിലും കേരളത്തിൽ നടക്കുന്ന രാഷ്ട്രീയകലാപങ്ങൾ സാമാന്യബുദ്ധിയുള്ള ആരെയും വേദനിപ്പിക്കുന്നതാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും കൊറോണ വൈറസ് മാരകമാംവിധം പടരുന്നു. എന്നാൽ, കേരളം താരതമ്യേന സുരക്ഷിതമാണെന്നൊരു ചിന്ത പലർക്കുമുണ്ട്. അതാണോ ചില രാഷ്ട്രീയനേതാക്കൾ ഇത്ര ലാഘവത്തോടെ കളിക്കളത്തിലിറങ്ങാൻ കാരണം?

ഏറ്റവുമൊടുവിൽ സംഭവിച്ച കൗതുകകരമായ കാര്യം, കേരളാകോൺഗ്രസിൽ ഒരു വിഭാഗത്തെ ഐക്യജനാധിപത്യമുന്നണിയിൽനിന്നു പുറത്താക്കിയതാണ്. ജനകീയാടിത്തറയുള്ളതെന്ന് എതിരാളികൾപോലും സാക്ഷ്യപ്പെടുത്തുന്ന ഒരു കക്ഷിയെ മുന്നണിയിൽനിന്നു പുറത്താക്കി ആദർശമേന്മ നടിക്കുന്ന രാഷ്ട്രീയബുദ്ധിവൈഭവത്തിനു വെറ്റിലയും പാക്കും വച്ചു നമസ്കരിക്കുകതന്നെ വേണം!

മഹാകവി വിദ്യാധരന്റെ 'ഏകാവലി'യിലെ ഒരു പദ്യം ഓർമ്മയിൽവരുന്നു. അതിന്റെ ആശയം ഇങ്ങനെ: "ദാരിദ്ര്യം എത്രയോ ദയാലുവാണ്. സ്വന്തം നാശത്തെ അവഗണിച്ചുപോലും മഹാരാജാവിനെ കാണാനുള്ള അവസരം എനിക്കുണ്ടാക്കിത്തന്നല്ലോ!" (മഹാരാജാവു കവിക്കു സാമ്പത്തികസഹായം ചെയ്യുമെന്നും കവിയുടെ ദാരിദ്ര്യം ഇല്ലാതാകുമെന്നും സൂചന). ഇങ്ങനെ സ്വയം നഷ്ടപ്പെടുത്തി മറ്റുള്ളവരെ സഹായിക്കുന്ന ഉദാരമതികൾ രാഷ്ട്രീയത്തിലുമുണ്ടെന്നതു ജനങ്ങളുടെ ഭാഗ്യം!

ഒരു കണക്കിനാലോചിച്ചാൽ, രാഷ്ട്രീയം ഇങ്ങനെയൊക്കെത്തന്നെയാണ് എവിടെയും എന്നും. ജനാധിപത്യസംവിധാനത്തിൽ ജനപിന്തുണയോടെ അധികാരം പിടിക്കാനുള്ള ജനകീയകൂട്ടായ്മകളാണു രാഷ്ട്രീയകക്ഷികൾ. അവർക്കെങ്ങനെയും അധികാരം പിടിക്കണം. ജനങ്ങൾക്കെന്തു സംഭവിച്ചാലെന്ത്, അവർ ഇരിക്കുകയോ മരിക്കുകയോ ചെയ്യട്ടെ. ദീപസ്തംഭം മഹാശ്ചര്യം, ഞങ്ങൾക്കും വേണം അധികാരം!

ഭരണം നടത്തുന്ന ഗവൺമെന്റിനെ ജനങ്ങൾ തിരഞ്ഞെടുത്തു നിയോഗിച്ചിരിക്കുന്നതാണെന്ന ബോധ്യം പ്രതിപക്ഷകക്ഷികളും ഉൾക്കൊള്ളേണ്ടതാണ്. ജനക്ഷേമകരമായ കാര്യങ്ങളിൽ പ്രതിപക്ഷവും ഭരണപക്ഷത്തോടു സഹകരിക്കണം. വീഴ്ചയുണ്ടായാൽ ചൂണ്ടിക്കാണിക്കുകയും വിമർശിക്കുകയും വേണം. പക്ഷേ, 'ഇഷ്ടമില്ലാത്തച്ചിക്കു തൊട്ടതെല്ലാം കുറ്റം' എന്ന നാടൻമൊഴിപോലെ ആയാലോ? കേരളത്തിലെ പ്രതിപക്ഷത്തിന്റെ അവസ്ഥ ഇപ്പോൾ ഈ മട്ടിലായിട്ടുണ്ട്.

ഇങ്ങനെയൊക്കെയാണോ രാഷ്ട്രീയപ്രവർത്തനം? നമ്മുടെ സ്വാതന്ത്ര്യപ്രാപ്തിയുടെ കാലഘട്ടത്തിലെ മഹാന്മാരായ നേതാക്കൾ ഇങ്ങനെയാണോ മാതൃക നല്കിയിട്ടുള്ളത്? ഇന്ത്യയിലെ ആദ്യരാഷ്ട്രീയപാർട്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസാണ്. അലൻ ഒക്ടേവിയൻ ഹ്യൂം എന്ന ഇംഗ്ലീഷുകാരനാണ് 1885 ൽ ഈ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചത്. ഇന്ത്യയിലെ വിദ്യാസമ്പന്നരായ പുതുതലമുറയെ ബ്രിട്ടീഷ് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി സഹകരിപ്പിക്കുകയായിരുന്നു ഹ്യൂമിന്റെ ലക്ഷ്യം. പക്ഷേ, ഇന്ത്യൻ സ്വാതന്ത്ര്യവാഞ്ഛയുടെ തീനാളമാകാനായിരുന്നു കോൺഗ്രസിന്റെ നിയോഗം. പില്ക്കാലത്തു നിറവേറിയതും അതുതന്നെ.

എന്നാൽ, എല്ലാവിഭാഗം ജനങ്ങളെയും ഒരുമിച്ചണിനിരത്തി അവിഭക്തസ്വതന്ത്ര ഇന്ത്യയ്ക്കു രൂപം നല്കാൻ കോൺഗ്രസിന് അവസരം ലഭിച്ചില്ല. മുഹമ്മദലി ജിന്ന, ആഗാഖാൻ തുടങ്ങിയ ചില മുസ്ലീം നേതാക്കൾ അഖിലേന്ത്യാ മുസ്ലീംലീഗ് എന്ന രാഷ്ട്രീയകക്ഷിക്ക് 1906ൽത്തന്നെ രൂപം നല്കിയിരുന്നു. അതു മുസ്ലീംകൾക്കു പ്രത്യേക രാഷ്ട്രം എന്ന വാദമുയർത്തുകയും ലക്ഷ്യം കാണുകയും ചെയ്തു.

സ്വാതന്ത്ര്യസമരത്തിനു നേതൃത്വം നല്കിയ ഇന്ത്യൻനാഷണൽ കോൺഗ്രസിൽനിന്ന് അഭിപ്രായവ്യത്യാസങ്ങൾമൂലം പിണങ്ങിപ്പിരിഞ്ഞ നേതാക്കളാണ് ഇന്ത്യയിൽ പുതിയ രാഷ്ട്രീയപാർട്ടികൾ സ്ഥാപിച്ചത്. ഇതിന്റെ തുടക്കം മുസ്ലീംലീഗിൽനിന്നുതന്നെയാണ്. പിന്നീട് കോൺഗ്രസിൽനിന്നകന്നത് സോഷ്യലിസ്റ്റുകളാണ്. ആശയപരമായ തെന്നിപ്പിരിയലായിരുന്നു അത്. അങ്ങനെയാണ് ഇന്ത്യൻ രാഷ്ട്രീയത്തിലെ ബുദ്ധിജീവിയെന്നറിയപ്പെട്ട എം.എൻ. റോയിയുടെ നേതൃത്വത്തിൽ കമ്യൂണിസ്റ്റുപാർട്ടി രൂപമെടുത്തത്. അത് 1920 ലായിരുന്നു. ആ വർഷം റഷ്യയിലെ താഷ്ക്കെന്റിൽ ഏഴു സോഷ്യലിസ്റ്റുനേതാക്കൾ ഒത്തുചേർന്ന് ഇന്ത്യൻ കമ്യൂണിസ്റ്റുപാർട്ടി സ്ഥാപിച്ചു. ഇന്ത്യയിൽ കമ്യൂണിസ്റ്റുപാർട്ടിയുടെ ആദ്യസമ്മേളനം ചേർന്നത് 1925 ഡിസംബറിൽ കാൺപൂരിലാണ്.

ഒരുകാലത്ത് ഇന്ത്യയിലെ പ്രമുഖരാഷ്ട്രീയകക്ഷിയായിരുന്ന പ്രജാസോഷ്യലിസ്റ്റുപാർട്ടി പിറവിയെടുത്തത് 1952 ലാണ്. അന്ന് ആചാര്യ ജെ.ബി. കൃപലാനിയുടെ രാഷ്ട്രീയപ്രസ്ഥാനമുണ്ടായിരുന്നു - കിസാൻ മസ്ദൂർ പ്രജാപാർട്ടി. ഈ പാർട്ടിയെക്കൂടി യോജിപ്പിച്ചുകൊണ്ടാണ് ജയപ്രകാശ് നാരായണനും ആചാര്യ നരേന്ദ്രദേവും ചേർന്നു പി.എസ്.പി. ക്കു രൂപം നല്കിയത്. റാം മനോഹർ ലോഹ്യ, എം.ആർ. മഡാനി, അശോക മേത്ത തുടങ്ങിയ സോഷ്യലിസ്റ്റുചിന്തകരായ നേതാക്കളെ സംഭാവന ചെയ്തത് ഈ രാഷ്ട്രീയപ്രസ്ഥാനമാണ്. പക്ഷേ, പില്ക്കാലത്തു പല കഷണങ്ങളായി പിരിഞ്ഞു പല സംസ്ഥാനങ്ങളിലും പല പേരുകൾ സ്വീകരിച്ച് ഇല്ലാതാവാനായിരുന്നു പി.എസ്.പി. യുടെ വിധി.

ഇന്നത്തെ ബിജെപി യുടെ പൂർവരൂപം ജനസംഘമാണ്. 1951 ൽ ശ്യാമപ്രസാദ് മുഖർജി രൂപം നൽകിയ ദേശീയ ഹിന്ദു വീക്ഷണമുള്ള പ്രസ്ഥാനം. 1977 ൽ ജനസംഘം, അന്നത്തെ പ്രതിപക്ഷ പാർട്ടികളുടെ സംയുക്തപ്രസ്ഥാനമായ ജനതാപാർട്ടിയിൽ ലയിച്ചു. 1980 ൽ ജനതാപാർട്ടി തകർന്നതോടെ ഭാരതീയജനതാപാർട്ടിയായി പുനർജനിച്ചു. എ.ബി. വാജ്പേയിയും എൽ.കെ. അഡ്വാനിയുമാണു സ്ഥാപകനേതാക്കൾ. ഇന്ത്യയൊട്ടാകെ കോൺഗ്രസ് ദുർബലമായപ്പോൾ ബിജെപി ശക്തിപ്പെടുകയും ഇന്ത്യയുടെ ഭരണം കൈയടക്കുകയും ചെയ്തിരിക്കുന്നു.

ഇന്നു ലോകത്ത് ഏറ്റവുമധികം രാഷ്ട്രീയപാർട്ടികളുള്ള രാജ്യമാണ് ഇന്ത്യ. നമ്മുടെ വിശാലജനാധിപത്യം, ആർക്കും എവിടെയും എപ്പോൾവേണമെങ്കിലും പുതിയൊരു രാഷ്ട്രീയപാർട്ടിക്കു രൂപംകൊടുക്കാൻ സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. ദേശീയാംഗീകാരമുള്ള എട്ടു കക്ഷികളാണു നമുക്കുള്ളത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ഭാരതീയ ജനതാപാർട്ടി, ബഹുജൻ സമാജ് പാർട്ടി, നാഷണലിസ്റ്റു കോൺഗ്രസ്, തൃണമൂൽ കോൺഗ്രസ്, കമ്യൂണിസ്റ്റുപാർട്ടി ഓഫ് ഇന്ത്യ, മാർക്സിസ്റ്റ് കമ്യൂണിസ്റ്റു പാർട്ടി, പി.എ. സംഗ്മയുടെ നാഷണൽ പീപ്പിൾസ് പാർട്ടി.

സംസ്ഥാനപാർട്ടികളുടെ എണ്ണം 53. ഇലക്ഷൻ കമ്മീഷനിൽ രജിസ്റ്റർ ചെയ്ത മറ്റു പാർട്ടികൾ 2599. രജിസ്റ്റർ ചെയ്യാത്ത വേറെ പാർട്ടികൾ 2538. ആകെ 5198 രാഷ്ട്രീയപാർട്ടികൾ.

പ്രധാന പാർട്ടികൾ പിളർന്നാണ് മിക്കവാറും എല്ലാ കക്ഷികളുംതന്നെ രൂപംകൊണ്ടിട്ടുള്ളത്. ഇക്കാര്യത്തിൽ കമ്യൂണിസ്റ്റു പാർട്ടികളാണ് മുന്നിൽ. ഇന്ത്യയിലൊട്ടാകെ ഇന്നു നിലവിലുള്ള കമ്യൂണിസ്റ്റുപാർട്ടികളുടെ എണ്ണം നൂറിലധികമാണ്! കമ്യൂണിസ്റ്റു പാർട്ടികളിൽ രണ്ടു പ്രബല ധാരയുണ്ട്. പാർലമെന്ററി ജനാധിപത്യത്തോടു സഹകരിക്കുന്ന പ്രമുഖ പാർട്ടികളും സായുധസമരത്തിൽ മാത്രം വിശ്വസിക്കുന്ന ചെറിയ ചെറിയ നക്സൽ-മാവോ ഗ്രൂപ്പുകളും. മാവോയിസ്റ്റുകളിൽത്തന്നെ മിതവാദികളും തീവ്രവാദികളുമുണ്ട്. മിതവാദികളുടെ 17 ഗ്രൂപ്പും തീവ്രവാദികളുടെ 19 ഗ്രൂപ്പും ഇന്ന് പ്രവർത്തനനിരതമാണ്. പ്രവർത്തനം നിലച്ചുപോയ മാവോവാദികളുടേതുൾപ്പെടെയുള്ള കമ്യൂണിസ്റ്റു പാർട്ടികൾതന്നെ 87 വരും!

**ജനാധിപത്യത്തെക്കാൾ മഹത്തരമായ മറ്റൊരു ഭരണസംവിധാനവും ലോകം ഇന്നുവരെ പരിചയപ്പെട്ടിട്ടില്ല. അതിന്റെ സാധ്യതകൾ അനന്തമാണ്, ക്രിയാത്മകമാണ്. അതു മനസ്സിലാക്കി, അധികാരക്കൊതിയിൽ മിതത്വം പാലിച്ചു പ്രവർത്തിക്കാനാണ് നമ്മുടെ രാഷ്ട്രീയകക്ഷികൾ തയ്യാറാകേണ്ടത്.**

ഇവയ്ക്കു പുറമേയാണ് നിരവധി സോഷ്യലിസ്റ്റുകക്ഷികൾ. വിപ്ലവം കൂടിയവരും കുറഞ്ഞവരുമായി അവരും ചേരിതിരിഞ്ഞു നില്ക്കുന്നു. ആർ.എസ്.പി. കളും ജനതാദളുകളുമൊക്കെയുണ്ട് അക്കൂട്ടത്തിൽ. ഇന്ത്യയിലെ ജനാധിപത്യസംവിധാനത്തിന്റെ ബഹുസ്വരത ഏറെ കൗതുകകരംതന്നെ.

അമേരിക്കയിലും യൂറോപ്യൻരാജ്യങ്ങളിലുമൊക്കെ വിശാലജനാധിപത്യമാണു നിലവിലുള്ളത്. നിരങ്കുശമെന്നു വിശേഷിപ്പിക്കാവുന്നത്ര അപകടകരമാണ് അവിടത്തെ വ്യക്തിസ്വാതന്ത്ര്യമെങ്കിലും ഇന്ത്യയിലേതുപോലെ രാഷ്ട്രീയകക്ഷിബഹുലത അവിടങ്ങളിലില്ല.

കഴിഞ്ഞ ഒന്നരനൂറ്റാണ്ടായി അമേരിക്കയിൽ ദ്വികക്ഷി സമ്പ്രദായമാണു നിലവിലുള്ളത്. 1852 മുതൽ നടന്ന എല്ലാ തിരഞ്ഞെടുപ്പുകളിലും റിപ്പബ്ലിക്കൻ പാർട്ടിയും ഡെമോക്രാറ്റിക് പാർട്ടിയും മാറി മാറി അധികാരം പിടിച്ചുപോരുന്നു. ചില ചെറിയ കക്ഷികളുമുണ്ട്. ലിബർട്ടേറിയൻ പാർട്ടി, ഗ്രീൻ പാർട്ടി, കോൺസ്റ്റിറ്റ്യൂഷൻ പാർട്ടി എന്നിവ. അവർക്കൊക്കെ തിരഞ്ഞെടുപ്പിൽ കുറെ വോട്ടു നേടാൻ കഴിയുന്നു എന്നതിനപ്പുറം ഭരണനിർവ്വഹണത്തിൽ പങ്കുചേരാനൊന്നും സാധിക്കാറില്ല.

അമേരിക്കയിലും ചിലരൊക്കെ ഇടയ്ക്കിടെ പ്രാദേശികതലങ്ങളിലൊക്കെ ചില രാഷ്ട്രീയപ്രസ്ഥാനങ്ങൾക്കു രൂപംകൊടുക്കാറുണ്ട്. കുറേനാൾ കഴിയുമ്പോൾ ആരുമറിയാതെ വിസ്മൃതമാവുകയും ചെയ്യും. ഇത്തരത്തിൽ ഏറ്റവും അവസാനമുണ്ടായ പാർട്ടിയാണത്രേ ട്രെഡീഷണാലിസ്റ്റു വർക്കർ പാർട്ടി. 2013 ൽ ജന്മമെടുത്തു. 2018 ൽ പ്രവർത്തനം നിലച്ചു!

ആധുനികജനാധിപത്യത്തിന്റെ ഉന്നതമാതൃകയായ ബ്രിട്ടനിലും 1920 മുതൽ ദ്വികക്ഷി സമ്പ്രദായമാണു നിലവിലുള്ളത്. 1834 ൽ രൂപംകൊണ്ട വലതുചിന്താഗതിക്കാരുടെ കൺസർവേറ്റീവ് ആൻഡ് യൂണിയനിസ്റ്റു പാർട്ടിയും 1900 ൽ രൂപമെടുത്ത ഇടതുമിതവാദികളുടെ ലേബർ പാർട്ടിയും. മറ്റു രണ്ടു കക്ഷികളാണു സ്കോട്ടിഷ് നാഷണൽ പാർട്ടിയും ലിബറൽ ഡെമോക്രാറ്റിക് പാർട്ടിയും. പാർലമെന്റിൽ സാന്നിധ്യമുണ്ടാകാറുണ്ടെങ്കിലും ഭരണത്തെ സ്വാധീനിക്കാനുള്ള ശക്തിയൊന്നും അവർക്കില്ല.

പ്രമുഖ യൂറോപ്യൻരാജ്യമായ ജർമ്മനിയിലെ സാഹചര്യം കുറച്ചു വ്യത്യസ്തമാണ്. അവിടെ പലപ്പോഴും രാഷ്ട്രീയസഖ്യങ്ങളാണ് അധികാരം പിടിക്കുന്നത്. ക്രിസ്ത്യൻ ഡെമോക്രാറ്റിക് യൂണിയനാണു പ്രധാന കക്ഷി. സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി, ക്രിസ്റ്റ്യൻ സോഷ്യൽ യൂണിയൻ, ഗ്രീൻപാർട്ടി, ഇടതു പാർട്ടി, ആൽട്ടർനേറ്റീവ് ഫോർ ജർമ്മനി തുടങ്ങിയ കക്ഷികളും രാഷ്ട്രീയത്തിൽ നിറഞ്ഞു നിൽക്കുന്നു. കക്ഷിബാഹുല്യം പലപ്പോഴും ജർമ്മനിയുടെ ഭരണത്തിൽ അസ്ഥിരതയ്ക്കു കാരണമാകാറുണ്ട്.

സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം റഷ്യയിലുണ്ടായ മാറ്റവും ശ്രദ്ധേയമാണ്. പുടിന്റെ യുണൈറ്റഡ് റഷ്യാ പാർട്ടിയാണു തുടരെ അധികാരം പിടിക്കുന്നതെങ്കിലും ബഹുകക്ഷി ജനാധിപത്യത്തിന് അവിടെയും ഇടം ലഭിച്ചിരിക്കുന്നു. കമ്യൂണിസ്റ്റുപാർട്ടി, ലിബറൽ ഡമോക്രാറ്റിക് പാർട്ടി, ജസ്റ്റ് റഷ്യാ, റോഡിനാ, സിവിക് പ്ലാറ്റ്ഫോം തുടങ്ങിയവയാണു മറ്റു പാർട്ടികൾ.

ലോകത്ത് ഏറ്റവുമധികം ജനങ്ങളുള്ള രാജ്യമാണു ചൈന. പക്ഷേ, ചൈനക്കാർക്ക് ഇന്നും ജനാധിപത്യം കിട്ടാക്കനിയാണ്. ഏകകക്ഷിമേധാവിത്വം നിലവിലുള്ള കമ്യൂണിസ്റ്റുചൈനയിൽ ജനങ്ങൾ സ്വതന്ത്രമായി വോട്ടവകാശം വിനിയോഗിക്കുന്ന കാലം ഇനിയും ഏറെ ദൂരെയാണെന്നു പറയാം. അവിടെ സ്വാതന്ത്ര്യം പരിമിതം. ഇവിടെ സ്വാതന്ത്ര്യം അപരിമിതം.

ഏതാണു നല്ലത് എന്നൊരു ചോദ്യമോ താരതമ്യനിർണയമോ ജനാധിപത്യത്തെക്കുറിച്ച് ആവശ്യമില്ല. ജനാധിപത്യത്തെക്കാൾ മഹത്തരമായ മറ്റൊരു ഭരണസംവിധാനവും ലോകം ഇന്നുവരെ പരിചയപ്പെട്ടിട്ടില്ല. അതിന്റെ സാധ്യതകൾ അനന്തമാണ്, ക്രിയാത്മകമാണ്. അതു മനസ്സിലാക്കി, അധികാരക്കൊതിയിൽ മിതത്വം പാലിച്ചു പ്രവർത്തിക്കാനാണ് നമ്മുടെ രാഷ്ട്രീയകക്ഷികൾ തയ്യാറാകേണ്ടത്.

അധികാരം വേണം. അതുപയോഗിച്ചാണു ജനക്ഷേമപരിപാടികളും വികസനപദ്ധതികളും ആസൂത്രണം ചെയ്യേണ്ടത്. പക്ഷേ, അധികാരത്തിനുവേണ്ടി മാത്രമാണോ രാഷ്ട്രീയം?

□

# ശുദ്ധമായ പാൽ കണി കണ്ടുണരാൻ



കൃഷിപാഠം


ഡോ. സാബിൻ ജോർജ്

**ഓ**രോ പ്രഭാതത്തിലും കണികണ്ടുണരുന്ന നന്മയായും, പരിശുദ്ധിയുടെ പ്രതീകമായും സമ്പൂർണ്ണാഹാരമായും കരുതപ്പെടുന്ന പാൽ നമ്മുടെ അടുക്കളയിലെ ഒഴിച്ചുകൂടാനാവാത്ത ഭക്ഷ്യവസ്തുവാണ്. സ്വന്തമായി വീട്ടിൽ പശുവും, പാലുമില്ലെങ്കിൽ നമ്മൾ പാലിന്റെ ഉപഭോക്താക്കളാണ്. അതിനാൽ ഗുണമേന്മയുള്ള, ശുദ്ധമായ പാലാണ് നമുക്കു ലഭിക്കുന്നതെന്ന് ഉറപ്പാക്കേണ്ട ആവശ്യമുണ്ട്. എവിടെ നിന്നു പാൽ വാങ്ങണം, ഏതുതരം പാൽ വാങ്ങണം, എല്ലാത്തരം പാലും നല്ലതാണോ തുടങ്ങിയ നിരവധി ചോദ്യങ്ങളാകും നമ്മുടെ മനസ്സിലുണ്ടാവുക.

മാംസ്യം, കൊഴുപ്പ്, ലാക്ടോസ്, വിറ്റമിനുകൾ, ധാതുക്കൾ, വെള്ളം എന്നിവയടങ്ങിയ പാൽ പശുക്കളുടെ അകിടിലെ പാലുത്പാദനകോശങ്ങളിലാണ് നിർമ്മിക്കപ്പെടുന്നത്. പാലിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ ഇത്തരം കോശങ്ങൾ രക്തത്തിൽനിന്നാണ് ആഗിരണം ചെയ്യുന്നത്. ഒരു ലിറ്റർ പാലുത്പാദിപ്പിക്കുമ്പോഴേക്കും ഏകദേശം 500 ലിറ്ററോളം രക്തം അകിടിലെ രക്തക്കുഴലുകളിലൂടെ കടന്നുപോയിട്ടുണ്ടാകും. അസുഖങ്ങളൊന്നുമില്ലാത്ത പശുക്കളുടെ അകിടിലെ കോശങ്ങളിൽ ഉത്പാദിപ്പിക്കുന്ന പാൽ നൂറു ശതമാനവും ശുദ്ധമായിരിക്കും. പിന്നീട് പാൽ ചുരത്തുന്ന സമയം മുതൽ പാൽ തിളപ്പിക്കാൻ പാത്രത്തിലെടുക്കുന്ന സമയം വരെയുള്ള സമയത്ത് വിവിധ സ്രോതസ്സുകളിൽനിന്ന് പാലിന്റെ പരിശുദ്ധി നഷ്ടപ്പെടുന്നു.

എവിടെ നിന്നാണ് നിങ്ങൾക്കു പാൽ ലഭിക്കുന്നതെന്ന് ഒന്നാലോചിക്കുക. സ്വന്തമായി പശു വളർത്തി പാൽ ഉപയോഗിക്കുന്നവരുണ്ടാകാം. പക്ഷേ ബഹുഭൂരിപക്ഷംപേരും ക്ഷീരകർഷകരിൽനിന്നു നേരിട്ടോ, പാൽവില്പനക്കാരിൽ നിന്നോ, പാൽ സൊസൈറ്റികളിൽ നിന്നോ, കടകളിൽനിന്നോ പായ്ക്കറ്റുകളായോ ആയിരിക്കും പാൽ വീടുകളിലേക്കു വാങ്ങുന്നത്.

പാലിന്റെ ഗുണമേന്മ കാത്തുസൂക്ഷിക്കുന്നതിലെ പ്രാഥമികഘട്ടം പാൽ ഉത്പാദകഘട്ടത്തിലാണ്. അതായത്, ക്ഷീരകർഷകന്റെ കൈകളിലാണ് ശുദ്ധമായ പാലുത്പാദനത്തിന്റെ ആദ്യചുമതല നിക്ഷിപ്തമായിരിക്കുന്നത്. ശുദ്ധമായ പാൽ ഉത്പാദിപ്പിക്കുന്നതിന് ക്ഷീരകർഷകൻ ഉറപ്പാക്കേണ്ട കാര്യങ്ങളുണ്ട്. മെച്ചപ്പെട്ട പരിചരണം നൽകി പശുവിന്റെ ആരോഗ്യം നിലനിർത്തണം. ഗുണനിലവാരമുള്ള തീറ്റയും സദാസമയം വെള്ളവും ഉറപ്പാക്കണം. പശുവിന്റെയും തൊഴുത്തിന്റെയും ശുചിത്വം ഏറെ പ്രധാനമാണ്. കറവക്കാരന്റെ ആരോഗ്യവും വ്യക്തിശുചിത്വവും കറവരീതിയുമൊക്കെ ശ്രദ്ധ നൽകേണ്ട കാര്യങ്ങളാണ്. കൂടാതെ, കറവയന്ത്രത്തിന്റെയും, പാൽ സംഭരിക്കുന്ന പാത്രങ്ങളുടെയും തരവും ശുചിത്വവും പാലിന്റെ ഗുണമേന്മയെ ബാധിക്കാം. കറന്നെടുത്ത പാൽ തണുത്ത അന്തരീക്ഷത്തിൽ സൂക്ഷിക്കുകയും, കഴിയുന്നതുംവേഗത്തിൽ വിപണിയിലെത്തിക്കുകയും വേണം. കർഷകരുടെ കൈകളിൽനിന്ന് പാൽ പിന്നീടെത്തിച്ചേരുന്ന സംഭരണ, വിതരണ, വിപണന, ഉപഭോഗഘട്ടങ്ങളിലും ഗുണമേന്മ നിലനിർത്താനാവശ്യമായ കരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. കർഷകന്റെ വീട്ടിലെത്തിയാണ് പാൽ വാങ്ങുന്നതെങ്കിൽ പാൽ പുതുമയോടെ ലഭിക്കുന്നതാണ്. പാൽ നന്നായി ഇളക്കി നൽകുന്നത് ഒരേ ഗുണനിലവാരമുള്ള പാൽ എല്ലാവർക്കും ലഭിക്കാൻ സഹായിക്കും. കർഷകരുടെ ഫാമിൽനിന്നു നേരിട്ടുവാങ്ങിയാലും, വീട്ടിലെത്തിച്ചുതന്നാൽ പാലിന്റെ ഗുണമേന്മ ഉത്പാദനഘട്ടത്തിൽ കാണിച്ച കരുതലിനെ ആശ്രയിച്ചിരിക്കും. പാൽ വാങ്ങുന്നവരെ സംബന്ധിച്ചിടത്തോളം പാലിന്റെ പരിശുദ്ധി, മണം, നിറം, രുചി, മറ്റു വസ്തുക്കളുടെ സാന്നിധ്യം എന്നിവ ശ്രദ്ധിക്കാവുന്നതാണ്. ക്ഷീര സംഘങ്ങളിൽനിന്നാണ് പാൽ വാങ്ങുന്നതെങ്കിൽ നമുക്കു ലഭിക്കുന്ന പാലിന്റെ ഗുണമേന്മ സംഘങ്ങൾ സ്വീകരിക്കുന്ന പാലിന്റെ ഗുണവും, സംഭരണസ്ഥലത്തിന്റെ വൃത്തിയും ആശ്രയിച്ചിരിക്കും. ഗുണനിലവാരം കുറഞ്ഞ, ശുചിയല്ലാത്ത കേടായ പാൽ സൊസൈറ്റികൾ സ്വീകരിക്കരുത്. സംഭരണസ്ഥലം വൃത്തിയായി സൂക്ഷിക്കണം. ക്ഷീര സഹകരണസംഘങ്ങളിൽനിന്നു സംഭരിക്കുന്ന പാലാണ് മിൽമ പാക്കറ്റുകളിലാക്കി വിപണനം നടത്തുന്നത്. സ്വകാര്യകമ്പനികളിൽനിന്നും കർഷകരിൽനിന്നും പാൽ ശേഖരിച്ച് വിപണനം നടത്തുന്ന പാൽ രോഗാണുവിമുക്തമാക്കാനുള്ള പാസ്ചുറൈസേഷൻ എന്ന സാങ്കേതികവിദ്യയിലൂടെ കടന്നാണ് മിൽമയുടെയും മറ്റും കവർപാലുകൾ വിപണിയിലെത്തുന്നത്. കവർപാൽ കടയിലെത്തിയാലുടൻ തണുത്ത അന്തരീക്ഷത്തിൽ കടയുടമകൾ സൂക്ഷിക്കേണ്ടതാണ്. പലപ്പോഴും കൊണ്ടുവരുന്ന ട്രേയിൽത്തന്നെ പാൽ സൂക്ഷിക്കുന്നത് പാൽ കേടാകാൻ ഇടയാക്കും. ഗ്രാമങ്ങളിലുള്ള ഉപഭോക്താക്കൾ മിക്കവാറും കർഷകരുടെ വീടുകളിൽ നിന്നോ, ക്ഷീരസംഘങ്ങളിൽ നിന്നോ ആയിരിക്കും പാൽ വാങ്ങാറുള്ളത്. പാൽ നന്നായി ഇളക്കിയശേഷം മാത്രം വാങ്ങാൻ ശ്രദ്ധിക്കുക. കവർ പാലാണ് വാങ്ങുന്നതെങ്കിൽ വിശ്വാസ്യതയുള്ള ബ്രാൻഡ് പാൽ വാങ്ങുന്നതിൽ ശ്രദ്ധിക്കണം. കവറിന്റെ പുറത്ത് നിയമാനുസരണം രേഖപ്പെടുത്തേണ്ട വിവരങ്ങൾ ഉണ്ടോ എന്നു നോക്കണം. സ്ഥാപനത്തിന്റെ പേര്, പൂർണ്ണമായ മേൽവിലാസം, പാലിന്റെ അളവ്, എന്നുവരെ ഉപയോഗിക്കാമെന്നു കാണിക്കുന്ന തിയതി എന്നിവ പരിശോധിക്കുക. പാൽ പാക്കറ്റുകൾ 8° സെൽഷ്യസ് താഴെയുള്ള താപനിലയിൽ സൂക്ഷിക്കുന്നുവെന്ന് ഉറപ്പാക്കണം. പായ്ക്കറ്റ് പൊട്ടിയിട്ടില്ലെന്നും, പായ്ക്കിംഗ് ശരിയായ രീതിയിലാണെന്നും, ചീത്തമണം ഇല്ലെന്നും ഉറപ്പാക്കുക. പശുവിൻപാൽ, എരുമപ്പാൽ, ആട്ടിൻപാൽ, ടോഡ്മിൽക്ക്, ഡബിൾടോഡ്മിൽക്ക്, സ്റ്റാൻഡേർഡൈഡ്സ്ഡ് മിൽക്ക് എന്നിങ്ങനെ രേഖപ്പെടുത്തിയാൽ അവയിലെ കൊഴുപ്പിന്റെയും കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടെയും അളവിൽ വ്യത്യാസമുണ്ടാകും. പാലിനോടൊപ്പം പഴങ്ങൾ, മത്സ്യം, മാംസം, പൂക്കൾ, തൈര്, മോര്, രാസവസ്തുക്കൾ, മണമുള്ള മറ്റുവസ്തുക്കൾ എന്നിവ സൂക്ഷിച്ചുവയ്ക്കരുത്. പാൽ കൊണ്ടുവന്നാലുടനെ ചില്ലർ ട്രേയിൽ സൂക്ഷിക്കുകയോ, തിളപ്പിച്ചു തണുപ്പിച്ച് സൂക്ഷിക്കുകയോ ചെയ്യണം. സൂക്ഷിച്ചുവയ്ക്കുമ്പോൾ വീണ്ടും ഉപയോഗിക്കുന്നതിനുമുൻപ് അല്പം എടുത്തു രുചിച്ചുനോക്കി ചെറിയ അളവ് എടുത്തു ചൂടാക്കി പിരിയുന്നില്ല എന്ന് ഉറപ്പുവരുത്തുക.



പാൽ കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കണം. സ്റ്റീൽപാത്രങ്ങൾ മാത്രം ഉപയോഗിക്കുന്നതാണ് ഉത്തമം. പാൽ തിളപ്പിച്ചു പുറത്തേക്കു കവിയേണ്ടതില്ല. തിളപ്പിക്കുന്നതിനുമുമ്പ് പാലിൽ വെള്ളം ചേർക്കണമെന്നു നിർബന്ധമില്ല. ചൂടാക്കുമ്പോൾ പിരിയുന്ന പാൽ ഉപയോഗിക്കാൻ പാടുള്ളതല്ല. ലാക്ടോസ് ടോളറൻസ് ഉള്ളവർ പാൽ നേരിട്ടു കഴിക്കാതെ ഉത്പന്നമാക്കി ഉപയോഗിക്കുന്നതാണു നല്ലത്.

ഉത്പാദനസ്ഥലം മുതൽ ഉപയോഗസ്ഥലം വരെ സ്വീകരിക്കുന്ന മുൻകരുതലുകളിലൂടെ മാത്രമാണ് ശുദ്ധമായ പാലിന്റെ ലഭ്യത നമുക്ക് ഉറപ്പുവരുത്താനാവുക; ഒപ്പം ആരോഗ്യമുള്ള സമൂഹത്തിന്റെ കാര്യവും.

**ലോങ്ങ് ലൈഫ് മിൽക്ക്**

പാൽ അണുവിമുക്തമാക്കാനുള്ള പാസ്ചുറൈസേഷൻ വിദ്യയുടെ മറ്റൊരു രീതിയാണ് UHT (Ultra High Temperature)വിദ്യ. പാൽ 140 ഡിഗ്രി സെൽഷ്യസിൽ ചൂടാക്കുന്നതിലൂടെ പൂർണ്ണ അണുനാശനം സാധ്യമാകുന്നു.

മറ്റു കമ്പനികളെ പിൻതുടർന്ന് നമ്മുടെ മിൽമയും UHTലോങ്ങ് ലൈഫ് മിൽക്ക് പുറത്തിറക്കിയിരിക്കുന്നു. രാസവസ്തുക്കളൊന്നും ചേർക്കാതെ അഞ്ചു ലെയർ പാക്കേജിങ്ങോടുകൂടി 90 ദിവസം വരെ ഇതു കേടുകൂടാതിരിക്കും. റഫ്രിജറേറ്ററിൽ സൂക്ഷിക്കേണ്ടതില്ല. പാൽ കൃത്യസമയത്തു കിട്ടാതെ വരുന്ന സാഹചര്യം ഒഴിവാക്കാം. പാക്കറ്റ് ഒരിക്കൽ പൊട്ടിച്ചു കഴിഞ്ഞാൽ ഫ്രിഡ്ജിൽ സൂക്ഷിക്കണം. ■

# തുടങ്ങിയൊടുങ്ങുന്ന വിദ്യാഭ്യാസപരിഷ്കാരങ്ങൾ

1-ാം പേജ് തുടർച്ച

കോപ്പിയടിയുടെ പേരിൽ കോട്ടയത്തെ കോളജുവിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവത്തിന്റെ പശ്ചാത്തലത്തിലാണു തീരുമാനം. ഇതുസംബന്ധിച്ചു പഠിച്ചു റിപ്പോർട്ടു സമർപ്പിക്കാൻ വിദഗ്ധസമിതിയെ ഉടൻ നിയോഗിക്കും. ഉന്നതവിദ്യാഭ്യാസവകുപ്പുമന്ത്രിയാണു കൗൺസിലിന്റെ ചെയർമാൻ. പഠനവും പരീക്ഷയുമായി ബന്ധപ്പെട്ടു വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ നിരന്തരമുണ്ടായിക്കൊണ്ടിരുന്നിട്ടും, പരീക്ഷാനടത്തിപ്പിൽ അടിമുടി മാറ്റംവരുത്താൻ സമിതി രൂപീകരിക്കുന്നതിനു തീരുമാനമെടുക്കാൻ, ചേർപ്പുങ്കൽ കോളജിൽ പരീക്ഷയെഴുതിയ പെൺകുട്ടിയുടെ ആത്മഹത്യയ്ക്കുവേണ്ടി കാത്തിരുന്നതുപോലെ തോന്നിപ്പോകുന്നു, നടപടി കണ്ടിട്ട്. വിദ്യാർത്ഥികളുടെ ഭാരങ്ങൾ കുറയ്ക്കാൻ ശ്രമിക്കുന്ന കൗൺസിലിനു വിദ്യാർത്ഥിസമൂഹത്തിന്റെ കൈയടി കിട്ടാൻ ഈ പ്രഖ്യാപനം പ്രയോജനപ്പെട്ടിട്ടുണ്ടായിരിക്കാം. അതുപോലെ, സംഭവവുമായി ബന്ധപ്പെട്ടുണ്ടായ ഒച്ചപ്പാടും ബഹളവും ശമിപ്പിക്കാനും ഈ പ്രഖ്യാപനം സഹായകമായിട്ടുണ്ടാകാം. പക്ഷേ, സംഭവത്തെപ്പറ്റി പഠിച്ചു റിപ്പോർട്ടു സമർപ്പിക്കാൻ സമിതിയെ ചുമതലപ്പെടുത്തിയിരുന്ന സ്ഥിതിക്ക് ഇത്തരമൊരു സമിതിയുടെ പ്രസക്തിയെന്ത് എന്ന ചോദ്യം സ്വാഭാവികം മാത്രം. അതിലുമുപരി, സമിതിയുടെ ലക്ഷ്യങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്ന കാര്യങ്ങളെപ്പറ്റി പഠിക്കുന്നതിനു കേന്ദ്രസർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരളസർക്കാർ നിയമിച്ച ഒരു സമിതി, അതും എം.ജി. സർവകലാശാലയുടെ വൈസ് ചാൻസലർ ചെയർമാനായുള്ള സമിതി - നിലനിൽക്കുന്ന സ്ഥിതിക്ക്, വീണ്ടുമൊരു സമിതിയുടെ പ്രസക്തി എന്ത് എന്ന ചോദ്യവും അവശേഷിക്കുന്നു.

ഇതിനിടെ, ശ്രദ്ധേയമായൊരു കാര്യം, കേന്ദ്രസർക്കാർ നിയോഗിച്ചിരുന്ന, എം.ജി. സർവകലാശാലാ വൈസ്ചാൻസലർ ചെയർമാനായുള്ള, പഠനസമിതിയുടെ റിപ്പോർട്ടു വന്നു എന്നതാണ്. റിപ്പോർട്ട് പൊതുവേ സ്വാഗതാർഹമെന്നാണ് വിലയിരുത്തപ്പെടുന്നത്. റിപ്പോർട്ട് താരതമ്യേന 'പോസിറ്റീവ്' സമീപനമാണു സ്വീകരിച്ചിരിക്കുന്നതും. പഠനഭാരം കുറയ്ക്കുക, പരീക്ഷാഭാരം കുറയ്ക്കുക എന്ന വികലമായ ലക്ഷ്യമല്ല സമിതി സ്വീകരിച്ചത്. അനാവശ്യ പഠനഭാരം എടുത്തുമാറ്റാനും തെറ്റായ പരീക്ഷാരീതി തിരുത്താനുമാണ് സമിതി ശ്രമിച്ചിരിക്കുന്നത്. മാറ്റ(Change)ത്തെ സംബന്ധിച്ചു സാമൂഹികശാസ്ത്രജ്ഞന്മാർ മൂന്നു രീതികൾ നിർദ്ദേശിക്കാറുണ്ട് : ഉപരിപ്ലവമായ മാറ്റം (Reformative Change), സമൂലമാറ്റം (Radical Change). രൂപാന്തരീകരണമാറ്റം (Transformative Change). കരണീയമായതു മൂന്നാമത്തേതാണ്. നിലവിലുള്ള സംവിധാനത്തിലെ നല്ലതു നിലനിർത്തുകയും അല്ലാത്തത് ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട്, പുതിയ ഒന്നിനു രൂപം നൽകുന്നതാണു രൂപാന്തരീകരണമാറ്റം. ഇവിടെ മുൻവിധികൾ പാടില്ല; പക്ഷംചേരലുമുണ്ടാവരുത്. സമീപകാലത്തുള്ള സമിതികളിൽ രാഷ്ട്രീയപാർട്ടികളുടെ താത്പര്യവും ആ താത്പര്യങ്ങൾക്കുവേണ്ടിയുള്ള പക്ഷംചേരലും ഉണ്ട് എന്ന വസ്തുത നിരാകരിക്കാനാവില്ല. അതുകൊണ്ട്, കമ്മീഷൻ പലപ്പോഴും ഏകപക്ഷീയമായിപ്പോകുകയും; കമ്മീഷന്റെ പഠനത്തിൽ അതു പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷനെ നിയമിക്കുന്നത് ഭരണകക്ഷിയായിരിക്കുമല്ലോ. ഭരണം മാറിവരുമ്പോൾ ഒരു ഭരണകാലത്തുകൊണ്ടുവന്ന പരിഷ്കാരങ്ങൾ ഉടച്ചുവാർക്കാനുള്ള പ്രവണതയാണു കാണുന്നത്. തുടങ്ങുമ്പോൾ തുടങ്ങുന്നവർ ചിന്തിക്കണം, തുടരാൻ പറ്റുമോ എന്ന്; തുടരുന്നവർ തുടരേണ്ടവ തുടരുകയും വേണം.

1994-ൽ തുടങ്ങിയ ഡി.പി.ഇ.പി. സമ്പ്രദായം ഉദാഹരണത്തിനെടുക്കാം. ബ്രിട്ടീഷ് വിദ്യാഭ്യാസസമ്പ്രദായത്തിന്റെ അവശേഷിപ്പായ 'ഓർമ്മ'പ്രധാനമായ വിദ്യാഭ്യാസത്തിന്റെ വൈകല്യം പരിഹരിക്കാനുള്ള മാർഗ്ഗം ഡി.പി.ഇ.പി. നിർദ്ദേശിക്കുന്നുണ്ട്. ഓർമ്മപ്രധാനമായ വിദ്യാഭ്യാസസമ്പ്രദായത്തെ 'ബാങ്കിംഗ് സിസ്റ്റം' (Banking System) എന്നാണ്, സുപ്രസിദ്ധ വിദ്യാഭ്യാസവിചക്ഷണനായ പൗളോ ഫ്രെയർ വിശേഷിപ്പിച്ചിരുന്നത്. ഈ സിസ്റ്റത്തെ പുട്ടുകുറ്റിയോടാണ് പ്രൊഫ. എം.പി. മൻമഥൻ ഉപമിച്ചിരുന്നത്. വിദ്യാർത്ഥിയാകുന്ന പുട്ടുകുറ്റിയിലേക്ക് അധ്യാപകനാകുന്ന പാചകക്കാരൻ അറിവാകുന്ന അരിപ്പൊടിചേർന്ന മിശ്രിതം കുത്തിനിറയ്ക്കുന്നു. പുഴുങ്ങിയ പുട്ട് പരീക്ഷയിലൂടെ കുത്തിച്ചാടിച്ചെടുക്കുന്നു. ഈ സമ്പ്രദായത്തിന്റെ വൈകല്യങ്ങൾ ശരിക്കും വിലയിരുത്തിക്കൊണ്ടാണ്, ഡി.പി.ഇ.പി പരിഹാരമാർഗ്ഗം നിർദ്ദേശിച്ചത്. അതുപോലെ, വിദ്യാർത്ഥിയെ 'ഓബ്ജെക്റ്റ്' ആയിട്ടല്ല 'സബ്ജക്റ്റ്' ആയിക്കാണണമെന്ന കാഴ്ചപ്പാടും ഡി.പി.ഇ.പി.യിലുണ്ട്. വിദ്യാഭ്യാസം അധ്യാപകന്റെ അഭ്യാസം മാത്രമല്ല എന്ന കാര്യവും അതിൽ പരിഗണിച്ചിട്ടുണ്ട്. ഭാഗഭാഗിത്വത്തോടുകൂടിയുള്ള പഠനം (Participatory Learning) എന്ന ആധുനിക കാഴ്ചപ്പാടും ഇതിലുണ്ട്. വിദ്യാഭ്യാസപ്രക്രിയയിൽ ആരും ആരെയും പഠിപ്പിക്കുകയല്ലെന്നും എന്നാൽ, അധ്യാപകരും വിദ്യാർത്ഥിയും പ്രകൃതിയും സമൂഹവുമെല്ലാം ചേർന്നു പഠിക്കാൻ പരസ്പരം സഹായിക്കുകയുമാണ് ചെയ്യുന്നതെന്നുമുള്ള കാഴ്ചപ്പാടും (Education is Interaction) ഇതിലുണ്ട്. ഭാരതീയസങ്കല്പത്തിൽ ഗുരുവിന്റെ 'റോൾ' ശിഷ്യനു 'ഷോക്ക്' കൊടുക്കുക എന്നതാണ്. നിരീക്ഷണം, നിരൂപണം, നിഗമനം എന്നീ കാര്യങ്ങളിലേക്കു ശിഷ്യനെ നയിക്കുകയാണു ഗുരു ചെയ്യേണ്ടത് എന്ന പാഠവും ഇതിലുണ്ട്. ആധുനിക കാഴ്ചപ്പാടിൽ, തയ്യാറാക്കപ്പെട്ട ടെക്സ്റ്റുബുക്ക് പഠിപ്പിക്കലല്ല വിദ്യാഭ്യാസം. വിദ്യാർത്ഥികളും അധ്യാപകരും ചേർന്നു വിഷയം പഠിച്ചു പഠനം അവസാനിക്കുമ്പോൾ ടെക്സ്റ്റുബുക്കു രൂപപ്പെടുകയാണു വേണ്ടത്.

ഉദ്ദേശിച്ചത്ര വിജയിക്കാൻ ഡി.പി.ഇ.പി.ക്കു കഴിഞ്ഞിട്ടില്ല എന്നതാണു സത്യം. വിജയിപ്പിക്കാൻ, എന്നു പറയുന്നതാകും കൂടുതൽ ശരി. കാരണം, അധ്യാപകരുടെ പ്രാപ്തിക്കുറവുതന്നെ. തുടക്കത്തിലെ ആവേശം ക്രമേണ കെട്ടടങ്ങി. തുടങ്ങിയവർ നന്നായി ഗൃഹപാഠം ചെയ്തിരുന്നു. പക്ഷേ, തുടർന്നവർ അതു ചെയ്യാതെപോയി. തുടങ്ങിയവർക്കുള്ളത്ര ഭാവനാസമ്പത്തോ ദീർഘവീക്ഷണമോ ആത്മാർത്ഥതയോ പ്രതിബദ്ധതയോ ഒന്നും തുടർന്നവർക്കില്ലാതെപോയി. പദ്ധതിയുടെ ഉടച്ചുവാർക്കലുണ്ടായില്ല എന്നതു ശരിതന്നെ. കേവലം ഉപരിപ്ലവമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടാണു പദ്ധതി മുന്നോട്ടുപോയത്. രൂപാന്തരീകരിക്കുന്ന വിധത്തിലുള്ള മാറ്റങ്ങളൊന്നും ഉണ്ടായതുമില്ല. പദ്ധതിയുടെ പേരിനു രൂപഭേദമുണ്ടാവുകയും ചെയ്തു. അങ്ങനെ, തുടക്കത്തിലെ ഡി.പി.ഇ.പി. (ഡിസ്ട്രിക്റ്റ് പ്രൈമറി എഡ്യൂക്കേഷൻ പ്രോഗ്രാം) എസ്.എസ്.എ. (സർവ്വശിക്ഷ അഭിയാൻ), ആർ.എം.എസ്.എ. (രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ), എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരള) എന്നീ പേരുകളിലൂടെയെല്ലാമാണു സഞ്ചരിച്ചത്. പ്രൈമറി -പ്രീപ്രൈമറി തലത്തിലാരംഭിച്ച്, ഹൈസ്കൂൾ, ഹയർസെക്കണ്ടറി എന്നിവ കടന്ന് കോളജുതലത്തിൽ 'അക്രഡിറ്റേഷനി'ലെത്തി എന്നതാണു അതിന്റെ ചരിത്രപാഠം. ഡോ. സാബു തോമസ് കമ്മീഷൻ ഈ സഞ്ചാരപഥത്തിലൂടെയെല്ലാം സഞ്ചരിച്ചശേഷമാണ്, റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. അതിന്റെ മികവ് റിപ്പോർട്ടിൽ പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ട്.

'ഏട്ടിലെ പശു പുല്ലു തിന്നുകേല' എന്ന വസ്തുത വിസ്മരിക്കാനാവില്ല. കുളിപ്പിച്ചു കുളിപ്പിച്ചു കൊച്ചില്ലാതാകുമോ എന്ന ഭീതിയും നിലനിൽക്കുന്നു. നാലുവർഷം നീണ്ടുനിൽക്കുന്ന ഓണേഴ്സ് ബിരുദം, ട്രിപ്പിൾ മെയിൻ ഡിഗ്രി കോഴ്സ്, സംയുക്ത ബിരുദാനന്തര ബിരുദ കോഴ്സ്, ഇന്റഗ്രേറ്റഡ് പ്രോഗ്രാം കോഴ്സ് എല്ലാമെല്ലാം കേൾവിക്കു സുഖം നൽകുന്നു. പ്രയോഗത്തിൽ ഫലമെന്താകുമെന്നു കാത്തിരുന്നു കാണുകയേ വേണ്ടൂ. 200 പുതിയ കോഴ്സുകൾ എന്ന ജംബോ പ്രോജക്റ്റും എവിടെച്ചെന്നവസാനിക്കുമെന്നു പറയാനാവില്ല.

രൂപാന്തരീകരണമാണു കരണീയമായിട്ടുള്ളതെന്നു സൂചിപ്പിച്ചുവല്ലോ. അവിടെ കൂട്ടിച്ചേർക്കലും ഏച്ചുകെട്ടലുമല്ല (Juxta Position) സമഗ്രത(Integration)യും സ്വാംശീകരണ(Assimilation)വുമാണു വേണ്ടത്. എന്തിനും എപ്പോഴും പടിഞ്ഞാറോട്ടു നോക്കാനുള്ള നമ്മുടെ അഭിനിവേശം അതിന്റെ പാരമ്യത്തിലാണിപ്പോൾ. ബ്രിട്ടീഷുകാരുടെ പിടിവിടീക്കാൻ പൂർവികർ പെട്ടപാട് നമ്മൾ വിസ്മരിക്കരുത്. യൂറോപ്പിൽ പബ്ലിക് സ്കൂൾ ആരംഭിക്കുന്നത് എ.ഡി. 800-ൽ ചാർളിമെയിൻ ചക്രവർത്തിയുടെ കാലത്താണ്. നമ്മുടെ നളന്ദയും തക്ഷശിലയും വലഭിയും വിക്രംശിലയുമൊക്കെ എ.ഡി. 500 -നു മുമ്പേ ലോകപ്രശസ്തിയാർജ്ജിച്ചിരുന്നു. നളന്ദയെപ്പറ്റി എ.ഡി. 640-ൽ ഇന്ത്യ സന്ദർശിച്ച ചൈനീസ് സഞ്ചാരി യുവാൻചാങ് (Yuan Chwang) പറയുന്നു: "Foreign Students came to the establishment to put an end to their doubts and then became celebrated, and those who 'stole' the name were treated with respect wherever they went." റോമാക്കാർ പറഞ്ഞിരുന്നു: 'Ex Oriente Lux' - 'വെളിച്ചം കിഴക്കുനിന്ന്' എന്ന്. നമ്മുടേതു മാത്രമായ പൈതൃകമാണല്ലോ ഗുരുകുലസമ്പ്രദായം എന്ന കാര്യം 'ഓൺലൈൻ ട്രാക്കി'ലൂടെ ഓടുമ്പോൾ നമ്മൾ ഓർത്തിരുന്നെങ്കിൽ എന്നാശിച്ചുപോകുന്നു. ഇന്ത്യയുടെ ആത്മാവുകണ്ടെത്തിയ മഹാത്മജിയുടെ സബർമതി ആശ്രമവും ലോകഗുരുസ്ഥാനീയനായ ടാഗോറിന്റെ ശാന്തിനികേതനും വിശ്വഭാരതിയുമൊക്കെ പടിഞ്ഞാറുള്ളവർക്കു സ്വപ്നംകാണാൻപോലും സാധിക്കാത്ത സാംസ്കാരിക കേന്ദ്രങ്ങളാണ് എന്ന കാര്യവും നമ്മൾ മനസ്സിൽ സൂക്ഷിക്കേണ്ടതല്ലേ, ആധുനികവിദ്യാഭ്യാസത്തെപ്പറ്റി ചിന്തിക്കുമ്പോൾ? ശാസ്ത്രസാങ്കേതിക വെപ്രാളത്തിൽപ്പെട്ടുപോയ നമ്മുടെ വിദ്യാഭ്യാസധുരന്ധരന്മാർ കലയും സാഹിത്യവുമൊക്കെ അന്യംനിന്നുപോകാതിരിക്കാനും കൂടി ശ്രദ്ധിച്ചിരുന്നെങ്കിൽ എന്നാശിച്ചുപോകുന്നു. പൊളിറ്റിക്സ് രാഷ്ട്രീയപാർട്ടികൾക്കു തീറെഴുതിക്കൊടുക്കുന്നത് ആശാസ്യമായി തോന്നുന്നില്ല. അതുപോലെ, ചരിത്രം വർഗീയശക്തികൾക്കും രാഷ്ട്രീയപാർട്ടികൾക്കും പൊതുസ്വത്തായി വിട്ടുകൊടുക്കുന്നതും ശരിയാണെന്നു തോന്നുന്നില്ല. ഇവയെല്ലാം സംയോജിപ്പിച്ചുകൊണ്ടും സമന്വയിപ്പിച്ചുകൊണ്ടും ആദർശശുദ്ധിയും ധാർമികചിന്തയും നീതിബോധവും സത്യസന്ധതയും ആത്മാർത്ഥതയും അർപ്പണബുദ്ധിയുമൊക്കെയുള്ള തലമുറയ്ക്കു രൂപം നൽകുന്ന വിദ്യാഭ്യാസപദ്ധതിയാണു നമ്മൾ വിഭാവനം ചെയ്യേണ്ടത്. ശാസ്ത്രസാങ്കേതികമികവിനുള്ള പ്രസക്തി ഒട്ടുംതന്നെ കുറച്ചുകാണുന്നില്ല എന്നകാര്യവും എടുത്തുപറയട്ടെ.

■

# ഡോ. ജോസ് ചിറയ്ക്കൽ അയിരൂക്കാരൻ അഭിഷിക്തനായി



*മേഘാലയയിലെ ടൂറ രൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായ ഡോ. ജോസ് ചിറയ്ക്കൽ അയിരൂക്കാരൻ, മുഖ്യകാർമ്മികനും ടൂറ രൂപത മെത്രാനുമായ ഡോ. ആൻഡ്രൂ ആർ. മരാക്ക്, സഹകാർമ്മികരായ ജൊവായ് ബിഷപ് ഡോ. വിക്ടർ ലിംഗ്ദോ, ബിഷപ് എമരിറ്റസ് ഡോ. ജോർജ് മാമലശ്ശേരി, ബൊംഗെയ്ഗോൺ ബിഷപ് ഡോ. തോമസ് പുല്ലോപ്പിള്ളിൽ എന്നിവർക്കൊപ്പം.*

ടൂറ/ മേഘാലയ: മേഘാലയയിലെ ഗാലോ മലനിരകളിൽ പരന്നുകിടക്കുന്ന ടൂറ രൂപതയുടെ സഹായമെത്രാനായി മലയാളിയായ ഡോ. ജോസ് ചിറയ്ക്കൽ അയിരൂർക്കാരൻ അഭിഷിക്തനായി.

ടൂറയിലെ സേക്രഡ് ഹാർട്ട് പള്ളിയിൽ നടന്ന ഭക്തിനിർഭരമായ അഭിഷേകച്ചടങ്ങുകളിൽ ടൂറ രൂപത മെത്രാൻ ഡോ. ആൻഡ്രൂ ആർ. മറാക്ക് മുഖ്യകാർമ്മികനായിരുന്നു. ബിഷപ് എമരിറ്റസ് ഡോ. ജോർജ് മാമലശ്ശേരി, ബോംഗെയ്ഗോൺ ബിഷപ് ഡോ. തോമസ് പുല്ലോപ്പിള്ളിൽ, ജൊവായ് ബിഷപ് ഡോ. വിക്ടർ ലിംഗ്ദോ എന്നിവരും നൂറോളം വൈദികരും സഹകാർമ്മികരായിരുന്നു. ചടങ്ങിൽ, ഫ്രാൻസീസ് മാർപാപ്പായുടെ സന്ദേശം ലത്തീനിലും ഇംഗ്ലീഷിലും വായിച്ചു.

മേഘാലയ മുഖ്യമന്ത്രി കോൺറാഡ് സാങ്മ, ജയിംസ് കെ. സാങ്മ, അഗത കെ. സാങ്മ എം.പി. എന്നിവരും എം.എൽ.എ.മാരും രാഷ്ട്രീയ, ഉദ്യോഗസ്ഥ സാമൂഹികമേഖലകളിൽനിന്നുള്ള പ്രമുഖരും ചടങ്ങിനെത്തിയിരുന്നു.

എറണാകുളം - അങ്കമാലി രൂപതയിലെ കറുകുറ്റി ഇടവകാംഗമാണ് ഡോ. ജോസ് ചിറയ്ക്കൽ അയിരൂക്കാരൻ.

# നെതർലണ്ടിലെ പൂക്കളുടെ പറുദീസാ



സാംസൺ പാലാ

യാത്ര

**നെ**തർലണ്ടിന്റെ തലസ്ഥാനമായ ആംസ്റ്റർഡാമിനടുത്ത് ലിസ്സെ പട്ടണത്തിൽ ഇംഗ്ലീഷ്മാതൃകയിൽ രൂപകല്പന ചെയ്തിട്ടുള്ള ലോകത്തിലെ ഏറ്റവും വലുതും അതിമനോഹരവുമായ പൂന്തോട്ടമാണ് ക്യൂകെൻഹോഫ് എന്നറിയപ്പെടുന്ന പൂക്കളുടെ പറുദീസ. ഒരേ വലിപ്പത്തിലും നിറത്തിലുമുള്ള ലക്ഷക്കണക്കിന് ബൾബുപൂക്കൾ (ടുളിപ്) സന്ദർശകരെ വരവേൽക്കാൻ ഇവിടെ ഫുട്പാത്ത് ഈ പൂക്കളുടെയിടയിൽക്കൂടി പ്രത്യേകമൊരുക്കിയിരിക്കുന്നു. 90ൽപ്പരം കളറുകളിലുള്ള ടുളിപ് പൂക്കൾ അടുക്കും ചിട്ടയോടുംകൂടി രൂപകല്പന ചെയ്യുവാൻ അനേകം കലാകാരന്മാരെ ഇവിടെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അനേകം ജോലിക്കാർ സദാസമയവും ഇവയെ നിരീക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതു കാണാം. പൂക്കൾകൊണ്ട് മനുഷ്യരുടെയും മൃഗങ്ങളുടെയും പലവിധ പ്രതിമകൾ, മലകൾ, കുന്നുകൾ എല്ലാം മനോഹരമായി ഒരുക്കിയിരിക്കുന്നു. നോക്കെത്താ ദൂരത്തിൽ പൂത്തുനിൽക്കുന്ന ഇത്രയധികം ബൾബുപൂക്കൾ മറ്റൊരിടത്തും കാണാൻ സാധിക്കുകയില്ല. വിരിഞ്ഞുകഴിഞ്ഞാൽ അനേകനാൾ വാടാതെ നിൽക്കുമെന്നത് ഈ പൂവിനുള്ള വലിയൊരു പ്രത്യേകതയാണ്.

നല്ലൊരു തടാകവും ഈ ഉദ്യാനത്തിലൊരുക്കിയിട്ടുണ്ട്. ഇതിൽ അരയന്നങ്ങൾ നീന്തിത്തു

ലോകമെങ്ങുമുള്ള പല രാജ്യങ്ങളിലും ഈ പൂക്കളുടെ വലിയ ഉത്സവങ്ങൾ നടക്കുന്നുണ്ട്. കൂടുതലും വടക്കേ അമേരിക്കയിലാണ്. ന്യൂയോർക്ക്, മിഷിഗൺ, വെർനോൺ മൗണ്ട്, ന്യൂസിലാന്റ്, ഹോളണ്ട്, ഓസ്ട്രേലിയ, ഇംഗ്ലണ്ട്, അൽബാനി എന്നീ രാജ്യങ്ങൾ ഈ ഉത്സവം സജീവമായി ആഘോഷിക്കുന്നു. ഉത്സവവേളകളിൽ നഗരം മുഴുവൻ ടുളിപ് പൂക്കൾകൊണ്ടു നിറഞ്ഞിരിക്കും. ഇതിൽ പങ്കെടുക്കാൻ അനേകം ടൂറിസ്റ്റുകൾ ഈ സമയത്തെത്തും. ലോകത്തു പല രാജ്യങ്ങളിലും ഇതു വൻതോതിൽ കൃഷി ചെയ്യുന്നുണ്ടെങ്കിലും ഏറ്റവും കൂടുതൽ പൂക്കൾ കയറ്റിയയയ്ക്കുന്നതും വിപണിയിലെത്തിക്കുന്നതും നെതർലണ്ടാണ്. ഇന്ത്യയിൽ കാഷ്മീരിലെ ശ്രീനഗറിൽ ഇന്ദിരാഗാന്ധി മെമ്മോറിയൽ ടുളിപ് ഗാർഡനിൽ മുപ്പതേക്കർ സ്ഥലത്ത് അതിമനോഹരമായി ഇതു കൃഷി ചെയ്യുന്നു.



അണിഞ്ഞൊരുങ്ങിനിൽക്കുന്നു. ടുളിപ് പൂക്കളുടെ ഹൈബ്രീഡ് വിത്തുകൾ ഇവിടുത്തെ റിസേർച്ച് ലാബുകളിൽ വികസിപ്പിച്ചെടുക്കുന്നു.

എൺപത് ഏക്കറോളം വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഈ ഉദ്യാനത്തിൽ പ്രതിവർഷം 70 ലക്ഷത്തിൽപ്പരം ടുളിപ് പൂക്കൾ നട്ടുവളർത്തുന്നു. ഹയാസീസ്, ഡീഫോൾഡിൻ, കാർനേഷൻ, ഐറിസ് എന്നിവ കൂടാതെ നിരവധിയിനം റോസാപ്പൂക്കളും നമ്മൾ കണ്ടിട്ടില്ലാത്ത ആയിരക്കണക്കിന് മറ്റനവധി തരത്തിലും നിറത്തിലുമുള്ള പൂക്കളും ഇവിടെയുണ്ടെങ്കിലും 90 ശതമാനത്തോളം ടുളിപ് പൂക്കളാണ്. കാഴ്ചക്കാർക്കു നടന്നു കാണുവാൻ 15 കിലോമീറ്റർ ടിക്കുന്നു. ജലാശയവും അവയുടെ തീരങ്ങളിൽ നട്ടുവളർത്തിയിരിക്കുന്ന മനോഹരവൃക്ഷങ്ങളും വെള്ളത്തിൽ വിഹരിക്കുന്ന അരയന്നങ്ങളും ഈ പൂന്തോപ്പിന്റെ ഭംഗി വർദ്ധിപ്പിക്കുന്നു. പൂക്കളുടെ ഫോട്ടോകൾ ഇഷ്ടംപോലെ എടുക്കാമെങ്കിലും ഒരു പൂവിനെപ്പോലും തൊടാനനുവദിക്കുകയില്ല. സ്ഥലത്തിന്റെ കിടപ്പനുസരിച്ചും നിറങ്ങളുടെ യോജിപ്പനുസരിച്ചും ടുളിപ് പൂക്കൾ കൃഷിചെയ്തിരിക്കുന്ന കാഴ്ച നമ്മെ അത്ഭുതപ്പെടുത്തും. വിശാലമായ ഉദ്യാനത്തിന്റെ സൗന്ദര്യം ശരിക്കാസ്വദിക്കണമെങ്കിൽ ദിവസങ്ങൾ വേണ്ടിവരും.

പൂന്തോട്ടത്തിന്റെ വിവിധ ദൃശ്യങ്ങളടങ്ങിയ വാൾപേപ്പർ ചിത്രങ്ങൾ ഇവിടെ ലഭ്യമാണ്.

1950–ൽ പ്രവർത്തനമാരംഭിച്ച, യൂറോപ്പ് ഗാർഡൻ എന്നു പേരു കൂടിയുള്ള ഈ നിത്യവസന്തപൂങ്കാവനം സന്ദർശിക്കുവാൻ ദിവസം 26000 ത്തോളം സന്ദർശകരെത്തുന്നുവെന്നാണു കണക്ക്. ആംസ്റ്റർഡാമിനും ഷിഫോൾ വിമാനത്താവളത്തിനും തൊട്ടടുത്തായി സ്ഥിതി ചെയ്യുന്ന ഈ രാജകീയ ഉദ്യാനം മുഴുവൻ കാണുവാൻ സമയമില്ലാതിരുന്നതിനാൽ വസന്തകാലത്തിന്റെ ഓർമ്മകളുമായി ഞങ്ങൾ തിരിച്ചു വരുമ്പോൾ പൂവിൽ പുണർന്നു നിന്ന ജലകണങ്ങൾ വെയിലിനു കീഴടങ്ങിയിരുന്നു. രാജകീയ നഗരമായിരുന്ന ആംസ്റ്റർ ഡാമിലെ പൂക്കളുടെ വൃന്ദാവനം മനസ്സിൽ മായാതെ നില്ക്കുന്നു.

□

പ്രണയപാഠാവലി (48)

# പുഷ്കലമാകുന്ന മേന്മകൾ



ഡോ. ആന്റണി ജോസ്

**വി**വാഹപൂർവ്വ പ്രണയാനുഭവങ്ങളെ ഇനം തിരിച്ചു കാണുകയുണ്ടായി. പ്രണയം ഹൃദയരഹസ്യമായി കൊണ്ടുനടക്കുന്നവരും പ്രണയബന്ധിതരായിക്കഴിഞ്ഞു പിൻവാങ്ങിയവരും ഒടുവിലെത്തിച്ചേരുക ഏറെക്കുറെ സമാന സാഹചര്യങ്ങളിലാണ്.

ഇനി തികച്ചും വേറിട്ടൊരു കാഴ്ചയിലേക്കു കടക്കാം. മുന്നനുഭവങ്ങളൊന്നുമില്ലാതെ കുടുംബജീവിതത്തിലേക്കു കാലെടുത്തുവച്ച ദമ്പതിമാർ. മൂന്നു ഘട്ടങ്ങൾ നിശ്ചയമായും അവരെ കാത്തിരിപ്പുണ്ട്. ആദ്യത്തേത് കാല്പനികതയുടെ കാലയളവാണ്. മിക്കപ്പോഴും അതിനു ദൈർഘ്യം കുറവായിരിക്കും.



ശരീര ഇന്ദ്രിയമനസ്സുകൾ യാഥാർത്ഥ്യത്തെക്കാളുപരിയായി, ഭാവപ്പൊലിമകൊണ്ടു നിറയുന്നു. അവിടെ ഹർഷോത്സുകത നഷ്ടപ്പെടുത്തുന്ന യാതൊന്നും രംഗപ്രവേശം ചെയ്യുന്നില്ല. ചെയ്താൽത്തന്നെ തിരിച്ചറിയപ്പെടണമെന്നുമില്ല. 'നീയില്ലാതെ, നീയല്ലാതെ...' എന്നൊക്കെത്തന്നെയാണ് ശരണമന്ത്രങ്ങൾ.

രണ്ടാം ഘട്ടത്തിൽ യാഥാർത്ഥ്യബോധം പതിയെപ്പതിയെ മേൽക്കൈ നേടിത്തുടങ്ങുകയായി. ക്ഷണിക്കാത്ത അതിഥിയെപ്പോലെ പല വെല്ലുവിളികളും കടന്നുവരും. ഉൾക്കൊള്ളാനാവാത്ത പങ്കാളിയുടെ സ്വഭാവസവിശേഷതകൾ ഇതിൽപ്പെടുന്നു. ഓരോരുത്തരുടെയും ജീവിതപശ്ചാത്തലം, പാരമ്പര്യസിദ്ധമായ പ്രകൃതം എന്നിവയൊക്കെ ഇത്തരം സ്വഭാവരൂപീകരണത്തിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ടാകാം.

പങ്കാളിയുടെ നിലപാടുകൾ തനിക്കിണങ്ങാതെ വരുമ്പോൾ പ്രതിഷേധം പ്രകടിപ്പിക്കുക സ്വാഭാവികമാണ്. അങ്ങനെ ഒരു പുറംതിരിയൽനയം സ്വീകരിക്കുന്നതോടെ സ്ഥിതി കൂടുതൽ പ്രക്ഷുബ്ധമാകുന്നു. എങ്കിലും അവർക്കറിയാം; അവർ ഗാഢപ്രണയത്തിലാണെന്ന്, ഒന്നാകാതെ വേറേ ഒത്തുതീർപ്പില്ലെന്നും. കാല്പനികതയുടെ ആഹ്ലാദമുദ്രകൾ ഒരു വാക്സിൻപോലെ അവർക്കു ശേഷിയും ശേമുഷിയും നൽകിക്കൊണ്ടേയിരിക്കും. അങ്ങനെയാണ് സമവായത്തിന്റെ പാതയിലേക്ക് അവർ വന്നെത്തുക. അതു ശുഭോദർക്കമായ സംഗതിതന്നെയാണ്. വിരുദ്ധധ്രുവങ്ങൾ വിട്ട്, പരസ്പരാഭിമുഖ്യത്തോടെ ഇരുവരും അന്യോന്യം അടുത്തുതുടങ്ങുന്നു. ഈ ഋജുരേഖാസഞ്ചാരം, പരസ്പരാശ്ലേഷത്തിൽ കലാശിക്കുന്നില്ലെങ്കിൽക്കൂടി വലിയൊരു കാൽവയ്പാണ്. സമ്മർദ്ദങ്ങൾ പെയ്തൊഴിയാനും പ്രണയം സജീവമാക്കാനും അതിടയാക്കും. പങ്കാളിയുടെ പെർഫോമൻസ് വ്യക്തിഗതമാണെങ്കിൽക്കൂടി ന്യായത്തിന്റെ ത്രാസിൽ തുലനം ചെയ്യപ്പെടുന്നു. അവിടെ മേന്മയും ന്യൂനതയും വിചാരണ ചെയ്യപ്പെടും. മിക്കപ്പോഴും പുഷ്ക്കലമായിരിക്കുക മേന്മതന്നെയാണ്. വല്ലപ്പോഴും സംഭവിച്ചുപോയ വീഴ്ചയുടെ പേരിൽ സമരകാഹളം മുഴക്കുന്നതിലെ അന്തസ്സാരശൂന്യത, അങ്ങനെ മറനീക്കി പുറത്തു വരുന്നു. പങ്കാളിയുമായി കടുത്ത ഭിന്നതയിലായിരിക്കുന്നത് നന്മ പൂജ്യമായതുകൊണ്ടല്ല, ചെറിയൊരു പാളിച്ചയെ വലുതായി കാണുന്നതുകൊണ്ടാണ്. മിഴിവുറ്റ ദാമ്പത്യജീവിതത്തിൽ ഇത്തരം ദർശനങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല; അതു സ്വയംഭൂവാണ്.

പക്വതയോടെ വിവാഹബന്ധത്തിലേക്കു കടന്നുവരുന്നവർക്ക്, ദാമ്പത്യം ഒരു അനുഷ്ഠാനമായിത്തീരുന്നില്ല. അവർക്കു മനംനിറയാൻ അനവധി സങ്കല്പങ്ങളുണ്ട്. അനുപൂരകത്വം നൽകുന്ന സ്ഥായീഭാവം, കരഗതമാക്കേണ്ട ലക്ഷ്യങ്ങൾ, മക്കളുടെ വർണ്ണോജ്ജ്വലമായ ഭാവി, കുടുംബത്തിന്റെ സൽപ്പേര്, തലമുറയുടെ പിതൃത്വം – എല്ലാമെല്ലാം.

ഭർത്താവും ഭാര്യയും ഒന്നായിത്തീരുമ്പോൾ, അവരിരുവരുമായി ബന്ധപ്പെട്ട മുഴുവൻ വിഭവസ്രോതസ്സുകളും ഗണിതത്തിലെ സങ്കലനംപോലെ പരിണമിക്കുന്നു. സുഹൃദ്ബലം, ബന്ധുബലം ഇതൊക്കെ എടുത്തുപറയേണ്ടതുണ്ട്. എന്തിനേറെ, വ്യക്തിനിഷ്ഠമായ ആലോചന, ബുദ്ധിപരമായ നീക്കങ്ങൾ എല്ലാറ്റിലും ദിത്വസന്ധിയുടെ പെരുക്കങ്ങൾ കാണാം.

കാല്പനികതയുടെ ലോകത്തുനിന്നു കയ്പും നീറ്റലുമുള്ള ഊഷരതയിലേക്കാണവർ വന്നത്. പക്ഷേ, ചതുപ്പിലെന്നപോലെ താഴ്ന്നുപോകാൻ അവർ കൂട്ടാക്കിയില്ല. സമവായപ്പെട്ട് കൂടുതൽകൂടുതൽ മനസ്സിലാക്കുകയും ബലമുള്ള കണ്ണികളായി മാറുകയും ചെയ്യും. ഇതാണ് ദാമ്പത്യജീവിതത്തിലെ ഏറ്റവും ഊർവ്വരമായ ദശാസന്ധി എന്നു പറയാം. അവിടെ ഇണകൾ യന്ത്രങ്ങളല്ല. യാഥാർത്ഥ്യവും കാല്പനികതയും സൗകുമാര്യത്തോടെ ഇഴചേർന്നിരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ നിന്നു വേണം, വിവാഹപൂർവ്വപ്രണയങ്ങളുടെ ഭാവി പ്രവചിക്കുവാൻ.

(തുടരും)

നോവൽ 16

# അശരണ്യായനം

ഗിരീഷ് കെ. ശാന്തിപുരം

## മഹാവൃക്ഷത്തിന്റെ തണലിൽ

ഒരുദിവസം റോസമ്മയെ കാണാതായി. എവിടെപ്പോയെന്ന് ആർക്കും ഒരു നിശ്ചയവുമില്ല. പൗലോസും അപ്പനും അവളുടെ പിഴകിലെ വീട്ടിലും അന്വേഷിച്ചു. അവിടെയും ചെന്നിട്ടില്ല. പിന്നെ പ്പിന്നെ നാട്ടിലൂടെ അടക്കിപ്പിടിച്ച ഒരു വർത്തമാനം ഒരു ചെറുകാറ്റുപോലെ പടർന്നേറി.

റോസമ്മ ആരുടെയോകൂടെ ഒളിച്ചോടി.

"അവള് ആരാണ്ടടെകൂടെ ഒളിച്ചോടിപ്പോയി കുഞ്ഞച്ചാ..."

പൗലോസിന്റെ അപ്പനാണ് അതു പറഞ്ഞത്. കുഞ്ഞച്ചൻ നോക്കുമ്പോൾ പൗലോസിന്റെ കണ്ണുകൾ വിദൂരതയിലെവിടെയോ ആയിരുന്നു. അത് അപമാനവും സങ്കടവും പേറുന്നതുപോലെ കുഞ്ഞച്ചനു തോന്നി. കുഞ്ഞച്ചൻ പറഞ്ഞു:

"ആരു പറഞ്ഞു ഇതൊക്കെ. റോസമ്മ വാണിയപ്പുരയ്ക്കലെ വീട്ടിലുണ്ട്."

അവിശ്വാസം മുറ്റിയ കണ്ണുകളോടെ പൗലോസ് കുഞ്ഞച്ചനെ നോക്കി. ഒരു നനഞ്ഞ കാറ്റ് പൗലോസിലൂടെ വീശിക്കടന്നുപോയി. ദൂരെയെവിടെയോ ഒരു മരുപ്പച്ച അവൻ കണ്ടു. ഇലഞ്ഞികൾ പൂത്തുനിൽക്കുന്ന ഒരു തുരുത്ത്. അവന്റെ മനസ്സിന്റെ ഭാരം ഒന്നയഞ്ഞു കിട്ടി.

"പൗലോസേ, നീ ഒന്നു കുളിച്ചിട്ട് ഉള്ളതിൽ നല്ലതെടുത്തുടുക്ക്. നമുക്ക് വാണിയപ്പുരയ്ക്കലോളം പോകണം." കുഞ്ഞച്ചൻ പറഞ്ഞു.

പൗലോസ് കുളിച്ചുവന്നു. ഉള്ളതിൽ നല്ലതെടുത്തുടുത്തു. കുഞ്ഞച്ചനോടൊപ്പം ഇറങ്ങി. വാണിയപ്പുരയ്ക്കലെ ഒറ്റമുറിവീട്ടിലെത്തുവോളം ആരും ഒന്നും സംസാരിച്ചില്ല. പൗലോസിനോട് എന്തൊക്കെയോ സംസാരിക്കണമെന്നു കുഞ്ഞച്ചനുണ്ടായിരുന്നു. പക്ഷേ, അതുണ്ടായില്ല. ഒന്നും കേൾക്കാനും ഗ്രഹിക്കാനുമുള്ള മനസ്സ് പൗലോസിനുണ്ടാവില്ല എന്ന് കുഞ്ഞച്ചനറിയാമായിരുന്നു.

വാണിയപ്പുരയ്ക്കലെ ഒറ്റമുറിവീട് തുറന്ന് പൗലോസിനെയും കൊണ്ട് കുഞ്ഞച്ചൻ അകത്തു കയറി. മുറിയുടെ മൂലയിൽ കൂനിക്കൂടിയിരിക്കുകയായിരുന്നു റോസമ്മ. അവൾ തട്ടിപ്പിടഞ്ഞെഴുന്നേറ്റു.

വാതിൽ തുറന്ന് അകത്തു വരുന്നതു കുഞ്ഞച്ചനായിരിക്കുമെന്ന് അവൾ ഉറപ്പിച്ചിരുന്നു. പക്ഷേ, കുഞ്ഞച്ചനോടൊപ്പം തന്റെ കെട്ടിയോനുമുണ്ടാകുമെന്ന് അവൾ സ്വപ്നേപി വിചാരിച്ചിരുന്നില്ല. അവൾ ചെറുതായൊന്നു നടുങ്ങി.

പൗലോസിന്റെ കണ്ണുകളുടെ ആഴങ്ങളിലെ വ്യസനം അവൾ അറിഞ്ഞു. അവൾ അവനും കുഞ്ഞച്ചനും നേരേ മുഖം കുനിച്ചു.

"നിങ്ങൾ കർത്താവിന്റെ നാമത്തിൽ വിവാഹം കഴിച്ചവരാണ്. മരണംവരെ സൗഖ്യത്തിലും സങ്കടങ്ങളിലും ഒരുമിച്ചു ജീവിക്കേണ്ടവർ. മരണശേഷം സ്വർഗ്ഗത്തിലും. അതുകൊണ്ട് ഇനിയുള്ള കാലം എല്ലാം മറന്നും പൊറുത്തും ഒരുമിച്ചു ജീവിക്കാമെന്നു തോന്നും വരെ ഇവിടെ താമസിക്ക്." കുഞ്ഞച്ചൻ അവരോടു പറഞ്ഞു.

പിന്നെ പുറത്തിറങ്ങി വാതിൽ പൂട്ടി. കുഞ്ഞച്ചനും കൂട്ടരും തിരിച്ചുനടന്നു. നടക്കുമ്പോൾ കുഞ്ഞച്ചൻ ഉപദേശിയോടു പറഞ്ഞു:

"ഇവർക്കുള്ള ഭക്ഷണം നേരാനേരങ്ങളിൽ എത്തിച്ചുകൊടുക്കണം."

"കൊടുക്കാം കുഞ്ഞച്ചാ. എന്തുവേണേലും കൊടുക്കാം. പക്ഷേ, ഇവിടെ ഇങ്ങനെ അടച്ചിട്ടിരുന്നാൽ എന്താകും?"

"രണ്ടുമൂന്നു ദിവസം അതിനകത്തു കഴിയട്ടെ. ഉപദേശി നോക്കിക്കോ എല്ലാം ശരിയാകും..." കുഞ്ഞച്ചൻ പറഞ്ഞു.

ഉപദേശിയപ്പോൾ റോസമ്മയെക്കുറിച്ചാണു ചിന്തിച്ചത്. ഒരു പെട്ടവൾ. ഭർത്താവിനെ ഉപേക്ഷിച്ചുപോയവൾ. പരപുരുഷന്മാരുടെകൂടെ കഴിഞ്ഞവൾ.

മാദകത്വവും സൗന്ദര്യവുമുള്ള അവളുടെ ശരീരത്തിനകത്ത് ചീഞ്ഞഴുകിയ, നാറ്റം വമിക്കുന്ന ഒരു മനസ്സാണെന്ന് ഉപദേശി കണ്ടു. കുഞ്ഞച്ചൻ പറഞ്ഞതുപോലെ എല്ലാം ശരിയാകുമെന്ന് ഉപദേശിക്കു വിശ്വസിക്കാനായില്ല. എല്ലാം മറന്ന്, മനസ്താപംകൊണ്ട് തന്റെ തെറ്റുകൾ കഴുകിക്കളഞ്ഞ് റോസമ്മ ഇനിയൊരു കുടുംബജീവിതത്തിലേക്കു മടങ്ങിവരുമോ? പൗലോസിനെ ഉള്ളുതുറന്നു സ്നേഹിക്കാനാകുമോ റോസമ്മയ്ക്ക്?

റോസമ്മ മരയഴികളിട്ട ജാലകത്തിലൂടെ പുറത്തെ മാവിൻകൂട്ടങ്ങൾക്കിടയിലെ ആകാശം നോക്കിനിന്നു. അവൾ പൗലോസിനോടു ശബ്ദിച്ചില്ല. അതിനവൾക്ക് ആകുമായിരുന്നില്ല. ഒരു കാരാഗൃഹത്തിന്റെ കനത്ത ചുവരുകൾക്കിടയിൽപ്പെട്ടുപോയ ഒരു വളുടെ മനസ്സായിരുന്നു അവൾക്കപ്പോൾ.

നിരാശാഭരിതവും വികലവുമായ ഒരു മനസ്സ്.

പുറത്ത് വെയിൽ കത്തുന്നു. അവളുടെ ഹൃദയവും അങ്ങനെ തന്നെ. തൊട്ടടുത്ത് തന്റെ കഴുത്തിൽ മിന്നുകെട്ടിയ മനുഷ്യൻ നില്പുണ്ട്. പക്ഷേ, അയാളുടെ കണ്ണുകളിലേക്ക് ഒന്നു നോക്കുവാൻപോലുമുള്ള ധൈര്യം അവൾക്കുണ്ടായിരുന്നില്ല. അവൾക്കു തല ചുറ്റുന്നതുപോലെയും മനംപിരട്ടുന്നതുപോലെയും തോന്നി. തൊണ്ട വരളുന്നു.

അവൾ വെട്ടുകൽച്ചുവരും ചാരി നിലത്തു കുന്തിച്ചിരുന്നു. രണ്ടുമൂന്നു ദിവസങ്ങൾക്കുമുമ്പ് താൻ എന്താണു ചെയ്തതെന്ന് റോസമ്മ ചിന്തിച്ചു. താൻ സുഖവും സന്തോഷവും തേടിപ്പോയതാണ്. ഉള്ളിൽ ആഗ്രഹങ്ങളുടെ ഒരു അഗ്നിപർവ്വതം തിളച്ചുമറിയുന്നുണ്ടായിരുന്നു. നല്ല ഭക്ഷണം... നല്ല വസ്ത്രം... ശരീരത്തിന്റെ അടക്കാനാവാത്ത അഭിലാഷങ്ങൾ...

ഒരു ചെറുപ്പക്കാരൻ. സവർണകുലജാതൻ. അതൊക്കെ ഒരു പ്രലോഭനമായി കൈക്കുടന്നയിൽ വച്ചുനീട്ടിയപ്പോൾ താൻ വീണുപോയി. താൻ ഒരു പുതിയ ജീവിതം സ്വപ്നം കാണുകയായിരുന്നു. പുതിയ മോഹങ്ങൾ പൂക്കുകയായിരുന്നു.

പക്ഷേ, സംഭവിച്ചതു മറ്റൊന്നാണ്. അവനോടൊപ്പം ആരുമറിയാതെ പുറപ്പെടുമ്പോൾ മനസ്സിന്റെ വിദൂരതയിൽ ഒരു നക്ഷത്രം പൂത്തുനില്പുണ്ടായിരുന്നു. താൻ ആഗ്രഹിച്ചതുപോലെ മദനഭരിതമായ ഒരു ജീവിതം. അല്ലലും അലച്ചിലുമില്ലാത്ത ഒരു കാലം...

അതൊക്കെ വെറും മോഹങ്ങൾ മാത്രമായിരുന്നു. കാലം കരുതിവച്ചതുപോലെ പൊട്ടിക്കാനാവാത്ത ഒരു ചിലന്തിവലയ്ക്കുള്ളിലാണ് താൻ ചെന്നുപെട്ടത്.

ഏറ്റുമാനൂരെ രഹസ്യസ്ഥലത്തെത്തിയപ്പോൾ അവനോടൊപ്പം മറ്റു ചിലരുമുണ്ടായിരുന്നു. അവന്റെ സഹായികളെന്ന് ആദ്യം കരുതി. പക്ഷേ, അവർക്കും വേണ്ടിയിരുന്നത് തന്റെ ശരീരമായിരുന്നു. അതും അവന്റെ സമ്മതപ്രകാരം.

അതറിഞ്ഞപ്പോഴാണ് റോസമ്മയുടെ മനസ്സ് ഛിന്നഭിന്നമായിപ്പോയത്. എങ്കിലും വഴങ്ങിക്കൊടുക്കുകയല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നുമുണ്ടായിരുന്നില്ല.

തന്റെ ശരീരത്തിലെ അവയവങ്ങൾ ഛേദിക്കപ്പെടുന്നതുപോലെ അവൾക്കു തോന്നി. അട്ടയും വിഷപ്പാമ്പുകളും ശരീരത്തിലൂടെ ഇഴഞ്ഞുനടക്കുന്നു. വരിഞ്ഞുമുറുക്കുന്നു. ഇനി തന്റെ മുൻപിൽ മരണം മാത്രമാണ് രക്ഷപ്പെടാനുള്ള മാർഗ്ഗം. അവൾ അങ്ങനെ തന്നെ തീരുമാനിച്ചുറച്ചു.

രാത്രി. അതു തന്റെ അവസാനത്തേതാണെന്ന് അവൾ നിശ്ചയിച്ചു. കനത്ത, പതഞ്ഞുപൊന്തുന്ന ഇരുട്ടിന്റെ പാളികളിൽ കാലം തന്റെ മരണം രേഖപ്പെടുത്തിയിരിക്കുന്നു. മരച്ചില്ലകളിൽ ആകാശം കണ്ണീർ വീഴ്ത്തുന്നു.

ഉടുത്തു മുഷിഞ്ഞ മുണ്ട് ചുരുട്ടി കുടുക്കിട്ട് ആരും കാണാതെ ഒളിപ്പിച്ചുവച്ചു. മുകളിലെ ഉത്തരത്തിൽ അവൾ മരണത്തിന്റെ സ്ഥാനം കണ്ടു.

പക്ഷേ, അപ്പോഴാണ് നിനച്ചിരിക്കാതെ മരണത്തെയും ഇരുട്ടിനെയും നെടുകെപ്പിളർന്ന് കുഞ്ഞച്ചനും കൂട്ടരും അവളിലേക്കു വന്നത്, ദൈവദൂതന്മാരെപ്പോലെ...

അതൊരു സന്ദിഗ്ധഘട്ടം തന്നെയായിരുന്നു.

തന്റെ ഇത്രയും കാലത്തെ വൈദികജീവിതത്തിനിടയിൽ ഒരിക്കലും അഭിമുഖീകരിച്ചിട്ടില്ലാത്ത വണ്ണം വിഷമം പിടിച്ച ഒന്ന്. എങ്ങനെ ഈ പ്രശ്നത്തിനു പരിഹാരം കാണണമെന്ന് എത്ര ആലോചിച്ചിട്ടും കുഞ്ഞച്ചനു നിശ്ചയം കിട്ടിയില്ല.

ഇത് ദളിത്ക്രൈസ്തവരുടെ അഭിമാനപ്രശ്നമാണ്. അവരുടെ ആത്മാഭിമാനത്തിനു മുറിവേറ്റുകൂടാ. അതവരെ നിരാശരാക്കും. അവരുടെ വിശ്വാസങ്ങളെ തളർത്തിക്കളയും.

ജനിച്ചുവീണ മതവും രൂഢമൂലമായ അന്ധവിശ്വാസങ്ങളും ഒരു ഭാണ്ഡത്തിൽ മുറുക്കി ഗതകാലത്തിന്റെ പിമ്പാമ്പുറങ്ങളിലേക്ക് എറിഞ്ഞുകളഞ്ഞ്, പരിവർത്തനം ചെയ്യപ്പെട്ട് ക്രൈസ്തവരായിത്തീർന്നവരാണവർ. ഇനിയും ദുരാചാരങ്ങളുടെ ഇരകളായിത്തീരുക എന്നുവച്ചാൽ അവർക്കത് സഹിക്കാവുന്നതിലപ്പുറമായിരിക്കും. അഥവാ അങ്ങനെ സംഭവിച്ചാൽ വന്നിടത്തേക്കുതന്നെ മടങ്ങിപ്പോകാനും അവർ മടിച്ചേക്കില്ല. അങ്ങനെ സംഭവിച്ചുകൂടാ.

ആലോചനയില്ലാതെ, വിവേകപൂർവ്വമല്ലാതെ എന്തെങ്കിലും ചെയ്തുകൂട്ടിയാൽ അതൊരു ജാതിപ്പോരായി പരിണമിക്കാനും മതി. ഒരു മതസ്പർദ്ധയുടെ തീപ്പൊരി വീണുകിട്ടാൻ കാത്തിരിക്കുന്ന സവർണ്ണഹിന്ദുക്കളുണ്ട് രാമപുരത്ത്. അവരത് ഊതിപ്പെരുപ്പിക്കും. ഈ നാട്ടിൽ വർഗ്ഗീയതയുടെ തീപ്പൊരി ചിതറും.

അതുകൊണ്ട് ഇലയ്ക്കും മുള്ളിനും കേടില്ലാതെ പ്രശ്നം പരിഹരിക്കണം. കുഞ്ഞച്ചൻ ആലോചനയിലാണ്ടു.

രാമപുരത്തുനിന്ന് രണ്ടുമൂന്നു കിലോമീറ്റർ അകലെ ഒരു ദളിത് ക്രൈസ്തവൻ മരണപ്പെട്ടിരിക്കുന്നു. അയാളുടെ മൃതശരീരം പള്ളിയിലേക്ക് എടുക്കുക നമ്പൂതിമാരുടെ പുരയിടത്തിലൂടെയാണ്. അത് നമ്പൂരിമാർക്കു സമ്മതമല്ല. ഒരു പുലയന്റെ ശവം അവരുടെ പുരയിടം തീണ്ടിക്കൂടാ. അശുദ്ധമാകും. എന്തു വന്നാലും ശവം തടയുകതന്നെ. അവർ തീരുമാനിച്ചു.

മറ്റൊരു മാർഗ്ഗവും ദളിത് സഹോദരന്മാരുടെ മുൻപിലുണ്ടായിരുന്നില്ല. അവർ കുഞ്ഞച്ചനെ ശരണം പ്രാപിച്ചു. എല്ലാറ്റിനും കുഞ്ഞച്ചനാണ് അവരുടെ അവസാനത്തെ ആശ്രയം. അവരുടെ വഴികാട്ടി. മറ്റൊരു സങ്കേതവും അവർക്കെവിടെയുമില്ല.



ശേഷം 13-ാംപേജിൽ

# അനുഭവം ഗുരുവായില്ലെങ്കിൽ ഭാവി ഗുരുതരം



പ്രിൻസ്‌രാജ്

"കൊച്ചി പഴയ കൊച്ചി അല്ലായിരിക്കും. പക്ഷേ, ബിലാല് പഴയ ബിലാല് തന്നെയാ," എന്നു പറഞ്ഞപോലെ കാലാവസ്ഥ പഴയ കാലാവസ്ഥ അല്ലായിരിക്കും. പക്ഷേ, കേരളം പഴയ കേരളം തന്നെയാണ്. അതാണു പ്രശ്നം. രണ്ടു പ്രളയം നമ്മൾ കണ്ടുകഴിഞ്ഞു. ഇക്കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന ആർക്കും പരിചിതമല്ലാത്ത മറ്റൊരു മുഖമാണ് പ്രകൃതിയിൽ കണ്ടത്. 2018 ൽ അതാദ്യം നമ്മൾ കണ്ടു. ഭയന്നു വിറച്ചു. ആ അമ്പരപ്പും ഭയപ്പാടും മാറുംമുമ്പേ വീണ്ടും അതേ അനുഭവം. 2019 ലെ പ്രളയം. ഇനിയുള്ള കാലം മഹാമാരിയും പ്രളയവും ആവർത്തിക്കാനാണു സാധ്യതയെന്നു കാലാവസ്ഥാവിദഗ്ധരും പരിസ്ഥിതിശാസ്ത്രജ്ഞരും ഉറപ്പിച്ചുപറയുന്നതിനു നമ്മൾ വിലകല്പിച്ചേ മതിയാകൂ. എന്നാൽ, നിരാശാജനകം എന്നുപറയട്ടെ, നമ്മുടെ നാട്ടിലെ ഭരണസംവിധാനത്തിന്റെ സ്ഥായീഭാവങ്ങളായ മെല്ലെപ്പോക്കും ഉദാസീനതയും പ്രളയപ്രതിരോധപ്രവർത്തനങ്ങളിലും ആവേശിച്ചിരിക്കുന്നു. ആ വസ്തുത വെളിവാക്കിത്തരുന്ന നിരവധി സംഭവവികാസങ്ങൾ കഴിഞ്ഞ കുറെ നാളുകളായി കാണാൻ കഴിയുന്നു.



അതിൽ എടുത്തുപറയേണ്ടതാണു സർക്കാരിനു സമർപ്പിക്കപ്പെട്ട മണൽ ഓഡിറ്റിംഗ് റിപ്പോർട്ട്. സംസ്ഥാനത്തെ 24 പ്രധാന നദികളിലും രണ്ടു പോഷകനദികളിലുമായി നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിലുള്ളതാണ് ആ റിപ്പോർട്ട്. റവന്യൂവകുപ്പിനു കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ മേൽനോട്ടത്തിലായിരുന്നു പരിശോധനയും റിപ്പോർട്ട് സമർപ്പിക്കലും. പരിശോധന നടത്തിയ 26 നദികളിൽ 14 എണ്ണത്തിൽ രണ്ടു പ്രളയങ്ങളിലായി വന്നടിഞ്ഞ മണൽ നീക്കേണ്ടതാണെന്നു ചൂണ്ടിക്കാട്ടുന്നു റിപ്പോർട്ട്. 12 നദികളിലാവട്ടെ മണൽവാരലിനു സാധ്യതയില്ല. പമ്പ, അച്ചൻകോവിലാർ, പെരിയാർ, മൂവാറ്റുപുഴയാർ, ചാലിയാർ, പെരുമ്പപ്പുഴ, ഭാരതപ്പുഴ, ഉപ്പളപ്പുഴ, ഷിറിയപ്പുഴ, മാഹിപ്പുഴ, വളപട്ടണം, കടലുണ്ടി, ശ്രീകണ്ഠാപുരം, ചന്ദ്രഗിരിപ്പുഴ എന്നിവയാണ് അടിയന്തരമായി മണൽനീക്കി നീരൊഴുക്കു സുഗമമാക്കേണ്ടവ. സംസ്ഥാനസർക്കാർതലത്തിലും ജില്ലാഭരണതലത്തിലുമെല്ലാം അനുമതി ലഭിച്ചെങ്കിലേ റിപ്പോർട്ടിൽ മേൽനടപടി ഉണ്ടാവൂ. മറ്റൊരു കാര്യം ജൂൺ, ജൂലൈ, ഓഗസ്റ്റുമാസങ്ങൾ സാൻഡ് മൈനിംഗ് ഹോളിഡേയാണ്. അതിനാൽ സെപ്റ്റംബർ മുതലേ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി പ്രതീക്ഷിക്കേണ്ടതുള്ളൂ. അതിനർത്ഥമാകട്ടെ, കഴിഞ്ഞ രണ്ടു പ്രളയത്തെക്കാളും ആഘാതസാധ്യതയാണു സംസ്ഥാനത്തുള്ളത് എന്നാണ്. അതേസമയം സംസ്ഥാനത്തെ ഡാമുകളിലെ ജലവിതാനം നിയന്ത്രിക്കുന്നതു സംബന്ധിച്ചു ഹൈക്കോടതി സ്വമേധയാ കേസെടുക്കുകയും അതിന്മേൽ സംസ്ഥാനസർക്കാർ കോടതിയിൽ വിശദീകരണം നൽകുകയുമുണ്ടായി. ഡാമുകളിൽ ഉയർന്ന ജലനിരപ്പുണ്ടെന്ന മാധ്യമറിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, ചീഫ് ജസ്റ്റിസിനയച്ച കത്ത്, പൊതുതാത്പര്യഹർജിയായി സ്വീകരിച്ചായിരുന്നു കേസ്. വിഷയത്തിൽ സംസ്ഥാനസർക്കാരും കെ.എസ്.ഇ.ബി.യും വിശദീകരണം നൽകണമെന്നു ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ഡിവിഷൻ ബെഞ്ച് നിർദ്ദേശിക്കുകയുമുണ്ടായി. നിലവിൽ ഡാമുകൾ തുറക്കേണ്ട സാഹചര്യമില്ലെന്നും പ്രളയമുണ്ടായാൽ നേരിടാൻ സംസ്ഥാനം സജ്ജമാണെന്നും സർക്കാർ വിശദീകരണം നൽകി. 2018 ലെ വെള്ളപ്പൊക്കത്തിനു കാരണം ഡാമുകൾ തുറന്നുവിട്ടതല്ലെന്ന് സർക്കാർ ആവർത്തിച്ചു. ഓഗസ്റ്റ് 15 മുതൽ 17 വരെ അപ്രതീക്ഷിതമായി പെയ്ത അതിശക്തമായ മഴയാണു കാര്യങ്ങൾ തകിടംമറിച്ചതത്രേ. ആ വിശദീകരണത്തിൽനിന്നുതന്നെ ഗൗരവതരമായ ഒരു വസ്തുത വായിച്ചെടുക്കാം. രണ്ടോ മൂന്നോ ദിവസം തുടർച്ചയായി ശക്തമായ മഴ പെയ്താൽ, അതു താങ്ങാനുള്ള ശേഷി സംസ്ഥാനത്തെ ജലാശയങ്ങൾക്കില്ല എന്നതാണത്. മുഖ്യമന്ത്രിമുതൽ പഞ്ചായത്തു മെമ്പർവരെയും ചീഫ് സെക്രട്ടറിമുതൽ ശുചീകരണത്തൊഴിലാളിവരെയും ഉൾപ്പെടുന്ന ഭരണ-ഉദ്യോഗസ്ഥവൃന്ദം അരയും തലയും മുറുക്കി കൊറോണയെ പ്രതിരോധിക്കാനും തുരത്താനുമുള്ള ഭഗീരഥയജ്ഞത്തിന്റെ ഭാഗമായി നിൽക്കുന്ന ഈ അവസരത്തിലും, നമുക്കു സമീപസ്ഥമായിരിക്കുന്ന പ്രളയഭീഷണിയെക്കൂടി ഗൗനിക്കേണ്ടതുണ്ട്.

ഒരനുഭവത്തിൽനിന്ന് എല്ലാവർക്കും പാഠം ഉൾക്കൊള്ളാനായെന്നു വരില്ല. തുടർച്ചയായ രണ്ട് അനുഭവങ്ങളും അതിനു പോരാ എന്നതും അംഗീകരിക്കാനാവില്ല. അനുഭവം സാമൂഹികദുരന്തമെങ്കിൽ പ്രത്യേകിച്ചും. □

# പിടിമുറുക്കി കൊവിഡ് ഞെരിഞ്ഞമർന്ന് ഇന്ത്യ

1-ാം പേജ് തുടർച്ച

ഉറവിടം അറിയാത്ത കൊവിഡ് രോഗികളുടെ എണ്ണം ഓരോ ദിവസവും കൂടിക്കൂടി വന്നു. സമൂഹവ്യാപനം എന്ന വിപത്തിന്റെ വക്കിൽ സംസ്ഥാനം എത്തിനിൽക്കുന്നു എന്ന മുന്നറിയിപ്പും ഇപ്പോൾ കിട്ടിക്കഴിഞ്ഞു.

വിദേശത്തുനിന്നും അന്യസംസ്ഥാനങ്ങളിൽനിന്നും ഇനിയും ഒരുപാട് പേരുണ്ട് ഇങ്ങോട്ടു വരാൻ. അവർ നെഞ്ചിടിപ്പോടെ ഊഴം കാത്തുനിൽക്കുകയാണ്. എല്ലാവരും വന്നുകഴിയുമ്പോൾ രോഗികളുടെ എണ്ണം കുതിച്ചുയരുമോ? കേരളം വീണ്ടും ഒരു സമ്പൂർണ്ണ ലോക്ഡൗണിലേക്കു പോകുമോ? ഇല്ലെന്നു പറയാൻ ഇന്നത്തെ സാഹചര്യത്തിൽ സർക്കാരിനും കഴിയുന്നില്ല.

കൊറോണയെ കീഴടക്കാൻ സർക്കാരും ആരോഗ്യപ്രവർത്തകരും തുടക്കം മുതൽ കിണഞ്ഞു ശ്രമിച്ചു എന്നതിൽ ആർക്കും തർക്കമുണ്ടാവില്ല. ആദ്യഘട്ടത്തിൽ കൊവിഡ് പ്രോട്ടോക്കോൾ ജനങ്ങൾ കൃത്യമായി പാലിക്കുകയും ചെയ്തു. ഇളവുകൾ പ്രഖ്യാപിക്കപ്പെട്ടതോടെ പിന്നീട് എല്ലാക്കാര്യത്തിലും അലംഭാവം കാട്ടി. സർക്കാർ നൽകിയ മാർഗനിർദേശങ്ങൾ ഒന്നൊന്നായി ലംഘിച്ചു. കൂട്ടം കൂടരുത്, സോപ്പുപയോഗിച്ചു കൈ കഴുകണം, തുപ്പരുത്, മാസ്ക് ധരിക്കണം, ക്വാറന്റൈനിൽ ഉള്ളവർ മറ്റുള്ളവരുമായി സമ്പർക്കം പുലർത്തരുത് എന്നൊക്കെ നിർദ്ദേശിച്ചപ്പോൾ അതൊന്നും തന്നെ ഉദ്ദേശിച്ചല്ല എന്ന മട്ടിലായിരുന്നു ആളുകളുടെ നടപ്പും ഭാവവും. മാസ്ക് ചിലർക്ക് കണ്ഠാഭരണമായി മാറി. ഇതിനെല്ലാം വലിയ വിലകൊടുക്കേണ്ടി വന്നിരിക്കയാണ് ഇപ്പോൾ.

രാജ്യത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇപ്പോൾ അടഞ്ഞുകിടക്കുകയാണ്. പഠനം വീട്ടിലിരുന്ന് ഓൺലൈനിൽ. സ്കൂൾസിലബസും പരീക്ഷകളും വെട്ടിക്കുറയ്ക്കാൻ പോകുന്നു എന്നും കേൾക്കുന്നു. മുൻപൊരിക്കലും സംഭവിക്കാത്തവിധം ഒരു വർഷത്തെ അദ്ധ്യയനം കീഴ്മേൽ മറിയാൻ പോകുന്നു എന്നു ചുരുക്കം. പൊതുസമൂഹത്തിൽ ഇതുണ്ടാക്കുന്ന പ്രത്യാഘാതം ചില്ലറയല്ല. ഒന്നാം ക്ലാസിൽ ഈ വർഷം ചേരാനിരിക്കുന്ന കുട്ടികളുടെ മാതാപിതാക്കളും കടുത്ത ആശങ്കയിലാണ്. സ്കൂളുകൾ തുറന്നില്ലെങ്കിൽ കുട്ടികൾക്കു നഷ്ടമാകുന്നത് ഒരു അദ്ധ്യയനവർഷമാണ്. ക്ലാസ്മുറികളിലെ പഠനത്തോളം രസകരമാവില്ലല്ലോ വീട്ടിലിരുന്നുള്ള ഓൺലൈൻ പഠനം, പ്രത്യേകിച്ച് ഒന്നാം ക്ലാസിൽ ചേരാനിരിക്കുന്ന കുരുന്നുകൾക്ക്.

വ്യാപാരവ്യവസായമേഖലയിൽ കൊവിഡ് ഉണ്ടാക്കിയ ആഘാതം ചെറുതല്ല. സർക്കാരിന്റെ നികുതി വരുമാനം കുത്തനെ കുറഞ്ഞു. അതിനിയും കുറയും. ഉദ്യോഗസ്ഥർക്കു ശമ്പളം കൊടുക്കാൻപോലും നിവൃത്തിയില്ലാത്ത സ്ഥിതിയിലേക്കു സംസ്ഥാനം ഞെരിഞ്ഞമരും. ഈ സ്ഥിതിയിൽ വികസനപ്രവർത്തനങ്ങൾക്ക് എവിടെനിന്നു പണം കണ്ടെത്താനാവും? കടമെടുപ്പിനും ഉണ്ടല്ലോ പരിധി. ഈ വർഷം ഒരു വെള്ളപ്പൊക്കംകൂടി വന്നാൽ ഇടിവെട്ടിയവനെ പാമ്പ് കടിച്ചു എന്ന സ്ഥിതിയിലാകും കേരളം.

മറ്റൊരാഘാതം പ്രവാസികളുടെ മടങ്ങിവരവാണ്. കേരളത്തിന്റെ സാമ്പത്തികവളർച്ചയിൽ നിർണായകപങ്കു വഹിക്കുന്നവരാണ് വിദേശത്തും അന്യസംസ്ഥാനത്തും ജോലി ചെയ്യുന്ന മലയാളികൾ.

കൊവിഡ്-19 സൃഷ്ടിച്ച ഭീതിയും അരക്ഷിതാവസ്ഥയുംമൂലം ഗൾഫിൽനിന്നുമാത്രമായി ഏതാണ്ട് 3.8 ലക്ഷം പ്രവാസികൾ കേരളത്തിലേക്കു മടങ്ങാൻ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നാണറിവ്. ഓരോ ദിവസവും ആയിരക്കണക്കിനു പ്രവാസികളാണ് ഇവിടെ വിമാനം ഇറങ്ങുന്നത്. ഇനി ഒരു തിരിച്ചുപോക്കില്ലാതെ എല്ലാം വാരിക്കെട്ടിയാണ് പലരുടെയും വരവ്. അവർക്കെല്ലാം ഇനി ഇവിടെ തൊഴിൽ കണ്ടെത്തണം. ഇവിടെ ഉള്ളവർക്കുപോലും തൊഴിൽ കൊടുക്കാൻ പറ്റാത്ത സാഹചര്യത്തിൽ പ്രവാസികളെ എങ്ങനെ പുനരധിവസിപ്പിക്കും എന്ന തലവേദന സർക്കാരിനെ ഏറെ അലട്ടുന്നു.

നാലു പതിറ്റാണ്ടുകാലം കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ മുന്നേറ്റമുണ്ടാക്കിയത് വിദേശമലയാളികളിൽനിന്ന് ഇങ്ങോട്ടൊഴുകിയെത്തിയ പണമായിരുന്നു. കഴിഞ്ഞ വർഷം കിട്ടിയത് ഏതാണ്ട് ഒരു ലക്ഷം കോടിയോളം രൂപയാണ്.

ബാങ്കിംഗ് രംഗത്ത് വിദേശപണം വൻ വികസനം ഉണ്ടാക്കി. ബാങ്ക് നിക്ഷേപം, എൻ.ആർ.ഐ. നിക്ഷേപം എന്നിവ വലിയ തോതിൽ വർധിച്ചു. ബാങ്കുകളിലെ വായ്പാവിതരണം കൂടി.


കച്ചവടം, ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ വലിയ വികസനവും പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. എല്ലാവിഭാഗം തൊഴിലാളികളുടെയും വേതനനിരക്കു വർധിക്കാനും വിദേശപണം വഴിയൊരുക്കി. കെട്ടിടനിർമ്മാണം, നിർമ്മാണസാമഗ്രികളുടെ ഉത്പാദനം, ഗതാഗതം, വ്യാപാരം എന്നീ മേഖലകളിൽ വലിയ മുന്നേറ്റം തന്നെയുണ്ടായി. വ്യോമഗതാഗതരംഗത്ത് വലിയ മാറ്റത്തിനു വഴിയൊരുക്കിയതും വിദേശമലയാളികളാണ് .

കൊവിഡ് 19 മൂലം കടുത്ത സാമ്പത്തികപ്രതിസന്ധിയിലായ സംസ്ഥാനത്ത് പ്രവാസികളുടെ മടങ്ങിവരവ് കൂനിന്മേൽ കുരുവാകും എന്നതിൽ സംശയമില്ല. ഗൾഫിൽനിന്നുള്ള പണപ്രവാഹം 25 ശതമാനത്തോളം കുറയും എന്നാണ് സാമ്പത്തികവിദഗ്ദ്ധരുടെ കണക്കുകൂട്ടൽ.

വീടു പണിയാനും മറ്റാവശ്യങ്ങൾക്കും പ്രവാസികൾ എടുത്ത വായ്പയുടെ തിരിച്ചടവ് മുടങ്ങും. ഇതു ബാങ്കിങ്പ്രവർത്തനത്തെ ദോഷകരമായി ബാധിക്കും. ഗൾഫ് കുടിയേറ്റ കുടുംബങ്ങൾ കൂടുതലായി ഉള്ള സ്ഥലങ്ങളിൽ രൂക്ഷമായ സാമ്പത്തികമാന്ദ്യവും തൊഴിലില്ലായ്മയുമാകും ഫലം. തിരിച്ചുവരുന്ന പ്രവാസികളിൽ പലർക്കും ഇനി കണ്ണീർക്കാലമായിരിക്കും എന്നു ചുരുക്കം.

പണ്ടൊക്കെ പ്രവാസി നാട്ടിൽ വരുന്നു എന്നു കേട്ടാൽ കയ്യിൽ പൂച്ചെണ്ടും പൂമാലയുമായി സ്വീകരിക്കാൻ കാത്തുനിൽക്കുമായിരുന്നു സ്വന്തക്കാരും സുഹൃത്തുക്കളും നാട്ടുകാരും. ഇന്നു പ്രവാസി എന്നു കേൾക്കുമ്പോൾ കയ്യിൽ കല്ലുമായാണ് നിൽക്കുന്നത്. സ്വന്തം വീട്ടിലേക്കു വരുമ്പോൾപോലും വാതിലുകൾ കൊട്ടി അടയ്ക്കപ്പെടുന്നു. കൊറോണ വരുത്തിവച്ച സാമൂഹികമാറ്റം ചെറുതല്ല. പ്രവാസിയെ വീട്ടിൽ കയറാൻ അനുവദിക്കാതെ ഓടിച്ചതും സ്വന്തം വീട്ടിൽ കയറാൻ പ്രവാസിക്ക് പോലീസിന്റെ സഹായം വേണ്ടിവന്നതും ഈ സാക്ഷരകേരളത്തിലാണ്. ഉറ്റവരാൽ മുറിവേൽക്കപ്പെട്ടതിന്റെ വിങ്ങലും ഉള്ളിൽ പേറിയായിരിക്കും പല പ്രവാസിയുടെയും ഇനിയുള്ള ജീവിതം.

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ താങ്ങിനിറുത്തുന്നതിലും തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും വിദേശമലയാളികൾ വലിയ പങ്കുവഹിക്കുന്നതിനാൽ കോവിഡ് കളം ഒഴിയുന്ന കാലത്ത് വിദേശകുടിയേറ്റം ഊർജ്ജിതമാക്കാൻ സർക്കാർ സത്വര നടപടികൾ സ്വീകരിക്കും എന്നു നമുക്കു പ്രതീക്ഷിക്കാം. □




**ജൂലൈ 19**
**കൈത്താക്കാലം**
**ഒന്നാം ഞായർ**



1രാജ. 18,30 – 39
ശ്ലീഹാ 5,12 – 32
1കോറി 1,9 – 16
ലൂക്കാ 14,7 – 14

**ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

# ഫലം ചൂടുന്ന വിശ്വാസം

പരിശുദ്ധാരൂപിയുടെ ആഗമനത്താലുള്ള സഭയുടെ ആരംഭവും ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണവും അനുസ്മരിച്ച ശ്ലീഹാക്കാലത്തിനു ശേഷം സഭയുടെ വളർച്ചയെയും ഫലം നല്കലിനെയും അനുസ്മരിക്കുന്ന കൈത്താക്കാലത്തേക്ക് ആരാധനാസമൂഹം പ്രവേശിക്കുകയാണ്. 'കൈത്താ' എന്ന സുറിയാനി വാക്കിനർത്ഥം വേനൽ എന്നാണ്. സാധാരണമായി വേനൽക്കാലത്താണല്ലോ വൃക്ഷങ്ങളിൽ ഫലങ്ങൾ ധാരളമായി ഉണ്ടാകാറുള്ളത്. ശ്ലീഹന്മാരുടെ പ്രവർത്തനത്തിലൂടെ വളർന്നുപന്തലിച്ച സഭ വിശുദ്ധിയുടെയും വിശ്വാസസാക്ഷ്യത്തിന്റെയും ഫലം നല്കിയതിനെ അനുസ്മരിക്കുന്നതാണ് കൈത്താക്കാലം. നമ്മുടെ വിശ്വാസജീവിതത്തിന്റെ വളർച്ചയെയും ഫലങ്ങളെയുംകുറിച്ചു ധ്യാനിക്കുവാനുള്ള അവസരമാണിത്. ഓരോ വിശ്വാസിയും തനിക്കു ലഭിച്ച വിശ്വാസം ജീവിക്കുന്നതും അതു തലമുറകളിലേക്കു കൈമാറിക്കൊടുക്കുന്നതും സഭയുടെ വളർച്ചയുടെ അടയാളവും വിശ്വാസജീവിതത്തിന്റെ ഫലവുമാണ്.

വിശുദ്ധ ബൈബിളിലെ ആദ്യ അഞ്ചു പുസ്തകങ്ങളായ പഞ്ചഗ്രന്ഥത്തിന്റെ (തോറാ/നിയമഗ്രന്ഥം) പ്രധാന ഉള്ളടക്കം ഇസ്രായേൽജനത ദൈവത്തിന്റെ ഹിതമനുസരിച്ച് എപ്രകാരം ജീവിക്കണം എന്ന നിയമങ്ങളാണ്. തുടർന്നുവരുന്ന ജോഷ്വ മുതൽ മക്കബായർ വരെയുള്ള പുസ്തകങ്ങളിൽ തോറയനുസരിച്ച് (ദൈവത്തിന്റെ ഹിതമനുസരിച്ച്) ജനം എപ്രകാരം ജീവിച്ചു അല്ലെങ്കിൽ എപ്രകാരമാണ് അവർ തോറായിൽനിന്നകന്നുപോയത് എന്നതിന്റെ വിവരണമാണ്. ജനം തോറായിൽനിന്നകന്നുപോകുമ്പോൾ തോറാ വ്യാഖ്യാനിച്ചുനല്കുന്നതിനും തോറായനുസരിച്ചുള്ള ജീവിതത്തിലേക്കു ജനത്തെ തിരിച്ചുകൊണ്ടുവരുന്നതിനും ദൈവത്താൽ വിളിക്കപ്പെട്ടവരായിരുന്നു പ്രവാചകന്മാർ.

രാജാക്കന്മാരുടെ പുസ്തകത്തിൽനിന്നുള്ള വായനയിൽ വിശ്വാസതീക്ഷ്ണതയിൽ ജ്വലിക്കുന്ന ഏലിയാപ്രവാചകനെയാണു കണ്ടത്. സത്യദൈവത്തിലുള്ള വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി അധ്വാനിക്കുന്ന ഏലിയാ പ്രവാചകന്റെ ബലിയർപ്പണത്തിലൂടെ വിഗ്രഹാരാധനയിലേക്കു വീണുപോയിരുന്ന ഇസ്രായേൽജനത്തെ വിശ്വാസത്തിലേക്കു കൂട്ടിക്കൊണ്ടു വരുന്നതാണ് കണ്ടത് (1 രാജ 18,37). പ്രവാചകൻ പ്രാർത്ഥിക്കുന്നത് അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ഇസ്രായേലിന്റെയും ദൈവമേ (18,36) എന്നു വിളിച്ചാണ്. അതായത്, തോറായിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തെ (പുറ 3,15) വിളിച്ചപേക്ഷിക്കുന്നു. പ്രവാചകൻ ബലിപീഠം പണിതത് ഇസ്രായേൽഗോത്രങ്ങളെ പ്രതിനിധാനം ചെയ്യുന്നതിന്



പന്ത്രണ്ട് കല്ലുകൾകൊണ്ടാണ്. പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പ്രവർത്തനഫലമായി വളർന്ന സഭയുടെ ഫലാഗമന കാലമായ കൈത്താക്കാലവും ആരംഭിക്കുന്നത് പന്ത്രണ്ട് അപ്പസ്തോലന്മാരുടെ തിരുനാൾ ആചരിച്ചുകൊണ്ടാണ്.

ഏലിയാപ്രവാചകന്റെ വിശ്വാസതീക്ഷ്ണതയ്ക്ക് ഉന്നതങ്ങളിൽനിന്നുള്ള ഉത്തരമെന്നവിധം ആകാശത്തുനിന്ന് അഗ്നിയിറങ്ങി ബലിവസ്തു സ്വീകരിച്ചതുപോലെ ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾക്ക് അദ്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും സാക്ഷ്യം നല്കപ്പെടുന്നതും ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നതുമാണ് ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളിൽനിന്നുമുള്ള വായനയിൽ ശ്രവിക്കുന്നത്. അപ്പസ്തോലന്മാർ പ്രസംഗിച്ചിരുന്ന നവജീവന്റെ വചനം (5,20) സ്വീകരിക്കുന്നവർ ഏകമനസ്സോടെ ദൈവാലയത്തിൽ ഒന്നിച്ചുകൂടിയിരുന്നു (5,12).

സഭയ്ക്കുണ്ടായിരിക്കേണ്ട പ്രധാന കാര്യമായി പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയെ ഓർമിപ്പിക്കുന്നത് 'മനസ്സിലും ചിന്തയിലും ഐക്യമുള്ളവരായിരിക്കുക' എന്നതാണ് (1കോറി 1,10). കോറിന്തോസിലെ സഭയിൽ കലഹങ്ങളും, ഭിന്നതകളും നിന്നിരുന്നപ്പോൾ കർത്താവിന്റെ നാമത്തിൽ പൗലോസ് ശ്ലീഹായുടെ അപേക്ഷ അവയെല്ലാം ഉപേക്ഷിച്ച് ഐക്യമുള്ളവരായി മാറുവാനാണ്. പലവിധ കാരണങ്ങൾ പറഞ്ഞ് കലഹങ്ങളും ഭിന്നതകളും സൃഷ്ടിക്കുന്ന ഓരോ സഭാസമൂഹങ്ങളോടും കർത്താവിന്റെ നാമത്തിൽ ശ്ലീഹാ ആവർത്തിക്കുന്നു: ഐക്യമുള്ളവരായിരിക്കുവിൻ; ക്രിസ്തു വിഭജിക്കപ്പെടാതിരിക്കട്ടെ.

ഇന്നത്തെ സുവിശേഷം പറഞ്ഞുതരുന്നത് സഭാസമൂഹം കൂട്ടായ്മയിൽ വളരുന്നതിന് അത്യാവശ്യമായ രണ്ട് കാര്യങ്ങളാണ്: ഒരു സാബത്തുവിരുന്നിന്റെ പശ്ചാത്തലത്തിലാണ് ഈശോ ഇതു പഠിപ്പിക്കുന്നത്. ആദ്യം ഈശോ പറയുന്നത് എളിമയുള്ളവരായിരിക്കുക എന്നതാണ്. ഓരോരുത്തനും അപരനെ തങ്ങളെക്കാൾ ബഹുമാന്യരായി കരുതുക. മറ്റുള്ളവരോടുള്ള ഈ കരുതൽ സമൂഹത്തെ കൂട്ടായ്മയിൽ നിലനിർത്തും. രണ്ടാമതായി ഈശോ പഠിപ്പിക്കുന്നത് പ്രതിഫലം പ്രതീക്ഷിക്കാതെ നന്മചെയ്യുക എന്നതാണ്. നിനക്കൊന്നും തിരിച്ചുനല്കാൻ പറ്റാത്തവരെ നിന്റെ മനസിൽ ഒന്നാമത് നിർത്തണം എന്ന പാഠം എത്രയോ മനോഹരം! വിരുന്നുവീട്ടിലെ തിരക്കിനിടയിലും അവിടത്തെ മനസ്സ് ആദ്യം പതിച്ചത് കൈ ശോഷിച്ചവനിലാണ് (14,1). ഈ വചനങ്ങൾ ധ്യാനിക്കുമ്പോൾ നമുക്കു ബോധ്യമാകുന്നു നമ്മളാകുന്ന സഭ ഇനിയും വളരേണ്ടിയിരിക്കുന്നു, ഫലം നല്കേണ്ടിയിരിക്കുന്നു. നാം ആയിരിക്കുന്ന സഭാസമൂഹം കൂട്ടായ്മയും ഐക്യവും എളിമയും കരുതലും കരുണയും നിറഞ്ഞ ഒന്നാകുവാൻ നമുക്കു പ്രാർത്ഥിക്കാം; പ്രവർത്തിക്കാം.

□

# ഭരണങ്ങാനത്ത് വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ



ഭരണങ്ങാനം: വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ജൂലൈ 19 മുതൽ 28 വരെ വിശുദ്ധ അൽഫോൻസായുടെ തിരുനാൾ ആഘോഷിക്കും. നേരിട്ടുള്ള പൊതുജനപങ്കാളിത്തം ഒഴിവാക്കിയാണ് ചടങ്ങുകൾ നടത്തുക.

ലളിതമായ ക്രമീകരണങ്ങളോടെ 19 നു കൊടിയേറും. രാവിലെ 5.30, 7.30, 11, ഉച്ചകഴിഞ്ഞു 3, വൈകുന്നേരം 6 സമയങ്ങളിൽ ലദീഞ്ഞ്, വിശുദ്ധ കുർബാന, നൊവേന എന്നീ തിരുക്കർമ്മങ്ങൾ തൽസമയം സംപ്രേഷണം ചെയ്യുന്നതാണ്. പതിവായി നടത്തിയിരുന്ന ജപമാല മെഴുകുതിരിപ്രദക്ഷിണത്തിനു പകരമായി വൈകുന്നേരം ആറിനു വിശുദ്ധ കുർബാനയും ദിവ്യകാരുണ്യാരാധനയും ജപമാലയും പള്ളിയിൽ നടത്തും.

തിരുനാളിനൊരുക്കമായി അൽഫോൻസാസൂക്തങ്ങളെ കേന്ദ്രീകരിച്ചുള്ള 36 ദിവസത്തെ ആരാധനയും നടന്നുവരുന്നു. 19 ന് അവസാനിക്കുന്ന ഒരുക്കശുശ്രൂഷ രാവിലെ 10 മുതൽ തൽസമയവും തുടർന്ന് https/www.youtube.com/c/st.alphonsashrine യൂട്യൂബ് വഴിയും ലഭിക്കും.

# അഗസ്ത്യായനം

*11–ാം പേജ് തുടർച്ച*

ഹീനജാതിയിൽ ജനിച്ചുപോയതാണ് ഇവരുടെ തെറ്റ്. ജാതിയുടെയും മതത്തിന്റെയും പേരിൽ മനുഷ്യനെ വേലികെട്ടി വേർതിരിക്കുന്ന ഒരു സമൂഹം ഈ ലോകത്തിൽ എവിടെയാണുള്ളത്? അവർണസമുദായം ഇങ്ങനെ നിരന്തരം നിന്ദിക്കപ്പെടുന്നത് എന്തുകൊണ്ടാണ്...?

സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശം നല്കിയ, ശൈശവവിവാഹവും സതിയും നിരോധിച്ച ഒരു രാജ്യമാണ് നമ്മുടേത്. ഓരോ അനാചാരങ്ങളും ഉച്ചാടനം ചെയ്യപ്പെടുന്ന ഇക്കാലത്ത് ദേവഭാഷയും ബ്രഹ്മജ്ഞാനവും കൈമുതലായുള്ള ശ്രേഷ്ഠവർഗ്ഗം ഇപ്പോഴും അന്ധകാരത്തിൽത്തന്നെ. തീണ്ടലും തൊടീലുമൊന്നും അവരെ വിട്ടൊഴിയുന്നില്ല. അല്ലെങ്കിൽ അതുപേക്ഷിക്കാൻ അവരുടെ ശുഷ്കമനസ്സുകൾ തയ്യാറാകുന്നില്ല. എന്നിട്ടും അവരാണത്രേ ഭാരതസംസ്കാരത്തിന്റെ കാവലാളുകൾ.

അതൊക്കെ ഓർമ്മിച്ചപ്പോൾ കുഞ്ഞച്ചനു ചിരിപൊട്ടി. ഇവരുടെ ദുരാചാരത്തിന്റെയും ദുരഭിമാനത്തിന്റെയും മണ്ടയ്ക്കിട്ട് ഒരടികൊടുക്കുകതന്നെ. കുഞ്ഞച്ചൻ പറഞ്ഞു:

"നിങ്ങൾ മൃതശരീരം ധൈര്യപൂർവ്വം പള്ളിയിലേക്കു കൊണ്ടുപോരൂ. നമ്പൂരിമാർ തടഞ്ഞാൽ ശവം അവിടെ വച്ചിട്ട് നിങ്ങൾ ഓടി രക്ഷപ്പെടുക. അവർതന്നെ അത് ഇവിടെ കൊണ്ടുവന്നുകൊള്ളും."

കുഞ്ഞച്ചനെ കേട്ടപ്പോൾ അവരുടെയുള്ളിലൂടെ ഒരു ഇടിമിന്നൽ കടന്നുപോയി. അവർ ആശങ്കകളോടെ കുഞ്ഞച്ചനെ നോക്കി.

"പേടിക്കണ്ട. നമ്പൂരിമാർ മാത്രമല്ല മനുഷ്യർ. നമ്മളും മനുഷ്യരാണ്. ചോരയും നീരുമുള്ള മനുഷ്യർ. ചിന്താശക്തിയുള്ളവർ. അവർ അജ്ഞതയെ ധരിക്കുമ്പോൾ നമ്മൾ ജ്ഞാനത്തെ ധരിക്കുന്നു. കർത്താവ് നമ്മോടൊപ്പമാണ്. നിങ്ങൾ ഞാൻ പറഞ്ഞതുപോലെ ചെയ്യുക."

അവർ മടങ്ങി. ഒരു ധൈര്യം. വിശ്വാസത്തിന്റെ ഒരു ഉൾക്കരുത്ത് അവർ ഹൃദയത്തിലേക്ക് ആവാഹിച്ചെടുത്തു. വരുന്നതു വരുന്നിടത്തു വച്ചു കാണുക തന്നെ. പേടിച്ചാൽ തങ്ങൾക്ക് ഓടിയൊളിക്കാൻ മാത്രം കുണ്ടും കുഴിയും എവിടെ?

*(തുടരും)*

# വിജയത്തിൽ മതിമറക്കരുത് പരാജയത്തിൽ ഇടറുകയുമരുത്



അഡ്വ. ചാർളി പോൾ

പരീക്ഷാഫലങ്ങൾ പുറത്തുവരുന്ന സന്ദർഭമാണ്. ഉന്നതവിജയം നേടുന്നവരോടൊപ്പം പരാജയപ്പെടുന്നവരും ഉണ്ടാകും. ചിലർക്ക് ഉദ്ദേശിച്ചത്ര മാർക്ക് ചില വിഷയങ്ങളിൽ ലഭിച്ചിട്ടുണ്ടാകില്ല. ഓരോ കുട്ടിയും ആദ്യം ശ്രദ്ധിക്കേണ്ടത് മനസ്സിന്റെ ധൈര്യം കൈവെടിയാതിരിക്കുക എന്നതിലാണ്. വിജയത്തിൽ അമിതമായ ആഹ്ലാദത്താൽ മതിമറക്കരുത്. ഒപ്പം പരാജയം സംഭവിച്ചതിൽ ഇടറുകയുമരുത്. മാതാപിതാക്കൾ പരീക്ഷാഫലത്തിലെ വിജയവും പരാജയവും വച്ച് മക്കളെ അളക്കരുത്. കൂടുതൽ ഉയരങ്ങളിലേക്കു പറക്കാൻ അവർക്കു താങ്ങാകുക. ചെറിയ പരാജയങ്ങളിൽപ്പോലും അവർക്കു തുണയും കരുത്തുമാകുക. ജീവിതത്തിലെ പല പരീക്ഷകളിൽ ഒന്നുമാത്രമാണിത്.

പത്താംക്ലാസ്, പ്ലസ് ടു എന്നിവ കുട്ടികളുടെ ഭാവി രൂപവത്കരിക്കുന്നതിൽ പ്രധാന അവ പരിഹരിച്ചു മുന്നേറാൻ ഒപ്പം നിൽക്കുക. പറ്റിയ തെറ്റുകളെ മറികടക്കാൻ എന്തുചെയ്യണമെന്നു ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുക. പൂർവ്വാധികം ശക്തിയോടെ അടുത്ത പരീക്ഷകളിൽ വിജയം വരിക്കാനുള്ള ചങ്കുറപ്പ് പകർന്നുനൽകുക. അതാണ് ഉത്തമ പേരന്റിംഗ്.

നമ്മുടെ നാട്ടിൽ കുട്ടികളെ വിലയിരുത്തുന്നത് അവർക്കു കിട്ടിയ മാർക്കിന്റെ അടിസ്ഥാനത്തിലാണ്. അതു ശരിയല്ല. മാർക്കു കുറഞ്ഞവർ മണ്ടന്മാരല്ല. ബുദ്ധിശക്തിയുടെ പ്രത്യേകതകൾ ഓരോരുത്തരിലും ഓരോ വിധത്തിലാണ്. 1983 ൽ ഹാർവാഡ് സർവ്വകലാശാലയിലെ സൈക്കോളജിസ്റ്റും ന്യൂറോസയൻസ് പ്രഫസറുമായ 'ഹോവാർഡ് ഗാർഡ്നർ' മൾട്ടിപ്പിൾ ഇന്റലിജൻസ് എന്ന ആശയം മുന്നോട്ടുവച്ചു. ബുദ്ധിശേഷിയെ പല വിഭാഗങ്ങളായി കണക്കാക്കിയാണ് മൾട്ടിപ്പിൾ ഇന്റലിജൻസ് അദ്ദേഹം വിശദീകരിച്ചത്. പലതരം ബുദ്ധിശക്തിയുടെ മിശ്രണമാണ് ഓരോരുത്തരിലുമുള്ളത്. അതിൽ ചിലതിനു മുൻതൂക്കം കൂടും. അതനുസരിച്ചാണ് കഴിവും താത്പര്യവും രൂപപ്പെടുന്നത്. ചിലർക്ക് കണക്ക്, മറ്റുചിലർക്ക് ഭാഷാവിഷയങ്ങൾ. ചിലർക്ക് സാഹിത്യമാകും. മറ്റു ചിലർക്ക് കല/സ്പോർട്സ് എന്നിങ്ങനെ



പങ്കുവഹിക്കുന്നുണ്ട്. എ പ്ലസ് കൂടുന്നതും മാർക്ക് കൂടുന്നതും ആഗ്രഹിക്കുന്ന സ്കൂളുകളിൽ, ആഗ്രഹിക്കുന്ന വിഷയത്തിൽ അഡ്മിഷൻ കിട്ടാൻ സഹായിക്കുമെന്നതു നല്ല കാര്യമാണ്. (മാർക്ക് കുറഞ്ഞതിന്റെ പേരിൽ പല കാരണങ്ങളാൽ അപ്രകാരം സംഭവിച്ചവതാകാം) മാതാപിതാക്കൾ മക്കളിൽ വലിയ സമ്മർദ്ദം ഏല്പിക്കരുത്. അവർ ചില കടുംകൈകൾക്കു മുതിർന്നേക്കാം. മാർക്ക് കുറഞ്ഞാലും മാതാപിതാക്കൾ ഒപ്പമുണ്ടെന്നു മക്കൾക്കു തോന്നണം. മാർക്കിനേക്കാൾ വലുതാണ് മക്കൾ. വിജയവഴികൾ ഏറെയുണ്ടെന്ന ബോധ്യം പകരുക.

പരാജയങ്ങൾ ചില അനുഭവപാഠങ്ങൾ സമ്മാനിക്കും. ലോകത്തു വിജയിച്ചവരെല്ലാവരും തന്നെ തോൽവിയിലൂടെയാണ് മികവു നേടിയിട്ടുള്ളത്. കൂടുതൽ ശക്തമായ തിരിച്ചുവരവിനു പരാജയങ്ങൾ ശക്തി പകരും. ഓരോ പരാജയവും ഓരോ തിരിച്ചറിവുകളാണ്. പരാജയങ്ങൾ നമ്മെക്കുറിച്ചു സ്വയം മനസ്സിലാക്കുവാനും ജീവിതത്തെക്കുറിച്ച് അവബോധം നൽകുവാനും സഹായിക്കും. പരീക്ഷയിലെ വിജയപരാജയങ്ങൾക്ക് അന്തിമ ജീവിതവിജയവുമായി ഒരു ബന്ധവുമില്ലെന്നു കുട്ടികളെ ബോധ്യപ്പെടുത്തേണ്ടത് മാതാപിതാക്കളാണ്. പോരായ്മകൾ സാവധാനം, സൗമ്യമായി, സമാധാനത്തോടെ ബോധ്യപ്പെടുത്തി മൾട്ടിപ്പിൾ ഇന്റലിജൻസിലെ ഏറ്റക്കുറച്ചിലനുസരിച്ച് അഭിരുചികൾ വ്യത്യസ്തമാകും. വിദ്യാർത്ഥിയുടെ താത്പര്യം, അഭിരുചി, മനോഭാവം, ലക്ഷ്യം, നൈപുണ്യം, ജോലിസാധ്യത, ഉപരിപഠന സാധ്യത, കോഴ്സിന്റെ ദൈർഘ്യം, കുടുംബത്തിന്റെ സാമ്പത്തികനില എന്നിവയ്ക്കനുസരിച്ച് കോഴ്സ് തിരഞ്ഞെടുത്താലേ ജീവിതത്തിൽ വിജയിക്കാനാവൂ. രക്ഷിതാക്കൾ ശാഠ്യംപിടിച്ച് അവരുടെ ആഗ്രഹം കുട്ടികളിൽ അടിച്ചേല്പിക്കാൻ ശ്രമിച്ചാൽ കാര്യങ്ങൾ തകിടംമറിയും. ഒരു വിഷയത്തിനെങ്കിലും എ പ്ലസ് ഉണ്ടെങ്കിൽ അതിലാണവന്റെ അഭിരുചി. അഭിരുചി കണ്ടെത്താനുള്ള മനഃശാസ്ത്ര ടെസ്റ്റുകൾ നടത്തിയശേഷം കോഴ്സുകൾ തിരഞ്ഞെടുക്കുക. അന്തിമതീരുമാനം കുട്ടിയുടേതാകണം. കണക്കിൽ അഭിരുചിയില്ലാത്ത കുട്ടിയെ കണക്കുവിഷയങ്ങളിൽ ഉപരിപഠനത്തിനു ചേർക്കരുത്. കണക്കിൽ വൈദഗ്ധ്യമുള്ള തലച്ചോറിടങ്ങൾ ഇല്ലാത്ത ഒരാളെ കണക്കിൽ മിടുക്കനാക്കാൻ പരിമിതിയുണ്ട്. അഭിരുചി കണ്ടെത്തി വളരാൻ അനുവദിച്ചാൽ കുട്ടികൾ അത്ഭുതങ്ങൾ കാണിക്കും. ആൽബെർട്ട് ഐൻസ്റ്റീൻ പറയുന്നു: "ആൾ ആർ ജീനിയസ്." നിങ്ങളുടെ കുട്ടി മണ്ടനല്ല, ജീനിയസാണ്. മക്കളിൽ അഭിമാനം കൊള്ളുക. □




## പ്രത്യാശയിൽ സന്തോഷം

ഗ്രന്ഥകർത്താവ് : ഡോ. മൈക്കിൾ കാരിമറ്റം
പ്രസാധനം : പാവനാത്മാ പബ്ലീഷേഴ്സ്, കോഴിക്കോട്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 180 രൂപ




ബൈബിൾ നൽകുന്ന സന്തോഷത്തിന്റെ സന്ദേശം അല്പമൊന്ന് അടുത്തുപരിശോധിക്കുകയാണീ ഗ്രന്ഥം. സന്തോഷിക്കാനുള്ള ആഹ്വാനങ്ങളും അതിനു കാരണമായി എടുത്തുകാട്ടുന്ന വസ്തുതകളും പഴയനിയമത്തിലും പുതിയ നിയമത്തിലുംനിന്ന് തിരഞ്ഞെടുത്ത് അപഗ്രഥിക്കാൻ ശ്രമിക്കുന്നു.

## മാ നിഷാദ

ഗ്രന്ഥകർത്താവ് : ടി.കെ. മാറിയിടം
പ്രസാധനം : പായൽ ബുക്സ്, കണ്ണൂർ
വിതരണം : സെന്റ് തോമസ് ബുക് സ്റ്റാൾ, പാലാ
വില : 50 രൂപ




മദ്യാസക്തി വ്യക്തികളെയും കുടുംബങ്ങളെയും ദുരിതത്തിലാഴ്ത്തുവെന്ന സത്യത്തെ സുന്ദരമായി ആവിഷ്കരിക്കുന്ന കഥാപ്രസംഗം. സർക്കാരിന്റെ മദ്യവർജ്ജനനയത്തിന്റെ പൊള്ളത്തരം വ്യക്തമാക്കുന്ന കൃതി. മദ്യമില്ലാത്ത സമൂഹത്തിലേ നല്ല വ്യക്തികളും കുടുംബങ്ങളുമുണ്ടാകൂവെന്ന സന്ദേശത്തെ ഉയർത്തിക്കാട്ടുന്നു ഈ കൃതി.

## വാർത്തയും വചനവും

ഗ്രന്ഥകർത്താവ് : സൈ സിഎംഐ
പ്രസാധനം : പാവനാത്മാ പബ്ലീഷേഴ്സ്, കോഴിക്കോട്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 190രൂപ




ദൈവം നല്കുന്ന സമാശ്വാസത്തിനൊപ്പം നിഷേധവും അമർത്തപ്പെട്ട വേദനയും നെടുവീർപ്പുകളും എല്ലാം കുഴഞ്ഞുമറിഞ്ഞ അനുഭവങ്ങൾക്കിടയിലൂടെ വിശുദ്ധഗ്രന്ഥം വായിച്ചെടുക്കാനുള്ള ഒരെളിയ ശ്രമം. ബഹുസ്വരതകൾ നിറഞ്ഞ കളങ്കിതലോകത്തുനിന്ന് അദൃശ്യലോകത്തിന്റെ ഏകത്വത്തിലേക്കു സഞ്ചരിക്കുവാൻ വായനക്കാരെ പ്രേരിപ്പിക്കുന്ന കൃതി.

## വേര് ഇലകളോടു പറഞ്ഞത്

ഗ്രന്ഥകർത്താവ് : ഫാ. മാത്യു അരീപ്ലാക്കൽ
പ്രസാധനം : പാവനാത്മാ പബ്ലീഷേഴ്സ്, കോഴിക്കോട്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 200 രൂപ




ഫിലോസഫിയും വേദശാസ്ത്രവും ചരിത്രവും സാഹിത്യവും ബൈബിളും ക്രിസ്തുവും ചേർന്ന് വായനക്കാരനെയും അവന്റെ ഹൃദയത്തെയും അവൻ ജീവിക്കുന്ന കാലത്തെയും സ്നേഹപൂർവ്വം പൊതിയുന്ന അതിസുന്ദരമായ എഴുത്ത്. സങ്കീർണമായ വർത്തമാനകാലം മുൻവിധികളില്ലാതെ ഇവിടെ വിചാരണ ചെയ്യപ്പെടുന്നു.

## കാലത്തിന്റെ അടയാളം

ഗ്രന്ഥകർത്താവ് : ജോസ് മംഗലശേരി
പ്രസാധനം : പ്രതിച്ഛായ ബുക്സ്, കോട്ടയം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 250 രൂപ




ഉർവ്വരമായ കന്നിമണ്ണു കണ്ട് കണ്ണു മഞ്ഞളിച്ചുപോയ തൊമ്മൻവടുകൻ കാർഷികവൃത്തിയോടുള്ള പ്രതിജ്ഞാബദ്ധതകൊണ്ട് അവിടെ കുടിപാർപ്പുറപ്പിച്ച് മേവടയുടെ മുഖച്ഛായ മാറ്റി. എറകോന്നി കുടുംബത്തിന്റെയും മേവടയുടെയും വളർച്ചാവികാസങ്ങൾ ഒരു കാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ ചുരുൾനിവർത്തുന്നു.

# 'നിരാനന്ദത്തിന്റെ ചിരി'ക്ക് നവതി



പ്രഫ. സിജു ജോസഫ്

"നിന്റെ പുസ്തകശേഖരം എന്തു ചെയ്തു?"

"ആർക്കൊക്കെയോ കൊടുത്തു, ബാലാ. പുസ്തകങ്ങൾ ഇത്രേം വല്യ ഭാരാണ്ന്ന് ഇതുവരെ തോന്നീര്ന്നില്ല. അർത്ഥല്യാത്ത അറിവിന്റെ ഭാരം"

"വിവരങ്ങള്ടെ ഭാരം"

"നേരാ. ഏതായാലും കൊട്ത്ത് തീർന്നപ്പോ ശ്രാദ്ധം കഴിച്ച സമാധാനായി. ഒരു പുസ്തകം മാത്രം സൂക്ഷിച്ചിട്ടുണ്ട്."

"ഏതാ അത്"

"ഭാഗവതം"


"നന്നായി."

'ഗുരുസാഗരത്തിലെ നായകനായ കുഞ്ഞുണ്ണി തന്റെ ആത്മസുഹൃത്തായ സ്വാമി നിർമ്മലാനന്ദനുമായി നടത്തുന്ന സംഭാഷണത്തിലെ ഒരു ഭാഗമാണിത്. ചരിത്രത്തിന്റെയും രാഷ്ട്രീയത്തിന്റെയും യുദ്ധങ്ങളുടെയും വർഗ്ഗീയലഹളകളുടെയും അധിനിവേശത്തിന്റെയും വിപ്ലവത്തിന്റെയും പൊള്ളത്തരങ്ങളെ പത്രപ്രവർത്തകനായ കുഞ്ഞുണ്ണിയുടെ നിരീക്ഷണങ്ങളിലൂടെ ഒ.വി. വിജയൻ സൂക്ഷ്മമായി 'ഗുരുസാഗര'ത്തിൽ ആവിഷ്കരിക്കുന്നുണ്ട്. ഇത്തരം യാത്രകളുടെയും അന്വേഷണങ്ങളുടെയുമെല്ലാം ഒടുവിൽ കുഞ്ഞുണ്ണി എത്തിനില്ക്കുന്നത് അയാൾക്കൊരിക്കലും താങ്ങാനാവാത്ത, ഹൃദയഭേദകമായ മറ്റൊരു സത്യത്തിന്റെ മുന്നിലാണ്. താൻ ജീവനേക്കാളേറെ സ്നേഹിച്ചിരുന്ന കല്യാണി തന്റെ മകളായിരുന്നില്ല എന്ന വിവരം കുഞ്ഞുണ്ണി അറിയുന്നത് കാൻസർബാധിതയായി അവൾ മരിക്കുന്നതിനു മണിക്കൂറുകൾക്കു മുമ്പാണ്. കൽക്കട്ടയിൽനിന്നു കുഞ്ഞുണ്ണിയെ തേടിയെത്തിയിരുന്ന കത്തുകളിലെ സ്നേഹനിർഭരമായ അന്വേഷണങ്ങളിലും 'അച്ഛനെ കാണാൻ കൊതിയാകുന്നു' എന്ന ആവർത്തിച്ചുള്ള പരാതികളിലും കൊച്ചുകൊച്ചു കുസൃതിച്ചോദ്യങ്ങളിലും മധുരചുംബനങ്ങളിലുമെല്ലാം കല്യാണി അവളുടെ 'അച്ഛനെ' എത്രമാത്രം സ്നേഹിച്ചിരുന്നുവെന്നതു വ്യക്തമാണ്.

മരണത്തിന്റെ തൊട്ടുമുമ്പുള്ള ചെറിയ ഇടവേളകളിൽ ബോധം തെളിയുമ്പോഴൊക്കെയും അവൾ കുഞ്ഞുണ്ണിയെ അന്വേഷിക്കുന്നുണ്ട്. രക്താർബുദത്തിന്റെ ഗാഢമായ തളർച്ചയിൽ മയങ്ങുന്ന, കൈയുടെയും കാലിന്റെയും ഞരമ്പുകൾ വിണ്ട് ചോരവറ്റിക്കിടക്കുന്ന, കുഞ്ഞുണ്ണിയെ ഇനിയൊരിക്കലും കണ്ണുതുറന്നുനോക്കുകയില്ലാത്ത, ആ കുഞ്ഞിനെ ചുംബിക്കാൻ അയാൾ മുതിരുമ്പോൾ 'അരുത്, സ്പർശം കുട്ടിക്കു വേദനയായിരിക്കും' എന്നു പറഞ്ഞ് ഡോക്ടർ അയാളെ വിലക്കുന്നു. ഒടുവിൽ, ചൂണ്ടുവിരൽ നീട്ടി കല്യാണിയുടെ ചുണ്ടിൽ പതുക്കെത്തൊട്ട്, എന്നിട്ട് ആ വിരൽത്തുമ്പിൽ സ്വയം ഉമ്മ വച്ചാണ് കുഞ്ഞുണ്ണി തന്റെ ആഗ്രഹം നിറവേറ്റുന്നത്. മകൾ അല്പസമയംകൂടി മാത്രമേ ഇനി ഭൂമിയിൽ ഉണ്ടാവൂ എന്ന കഠിനമായ ഹൃദയവ്യഥയുടെയും ഗ്രനേഡാക്രമണത്തിൽ ഗുരുതര പരുക്കേറ്റ ശാരീരികവേദനയുടെയും നടുവിൽ നില്ക്കുമ്പോഴാണ് ഭാര്യയിൽനിന്നുതന്നെ അയാൾക്ക് കല്യാണി തന്റെ മകളായിരുന്നില്ല എന്ന നേരിന്റെ ഭാരവും ഏറ്റുവാങ്ങേണ്ടിവരുന്നത്. മുത്തശ്ശി ഉപയോഗിച്ചിരുന്ന ഭാഗവതം ജീവിതത്തിൽ ആദ്യമായി തുറന്നുനോക്കണമെന്ന പ്രേരണ കുഞ്ഞുണ്ണിയിൽ ജനിക്കുന്നത് കാലം നല്കിയ സഹനത്തിന്റെയും തിരിച്ചറിവുകളുടെയും അനുഭവങ്ങൾക്കുശേഷമാണ്. എല്ലാ തിരിച്ചറിവുകളുടെയും വേദനകളുടെയും ശൂന്യതയുടെയും നടുവിൽ മനുഷ്യന് ആത്യന്തികമായ അഭയവും സംതൃപ്തിയും നല്കാൻ കഴിയുന്നത് ആത്മീയതയുടെ ധ്യാനസ്ഥലികൾക്കാണെന്ന് 'ഗുരുസാഗര'ത്തിലൂടെ ഒ.വി. വിജയൻ സാക്ഷ്യപ്പെടുത്തുന്നു.

ധർമ്മപുരാണവും പ്രവാചകന്റെ വഴികളും ഖസാക്കിന്റെ ഇതിഹാസവും തലമുറകളും എഴുതിയ ഒ.വി. വിജയനെ മറന്നുകൊണ്ടല്ല ഇതെഴുതുന്നത്. നിരന്തരം സ്വയം ചോദ്യം ചോദിച്ചും മറ്റുള്ളവരെക്കൊണ്ടു ചോദിപ്പിച്ചും തന്റെ കൃതികളിലൂടെ ഉത്തരം കണ്ടെത്താൻ ശ്രമിച്ച ഒരു ഗുരു എക്കാലത്തും ഒ.വി. വിജയന്റെ ഉള്ളിലുണ്ടായിരുന്നു എന്നാണിവിടെ സൂചിപ്പിച്ചത്. ഇന്ദ്രിയങ്ങളിൽക്കൂടി മാത്രം മനുഷ്യന് ആർജ്ജിച്ചെടുക്കാവുന്ന വിജ്ഞാനത്തിന്റെ വിശാലമായ ലോകമുണ്ട്. എന്നാൽ, അതിനുമപ്പുറം മറ്റൊരു ജ്ഞാനമണ്ഡലം ഉണ്ടെന്നും അതു ബുദ്ധിയുടെയോ അധികാരത്തിന്റെയോ അഹംബോധത്തിന്റെയോ ബലത്തിനു വഴിപ്പെടുന്നതല്ലെന്നും 'ഖസാക്കിന്റെ ഇതിഹാസ'ത്തിൽ വിജയൻ ഭംഗിയായി സൂചിപ്പിക്കുന്നുണ്ട്. നഗരത്തിൽനിന്ന്, ഊട്ടിപോലെയൊരു സുഖവാസസ്ഥലത്തുനിന്ന്, അമേരിക്കയിലെ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയെന്ന കൊതിപ്പിക്കുന്ന സാധ്യതകളിൽനിന്ന് ആശ്രമത്തിലേക്കും കുഗ്രാമമായ ഖസാക്കിലേക്കും എത്തിച്ചേർന്നവനാണ് പ്രധാന കഥാപാത്രമായ രവി. നോവലിലെ പതിനൊന്നാം അധ്യായത്തിൽ ആഖ്യാനം ചെയ്യപ്പെടുന്ന ഒരു കഥയിലൂടെ നോവലിസ്റ്റ് പറയാൻ ശ്രമിക്കുന്നതും വിജ്ഞാനത്തിനപ്പുറമുള്ള സ്വച്ഛവും തൃപ്തവുമായ ജ്ഞാനമണ്ഡലത്തിൽ എത്തിച്ചേരാനുള്ള വഴികളെക്കുറിച്ചുതന്നെയാണ്.

"കുറച്ചുകാലംമുമ്പ് മണ്ണൂരിനടുത്ത് ഒരു കടച്ചിക്കൊല്ലന് കണ്ണു കാണാതായി. നിരക്ഷരനായ കടച്ചിക്കൊല്ലൻ വേദങ്ങളെക്കുറിച്ചും ശാസ്ത്രങ്ങളെക്കുറിച്ചും സംസാരിച്ചുതുടങ്ങി. ഒരു ചാണക്കല്ലിന്റെ ശബ്ദം ചെകിടോർത്തുകൊണ്ട് അയാൾ തിണ്ണയിലിരിക്കും. ആളുകൾ അയാളുടെ മുമ്പിൽ തൊഴുതുനിന്നു. 'ഞങ്ങൾക്കു വഴി കാണിച്ചു തരിക' അവർ പറഞ്ഞു. അവരുടെ കണ്ണുകൾ കളഞ്ഞിട്ട് തിരിച്ചുവരാൻ അയാളവരോടു പറഞ്ഞു..."



ഒ.വി. വിജയൻ

'ഖസാക്കിന്റെ ഇതിഹാസ'ത്തിൽ നാം കാണുന്ന രവിയുടെ അപഥസഞ്ചാരങ്ങൾക്കും ആസക്തികൾക്കും കുറ്റബോധത്തിനും സർവ്വോപരി ഭാഷകൊണ്ട് ഒ.വി. വിജയൻ സൃഷ്ടിച്ച മഹാദ്ഭുതത്തിനുമപ്പുറം വേദാന്തത്തോളമെത്തുന്ന ഒരു ദാർശനികതലമുണ്ട്. അതുകൊണ്ടാകാം 'ഖസാക്ക് ഒരു ഭക്തിസാഹിത്യമാണ്' എന്ന് നോവലിസ്റ്റുതന്നെ ഒരിക്കൽ പ്രഖ്യാപിച്ചത്.

'നമ്മള് ചാക്ണതോ എട്ടുകാലി ചാക്ണതോ ജാസ്തിവേദന ആവോപ്പാ' എന്ന് ആത്മജ്ഞാനത്തിന്റെ വേദനയിൽ കണ്ണുനിറയുന്ന കുഞ്ഞാമിന എന്ന കുട്ടിയിൽപോലും മേല്പറഞ്ഞ ജ്ഞാനമണ്ഡലത്തിന്റെ ആവിഷ്കാരമാണ് വിജയൻ നിർവ്വഹിക്കുന്നത്.

മനുഷ്യനെ അവന്റെ ദാരുണമായ എല്ലാ ജീവിതാവസ്ഥകളോടുംകൂടി നോക്കിക്കാണുന്ന, അധികാരത്തിന്റെയും രതിയുടെയും ഹിംസയുടെയും വഴികളിൽ മതിമറന്നു രമിക്കുന്ന മനുഷ്യരെ നോക്കി ഐറണിയും അനുകമ്പയും കലർന്ന ചിരിതൂകുന്ന ഗുരുവിന്റെ സാന്നിധ്യം ഒ.വി. വിജയനിലുണ്ടായിരുന്നു.

സ്വാതന്ത്ര്യാനന്തരഇന്ത്യൻ ജീവിതത്തിന്റെ വിവിധ തലങ്ങളെ നിശിതമായി വിമർശിക്കുന്ന രാഷ്ട്രീയലേഖനങ്ങളെഴുതിയപ്പോഴും 'ധർമ്മപുരാണ'വും 'പ്രവാചകന്റെ വഴികളുമുൾപ്പെടെയുള്ള നോവലുകളെഴുതിയപ്പോഴും അദ്ദേഹത്തിൽ മനുഷ്യാവസ്ഥയെക്കുറിച്ചുള്ള ആകുലതകളും ആശങ്കകളുമുണ്ടായിരുന്നു. പരിസ്ഥിതിയുടെ സൂക്ഷ്മതലങ്ങളെ പൗരാണികവും ആധുനികവുമായ തലങ്ങളോടു ബന്ധപ്പെടുത്തി 'മധുരംഗായതി' എന്ന നോവലെഴുതിയപ്പോൾ മനുഷ്യനെയും പ്രപഞ്ചത്തെയും കർമ്മപരമ്പരകളെയും ബന്ധങ്ങളെയും കൂട്ടിയിണക്കി ദാർശനികസമഗ്രതയിൽ വ്യാഖ്യാനിക്കുകയാണ് അദ്ദേഹം ചെയ്തത്.

നിലനിന്നിരുന്ന സാഹിത്യശൈലിയിൽ ആവിഷ്കരിക്കാവുന്ന സംവേദനമായിരുന്നില്ല ഒ.വി. വിജയനിൽ ഉണ്ടായിരുന്നത്. അതുകൊണ്ടാണ് മൃതിയുടെ മുലപ്പാൽ, ജന്മാന്തരങ്ങളുടെ ഇളംവെയിൽ, ഗർഭബീജങ്ങളെപ്പോലെ ഉയിർത്തു രൂപംകൊള്ളുന്ന കുറ്റിച്ചെടികൾ എന്നിങ്ങനെ നമുക്കു പരിചിതമല്ലാതിരുന്ന ഭാഷാപ്രയോഗത്തിലൂടെ ഭാഷയ്ക്കുള്ളിൽ മറ്റൊരു ഭാഷയെ സൃഷ്ടിക്കാൻ അദ്ദേഹത്തിനു സാധിച്ചത്.

കടൽത്തീരത്ത് എന്ന കഥയിലെ വെള്ളായിയപ്പനെപ്പോലെയൊരു കഥാപാത്രത്തിനു ജന്മം കൊടുക്കാൻ അദ്ദേഹത്തിനു സാധിച്ചതും സംവേദനത്തിൽ സ്വീകരിച്ച ഈ നൂതനത്വം കൊണ്ടാണ്. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട മകനെ കാണാൻ വെള്ളായിയപ്പൻ പാഴുതറയിൽനിന്നു കണ്ണൂരിലേക്കു പുറപ്പെടുമ്പോൾ ഒരു ഗ്രാമത്തിന്റെ ദുഃഖമത്രയും നെഞ്ചിലേറ്റിയതിന്റെ ഭാരം കഥാകൃത്ത് അയാളിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. വഴിയിൽ കണ്ടുമുട്ടുന്ന ഗ്രാമീണരിൽ ചിലർ 'വെള്ളായിയേ' എന്നു വിളിക്കുക മാത്രമാണു ചെയ്യുന്നത്. 'മരയ്ക്കാറേ' എന്നും 'നീലിയേ' എന്നുമുള്ള മറുവിളി മാത്രമാണ് അയാൾക്കു തിരിച്ചുനല്കാനുള്ളത്. ആ ഗ്രാമത്തിനു മുഴുവൻ വെള്ളായിയപ്പനോടുള്ള തീവ്രമായ ആത്മബന്ധത്തിന്റെയും കടപ്പാടിന്റെയും സൂചനകളെ ഭാഷയുടെ സൂക്ഷ്മതലങ്ങൾ ഉപയോഗിച്ച് കഥാകൃത്ത് ആവിഷ്കരിക്കുന്നു. അമ്പലത്തിലെ നടതുറക്കാൻ കാത്തിരിക്കുന്നതുപോലെ വെള്ളായിയപ്പൻ ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ കാത്തിരിക്കുന്നതും ഒരു പേറ്റിച്ചിയെപ്പോലെ മകന്റെ മൃതദേഹത്തെ ഏറ്റുവാങ്ങുന്നതും തലേന്ന് കോടച്ചി പൊതിഞ്ഞു തന്ന പൊതിച്ചോറ് കടൽത്തീരത്തേക്കു വലിച്ചെറിയുന്നതും ബലിക്കാക്കൾ അതു കൊത്തിത്തിന്നുന്നതു നോക്കി മറ്റൊരു കടലായി അയാൾ നില്ക്കുന്നതും മലയാളം മുൻപൊരിക്കലും കണ്ടിട്ടില്ലാത്ത ഭാവതീവ്രമായ ആഖ്യാനത്തിന്റെ ദൃഷ്ടാന്തങ്ങളാണ്.

ഇന്ദ്രപ്രസ്ഥം, ഇത്തിരിനേരമ്പോക്ക് ഇത്തിരി ദർശനം തുടങ്ങിയ പംക്തികളിലൂടെയും ശങ്കേഴ്സ് വീക്കിലി, ദ പേട്രിയറ്റ് പത്രം, മാതൃഭൂമി, കലാകൗമുദി, ഹിന്ദു, പൊളിറ്റിക്കൽ അറ്റ്ലസ് തുടങ്ങിയവയിൽ വരച്ച കാർട്ടൂണുകളിലൂടെയും ഒ.വി. വിജയനിലെ രാഷ്ട്രീയവിമർശകനെയും നിരീക്ഷകനെയും സമൂഹം തിരിച്ചറിഞ്ഞു.

കേന്ദ്രസാഹിത്യഅക്കാദമി അവാർഡും കേരളസാഹിത്യഅക്കാദമി അവാർഡും വയലാർ അവാർഡും എഴുത്തച്ഛൻ പുരസ്കാരവും നേടിയ അദ്ദേഹത്തെ 2003 ൽ പത്മഭൂഷൺ നല്കി രാജ്യം ആദരിച്ചു. 2005 മാർച്ച് മുപ്പതിന് അദ്ദേഹം അന്തരിച്ചു.

'മറുകുകൾ' എന്ന കഥയിൽ ഒ.വി. വിജയൻ ഇങ്ങനെയെഴുതി: "എന്റെ ജീവിതമവസാനിക്കുമ്പോൾ എനിക്കു കുറ്റബോധം തോന്നുന്നു. മനുഷ്യവർഗ്ഗത്തെ അതിന്റെ ദുശ്ശീലങ്ങളിൽ വിട്ടേച്ചുപോകുന്നതോർത്ത്." ജീവിതത്തിന്റെ സമസ്തപൊരുളും അറിഞ്ഞനുഭവിച്ച ഒരു എഴുത്തുകാരനു മാത്രം പറയാൻ കഴിയുന്ന വാക്കുകൾ. അതുകൊണ്ടാകാം കെ.പി. അപ്പൻ 'നിരാനന്ദത്തിന്റെ ചിരി' എന്ന് ഒ.വി. വിജയന്റെ ആഖ്യാനസൗന്ദര്യത്തെ വിശേഷിപ്പിച്ചതും.

ഓർമ്മകൾക്കു മുമ്പിൽ പ്രണാമം.

□

Deepanalam Weekly
RNI No : 16998/68
Vol. 53 No. 11 Date of Publication 9 July 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment

## മാർ സ്ലീവാ മെഡിസിറ്റി പാലായിൽ ഹോമിയോപ്പതി ചികിത്സ



### പ്രത്യേകം ചികിത്സിക്കുന്ന രോഗങ്ങൾ

- ജീവിതശൈലി രോഗങ്ങൾ.
- വിട്ടു മാറാത്ത ജലദോഷം, ചുമ, അലർജി ജന്യമായ അസുഖങ്ങൾ മുതലായവ.
- മാനസിക രോഗങ്ങൾ.
- കുട്ടികളിൽ കണ്ടുവരുന്ന മനോരോഗങ്ങൾ, പഠന വൈകല്യങ്ങൾ, ശ്രദ്ധക്കുറവ്, സ്വഭാവ ദൂഷ്യങ്ങൾ, കുറ്റവാസന മുതലായവ.
- സോറിയാസിസ്, എക്സിമ മുതലായ ത്വക്ക് രോഗങ്ങൾ. വാർദ്ധക്യ സഹജമായ അസുഖങ്ങൾ.




**ചികിത്സിക്കുന്ന ഡോക്ടർമാർ**

Dr. K.R Janardhanan Nair ( BHMS, MD(Hom), MHA)
Senior Consultant
Dr. E.S Rajendran (BMHS, MD(Hom), Ph.D.)
Senior Consultant

## മാർ സ്ലീവാ മെഡിസിറ്റി പാലായിൽ ആയുർവേദ ചികിത്സ



### വിവിധ തരം ആയുർവേദ ചികിത്സകൾ

- പഞ്ചകർമ്മ ചികിത്സ സൗകര്യങ്ങൾ, സുഖചികിത്സ, മർമ്മ ചികിത്സ, സ്ത്രീരോഗ ചികിത്സ അസ്ഥിസന്ധിഗത രോഗചികിത്സകൾ, നട്ടെല്ല് രോഗചികിത്സ.
- സെർവൈയ്ക്കൽ സ്പോണ്ടൈലോസിസ്, ലംബാർ സ്പോണ്ടൈലോസിസ്, ത്വക്ക് രോഗചികിത്സ, മുഖക്കുരു, കരിമംഗല്യം, മുതലായ സൗന്ദര്യ ചികിത്സ, ബാലരോഗ ചികിത്സ, വിവിധ വാത രോഗങ്ങൾക്കുള്ള ചികിത്സ, മൊബിലിറ്റി റെസ്റ്റോറേഷൻ ട്രീറ്റ്മെന്റ് മുതലായവ.
- അഭ്യംഗം, സ്റ്റീം ബാത്ത്, പൊടിക്കിഴി, ഇലക്കിഴി, ധാര, പിഴിച്ചിൽ, നവരക്കിഴി, നസ്യം, ശിരോധാര തലപൊതിച്ചിൽ, ധാന്യക്കിഴി മുതലായവ.
- സൗകര്യപ്രദമായ എ.സി, നോൺ എ.സി റൂമുകൾ, ശാന്തസുന്ദരമായ അന്തരീക്ഷം, പോഷക സമ്പുഷ്ടമായ ആഹാരം ലഭിക്കുന്ന കാന്റീൻ, റൂം സർവിസുകൾ, വിദഗ്ധ ഡോക്ടർമാർ, പരിചയ സമ്പത്തുള്ള ഗവ. സെർട്ടിഫൈഡ് തെറാപ്പിസ്റ്റുകൾ.

7 ദിവസത്തെ കർക്കിടകമാസ ആരോഗ്യ പരിചരണ പാക്കേജ് ജൂലൈ 10 മുതൽ ആരംഭിക്കുന്നു.
ബുക്കിങ്ങിനും അന്വേഷണങ്ങൾക്കും : +91 9188525954

**ചികിത്സിക്കുന്ന ഡോക്ടർമാർ**

Dr. S. Jayakumar
Senior Consultant
Dr. Pooja T Amal
Consultant

Cherpunkal, Pala
686 584, Kottayam Dt., Kerala
Ph: 04822 269 500 / 700

MAR SLEEVA™ medicity palai
A Temple of Health

www.marsleevamedicity.com
Connect with us

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം: **മൂഴയിൽ ബാങ്കേഴ്സ്**
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# പാലാ സെന്റ് തോമസ് ബുക്സ്റ്റാളിൽ പുസ്തകങ്ങളുടെ അതിവിപുലശേഖരം

സോഫിയ ബുക്സ്
മെരിറ്റ് ബുക്സ്
വിമല ബുക്സ്
കാർമ്മൽ ബുക്സ്
ബുക് മീഡിയ
വിൻകോ ബുക്സ്

ഡി.സി. ബുക്സ്
മാതൃഭൂമി ബുക്സ്
ജീവൻ ബുക്സ്
എ.റ്റി.സി. ബുക്സ്
തിയോ ബുക്സ്

ഫോൺ: 04822 – 215321

MARIAN COLLEGE KUTTIKKANAM (AUTONOMOUS)
MAKING COMPLETE

**New Programme from 2020-21 Academic Year**
**B Sc. Physics**
Areas of specialization:
Flexible Electronics,
Nano Technology







**SPECIAL FEATURES**
- New generation programme with high industry orientation
- Model III syllabus with extra weightage on core Physics
- Possibility for high end research in emerging areas
- Research and industry collaborators
- Discussion with Toyo University Japan, for academic tie up



**AFTER COMPLETING THE DEGREE**
- Pursue higher education and research
- Be an entrepreneur/ innovator
- Get placed in industry



**INDUSTRY TODAY**
- Compound Annual Growth Rate of 11 %
- Major players in this segment are Samsung, LG, SONY, Apple, GE, HP, IBM etc
- Applications in Display, Battery, Sensor, Photovoltaic, Memory, Healthcare, Automotive, Energy and Power etc



Apply online: www.mariancollege.org
For more details: 9447964990